REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

22nd: Makarom 1110

4th February 1935



VOL. VII.

മിസ്സ് സുബൈദാ: 'നന്ദ–കി–ലാലാ' എന്ന കഥയിൽ.

NO. 22

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആരണ്യകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയൻറ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരിക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കററുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയൻറ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയൻറ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജുഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൩ | ൧൧൧൦ മകരം ൨൨-ാംനു- തിങ്കളാഴ്ച. | ലക്കം ൨൨.

ബങ്കാളിലെ ഒരു പ്രശസ്ത സിനിമാ താരമായ 'മിസ്സ്' കാനനബാലാ'.



രാധാ ഫിലിം വക്യ'മനോമയി സ്ത്രീവിദ്യാലയം' എന്ന കഥയിലെ 'നീഹാരികയായി' അഭിനയം നടത്തിയിരിക്കുന്നു

# ഡാക്ടർ മാസറീക്ക്.

(ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. ഏ.)

കാഴിഞ്ഞ മേയ്മാസം ഇരുപത്തിനാലാംതീയതി സെക്കോസ്ലൊവോക്കിയാ റിപ്പബ്ളിക്കിന്റെ തലസ്ഥാനനഗരിയിൽ ഇതുവരെ ചരിത്രത്തിനു രേഖപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത വിസ്മയാവഹമായ ഒരു സംഭവം നടന്നു. ആ റിപ്പബ്ളിക്കിന്റെ ഭരണസമിതി സ്ഥാപിച്ചദിവസംമുതൽ അതിന്റെ നട്ടനായകമായി വിളങ്ങിയിരുന്ന ഡാക്ടർ മാസറീക്കിനെ അദ്ദേഹത്തിന്റെ 85-ാമത്തെവയസ്സിൽ മൂന്നാമത്തെപ്രാവശ്യം ആ ഭരണസമിതിയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തവിവരം പുളകോൽഗമത്തോടെയാണു് ജനങ്ങൾ സ്വാഗതംചെയ്തതു്. ആ വാർത്താശ്രവണത്തിൽ ആനന്ദപുളകിതമാകാത്ത ഒരു ഹൃദയംപോലും അവിടെയില്ലായിരുന്നു. ആ റിപ്പബ്ളിക്കിന്റെ ഭരണഘടനമൂലം മാസറീക്കിനെ അല്ലാതെ മററാരേയും മൂന്നാമത്തെതവണ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കുവാൻ പാടില്ല. പക്ഷെ അദ്ദേഹത്തിനു ജീവാവസാനംവരെ ആ ബഹുമതിക്കു് അർഹതയുണ്ടുതാനും.

മാസറിക്കിനെസംബന്ധിച്ചിടത്തോളം ഈ അസാധാരണബഹുമതിയും പ്രത്യേകവ്യവസ്ഥയും ആ ഭരണസമിതിക്കും പ്രജാസഞ്ചയത്തിന്നും അദ്ദേഹത്തോടുള്ള ആദരവിന്റെയും കൃതജ്ഞതയുടേയും അടയാളമാണു്. സെക്കു് സർവ്വകലാശാലയുടെകീഴിൽ വെറും ഒരു ഉപാദ്ധ്യായനായി പ്രേഗിൽ എത്തിയദിനംമുതൽ 1914-ൽ സമാരംഭിക്കപ്പെട്ട മഹായുദ്ധംവരെ അദ്ദേഹം ആ ചെറിയ രാഷ്ട്രത്തിന്റെ ആദർശവും നേതാവുംആയിരുന്നു. പക്ഷേ അന്നുംആവശ്യാനുസരണം സ്വരാഷ്ട്രീയഘടനയെ കർക്കശമായി വിമർശിക്കാൻ അദ്ദേഹംമടിച്ചിട്ടില്ല. തന്റെ രാഷ്ട്രം കായികമായും മാനസികമായും നല്ലനിലയിലെത്തണമെന്നു അദ്ദേഹം ആഗ്രഹിച്ചു. നീതിക്കനുസരിച്ചു്സ്വാതന്ത്ര്യശക്തിയും വിനിമയശീലവുംഉള്ള ഒരു ജനതതിആണു് തന്റെ രാഷ്ട്രത്തിനുആവശ്യമെന്നു് അദ്ദേഹം മനസ്സിലാക്കി. ജനങ്ങൾക്കു ഭരണംനടത്തുവാൻ വേണ്ടപ്രാപ്തിയുണ്ടായതിനുമേൽ സ്വയംഭരണംലഭിച്ചാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. തൊഴിലാളികളും മുതലാളികളും സ്വാതന്ത്ര്യത്തോടെ സ്വച്ഛന്ദവിഹാരംചെയ്യാൻ പര്യാപ്തമായ ഒരു രാഷ്ട്രം സൃഷ്ടിക്കണമെന്നു് മാസറീക്കു് നിശ്ചയിച്ചു. ദരിദ്രരായ മാതാപിതാക്കന്മാരിൽനിന്നും ജനിച്ചു് തന്നിൽ ആന്തരമായി നിലീനമായിരുന്ന ശക്തിയാലും പരിശ്രമശീലത്താലുംഉയർന്നുവന്നു് ആദ്യം സർവ്വകലാശാലാപ്രഫസറും പിന്നീടു് പാർലിയമെന്റു് അംഗവും ആയിത്തീർന്ന ആ രാഷ്ട്രീയനേതാവു് എന്നും ആത്മാർത്ഥതനിറഞ്ഞ ഒരു സ്വാതന്ത്ര്യസ്നേഹിയും ദേശാഭിമാനിയും ആയിരുന്നു. "പ്രജകളുടെ നന്മയ്ക്കുവേണ്ടി പ്രജകളാൽനടത്തപ്പെടുന്ന" 'ലിംഗൺ'ന്റെ ജനകീയഭരണംതന്നെയായിരുന്നു മാസറിക്കിന്റെ ആദർശം. പലപല മഹാന്മാരേയും മഹാരഥന്മാരേയുംസൃഷ്ടിച്ചിട്ടുള്ള തന്റെ രാഷ്ട്രത്തിന്നു വേണ്ടത്ര സംസ്കാരവും ശക്തിയുംലഭിക്കുകയാണെങ്കിൽ ഈ ആദർശപ്രാപ്തി ക്ഷിപ്രസാദ്ധ്യമാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു.

ആ രാഷ്ട്രത്തിലെ പ്രജാസഞ്ചയം മാസറിക്കിന്റെ അഭിപ്രായങ്ങളുടെ പ്രായോഗികരഹസ്യം ഗ്രഹിക്കുകയും ലോകമഹായുദ്ധത്തിന്നുമുമ്പുള്ള കുറെ ദശവിംശതികളിലായി നാനാവിധത്തിലും ആകസ്മികമായ പുരോഗതി പ്രാപിക്കുകയും ചെയ്തു. അങ്ങിനെ അവർ ഹാപ്സ്ബർഗ്ഗിലെ സ്വേച്ഛാപ്രഭുത്വഭരണത്തെ അടിച്ചമർത്തുവാനുള്ള സന്ദർഭത്തെ കാത്തുകൊണ്ടിരുന്നു. ആസ്ത്രിയ, ഹംഗറി, ജർമ്മനിതുടങ്ങിയ പ്രബലരാഷ്ട്രങ്ങളുടെ സ്വേച്ഛാപ്രഭുത്വത്തിന്നുംസ്വാർത്ഥലാഭത്തിന്നുംവേണ്ടിമാത്രം വെറും അടിമകളെപ്പോലെയുള്ള ജീവിതം അവർക്കു അസഹ്യമായി തോന്നിത്തുടങ്ങി. സ്വാതന്ത്ര്യപ്രഖ്യാപനത്തിന്നു സമുചിതമായ സന്ദർഭത്തെ ഓരോനിമിഷവും അവർ പ്രതീക്ഷിച്ചുപോന്നു.

തന്മൂലം ലോകമഹായുദ്ധത്തിൽ ആസ്ത്രിയയും, ഹംഗറിയും പ്രാബല്യസ്ഥാപനത്തിന്നായി 'സെർവിയ' ആക്രമിച്ചപ്പോൾ സെക്കൊസ്ലോവാക്കിയായിലെ ജനങ്ങൾ സ്വാതന്ത്ര്യസ്ഥാപനത്തിന്നു സന്നാഹംകൂട്ടിയതിൽ ആശ്ചര്യത്തിനു വകയില്ലല്ലോ. ഈ സന്ദർഭത്തിലും നേതാവിന്റെ സ്ഥാനത്തു മാസറിക്കുതന്നെയാണു് രംഗപ്രവേശം ചെയ്തതു്. 1914 ഡിസംബറിൽ അദ്ദേഹം അമേരിക്കയിലും മററും ശത്രുക്കൾക്കു എതിരായവിപ്ളവത്തിന്നു പ്രചരണവേല ചെയ്യാനും ഒരു സംഘടന ഉണ്ടാക്കുവാനും ആയി പ്രേഗ്‌വിട്ടു. തന്റെ ഉദ്ദേശസാദ്ധ്യത്തിൽ അദ്ദേഹത്തിനു വിജയംസിദ്ധിച്ചു എന്നുള്ളതിനു ചരിത്രം ലക്ഷ്യംവഹിക്കുന്നുണ്ടല്ലോ.

1918-ൽ സ്വതന്ത്രമായ സ്വദേശത്തു തിരിച്ചെത്തിയപ്പോൾ മാസറിക്കിനെ ജനതതി സ്വീകരിച്ചതു് വലിയ സ്നേഹബഹുമാനത്തോടും അത്യാഹ്ളാദത്തോടുംകൂടി ആയിരുന്നു. അവർ അദ്ദേഹത്തെ സ്വതന്ത്രമായ പ്രഥമഭരണസമിതിയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു് ബഹുമാനസൂചകമായി 'സ്വാതന്ത്ര്യസ്ഥാപകൻ' എന്നു സംബോധനചെയ്തു. അന്നുമുതൽ ആ നാട്ടിലെ ജനങ്ങളുടെ ഹൃദയത്തിൽ അദ്ദേഹത്തിനു സ്ഥിരപ്രതിഷ്ഠലഭിച്ചു.

ഒരു പണ്ഡിതകേസരി, തത്വജ്ഞാനി, സ്വാതന്ത്ര്യഭരണതന്ത്രജ്ഞൻ, നയവിദഗ്ദ്ധൻ എന്നീനിലയ്ക്കു് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം സ്വരാഷ്ട്രത്തിന്റെ സീമയെ അതിലംഘിച്ചു് വിശ്വപ്രസിദ്ധിനേടിയിട്ടുണ്ടു്. 1930-ൽ തന്റെ 80-ാമത്തെവയസ്സിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പത്രങ്ങൾ ഈ മഹാനുഭാവന്റെ അപദാനങ്ങളെ സശിരഃകമ്പം പുകഴ്ത്തി, അദ്ദേഹത്തിന്നു ദീർഘായുസ്സിന്നായി പ്രാർത്ഥിച്ചു. ഈ സന്ദർഭത്തിൽ മാസറിക്കിന്റെ വിശ്വപ്രസിദ്ധി പ്രകാശമാനമായിട്ടുണ്ടു്. ലോകത്തിന്റെ സാംസ്കാരികവും സാന്മാർഗ്ഗികവും ആയ പുരോഗതിക്കും സമാധാനസ്ഥാപനത്തിന്നുംആയി മാസറിക്കിന്റെ ആശയാദർശങ്ങൾ ലോകം മുഴുവൻ സ്വീകരിക്കുന്ന ആ സുവർണ്ണകാലത്തെക്കുറിച്ചും അന്നു് പത്രങ്ങൾ പ്രത്യാശ പ്രദർശിപ്പിക്കയുണ്ടായി.

ഇന്നു്—യൂറോപ്പിൽ ഫാസിസം, ഹിററ്ലറിസം തുടങ്ങിയ സർവ്വാധിപത്യങ്ങൾക്കും, ദിനംപ്രതി ഉയർന്നും തകർന്നും കൊണ്ടിരിക്കുന്ന സൈനികഭരണങ്ങൾക്കും മദ്ധ്യേ കിടക്കുന്ന ജനകീയഭരണത്തിന്റെ വിളനിലമായ ഈ ചെറിയ'ദ്വീപി'ൽ ആ വയോവൃദ്ധനായ മാസറിക്കിനെ ഉത്തരവാദിത്വം നിറഞ്ഞതും വൈഷമ്യമേറിയതും ആയ ഭരണസമിതി അദ്ധ്യക്ഷപദത്തിലേയ്ക്കു് മൂന്നാമതും തിരഞ്ഞെടുത്തിരിക്കുന്നുവത്രെ! ആർക്കാണു് അതു വിസ്മയാവഹമായിതോന്നാത്തതു്? ആ സ്വതന്ത്രരാഷ്ട്രം ഇന്നു് വ്യക്തിക്കും രാഷ്ട്രത്തിന്നും പരസ്പരം ഐക്യതയും ബഹുമാനവും വളർത്തുന്നു. ജനസഞ്ചയത്തിന്റെ മൌലികാവകാശങ്ങളെ സംരക്ഷിക്കുന്നു.

85 വയസ്സായ മാസറിക്കു് ഇന്നു കായികമായും മാനസികമായും ഊർജ്ജസ്വലനായി കാണപ്പെടുന്നു. സാമുദായികമോ, രാഷ്ട്രീയമോആയ അഭിപ്രായങ്ങളെ ഗണ്യമാക്കാതെ ഇന്നു അദ്ദേഹത്തെ ആ രാഷ്ട്രത്തിലെ ആബാലവൃദ്ധം ജനങ്ങൾ സ്നേഹിക്കയുംബഹുമാനിക്കയുംചെയ്യുന്നു. തന്റെ ഭാവിജീവിതത്തിലും മാസറിക്കു് ഒരു യഥാർത്ഥ പ്രജാപ്രതിനിധി ആയിരിക്കുമെന്നു വിശ്വസിക്കാൻതക്ക ന്യായങ്ങളുണ്ടു്. തന്നെ നേതൃത്വപദത്തിലേക്കുയർത്തിയ ആശയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഇന്നും എന്നും അദ്ദേഹം ഉൽസുകനായിരിക്കുമെന്നും നിസ്സംശയം പറയാം. അദ്ദേഹത്തിന്റെ മഹനീയമായ ആദർശത്തെ വീണ്ടും വീണ്ടും സ്മരിക്കേണ്ട സന്ദർഭമാണിതു്.

'ലോകമഹായുദ്ധത്തിന്റെ സ്മരണകൾ' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ മാസറീക്കു പറയുകയാണു്: "ചരിത്രത്തിന്റേയും ജനകീയഭരണത്തിന്റേയും ആദർശം സീസറല്ല ക്രൈസ്റ്റാണു്. സ്നേഹമാണു്, വർഗ്ഗീയവൈരമല്ലാ, ചരിത്രത്തിന്റെ ലക്ഷ്യം. സമാധാനത്തേയും യുക്തിയേയും അടിസ്ഥാനമാക്കിയുള്ള ഒരു കരാറാണു സൽഭരണം. രാഷ്ട്രത്തിന്റെ മനോഭാവം അക്രമത്തിൽ ലയിക്കരുതു്. സ്നേഹം, ബഹുമാനം, സഹകരണം തുടങ്ങിയ അടിസ്ഥാനങ്ങളിന്മേലായിരിക്കണം രാഷ്ട്രങ്ങൾ തമ്മിൽ സംഘടിപ്പിക്കപ്പെടേണ്ടതു്. അത്തരമുള്ള സംഘടനകൊണ്ടുമാത്രമേ ലോകത്തിനു

# *കലകളുടെ ഉത്ഭവം.

(കെ. പി കേശവൻ, കാപ്പിൽ.)

വിജ്ഞാനം രണ്ടു വമ്പിച്ച ഭണ്ഡാരങ്ങളിൽ കിടക്കുന്നു; ഒന്നു കല, മറേറതു ശാസ്ത്രം. കല, പ്രാകൃതവികാരങ്ങളിൽനിന്നു ജനിച്ചതാണെങ്കിൽ ശാസ്ത്രം പ്രൗഢമായ ഗവേഷണബുദ്ധിയുടെ ഫലമാകുന്നു. കലാവാസന ലോകത്തിൽ സാർവ്വത്രികമാണു്. ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ നാഗരീകൻമുതൽ വനചരൻവരെ കലാപരിചിതമാണു് മനുഷ്യസമുദായം എന്നു കാണാം. എന്നാൽ ഈ കലകളുടെ ആവിർഭാവം എങ്ങിനെഎന്നും അവയുടെ ആദിരൂപം എന്തായിരുന്നു എന്നും ചിന്തിച്ചിട്ടുള്ളവർ ചുരുക്കം.

മനുഷ്യസ്വഭാവം പലരൂപങ്ങളിൽപ്രത്യക്ഷപ്പെട്ടതാണു് കലകൾ. ആവശ്യങ്ങൾക്കും, ഉദ്ദേശ്യങ്ങൾക്കും വിധേയമായിട്ടാണു് കലാപ്രചോദനം ആദിമനുഷ്യനിൽ ജനിച്ചതു്. കർഷകവൃത്തിയുടെ ആവിർഭാവത്തിനുമുമ്പു മനുഷ്യൻ കേവലം നഗ്നനായി, വേട്ടയാടിയായി, മാംസഭുക്കായിക്കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നു. അക്കാലത്തുതന്നെ കലകളും ഉത്ഭവിച്ചിട്ടുണ്ടെന്നു Professor Grosse സയുക്തികം വാദിക്കുന്നു. അപരിഷ്കൃതമനുഷ്യരുടെ ആചാരങ്ങളും ജീവിതോപകരണങ്ങളും സമുദായശാസ്ത്രദൃഷ്ട്യാമാത്രമല്ല, കലാപരമായിക്കൂടിപരിശോധിച്ചാൽ അവ കലകളുടെ പല മൗലികതത്വങ്ങളേയും വെളിപ്പെടുത്തുന്നതായിക്കാണാമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. ഗവേഷണവിദഗ്ദ്ധന്മാരുടെ ശ്രമങ്ങൾ ഈ വിഷയത്തിൽ ഗണ്യമായ സേവനംചെയ്തിട്ടുണ്ടെന്നു സമ്മതിച്ചേകഴിയു ഭൂഗർഭത്തിൽനിന്നും, അല്ലാതേയും ശേഖരിച്ചിട്ടുള്ള അനേകം അവശിഷ്ടങ്ങൾ കലകളുടെ ആദിരൂപത്തെപ്പററിയുള്ള പല അനുമാനങ്ങൾക്കും നമ്മെ പ്രാപ്തരാക്കുന്നുണ്ടു്. അനവധിവർഷങ്ങൾക്കുമുമ്പു് വനചരന്മാർ അധിവസിച്ചിരുന്ന പശ്ചിമഫ്രാൻസിലെ ഗുഹകളിൽനിന്നും കണ്ടെടുത്തിട്ടുള്ളകാട്ടുമൃഗങ്ങളുടെ പല്ലുകൾ, അവയിൽ കൃത്രിമമായി നിർമ്മിച്ചുകാണുന്ന സുഷിരങ്ങൾകൊണ്ടു് പുരാതനമനുഷ്യന്റെ ആഭരണങ്ങളായിരിക്കണം എന്നു ഊഹിക്കപ്പെട്ടിരിക്കുന്നു നായാട്ടിൽകൊന്ന വന്യമൃഗങ്ങളുടെ ദന്തങ്ങൾപറിച്ചു മാലകോർത്തണിഞ്ഞതു അലങ്കാരഭ്രമമാണെന്നു ധരിച്ചുപോകരുതു്; അതൊരു വിജയമുദ്രമാത്രമായിരിക്കാനെ തരമുള്ളു. ഈ ഊഹം ശരിയാണെങ്കിൽ Robert Spencer തന്റെ Principles of Sociology എന്ന ഗ്രന്ഥത്തിൽ ആഭരണത്തിന്റെ ഉല്പത്തി വിജയമുദ്രകളുടെധാരണത്തിൽനിന്നാണെന്നു പറയുന്ന അഭിലാഷത്തിനു അതു ഉപോൽബലകവുമാണു്. ശരീരാലങ്കാരസമ്പ്രദായങ്ങൾ അപരിഷ്കൃതവർഗ്ഗങ്ങളുടെ ഇടയിൽ അസാധാരണവും, അത്ഭുതകരവുമായ രീതിയിൽ പ്രചരിച്ചിട്ടുണ്ടു്. "കരചരണങ്ങളിലെ തൊങ്ങലുകൾ, പച്ചകുത്തു്, മുടിയൊരുക്കു തുടങ്ങി ശ്രമാവഹവും, ആർഭാടപൂർവ്വവുമായ അലങ്കാരരീതികൾപോലെ സ്ഥിരപ്രതിഷ്ഠലഭിച്ച മറെറാരുശീലവും വനവർഗ്ഗത്തിന്റെ ഇടയിൽ കാണാൻ സാധിക്കുന്നതല്ല" എന്നു ഒരു മനുഷ്യവർഗ്ഗവിജ്ഞാനി അഭിപ്രായപ്പെട്ടിട്ടുള്ളതു് ആഫ്രിക്കൻനീഗ്രോകളേയും ആസ്ത്രേലിയൻകാട്ടുജാതിക്കാരെയും പരിചയമുള്ള ആരും യഥാർത്ഥമെന്നു സമ്മതിക്കുന്നതാണു്.

സ്വന്തശരീരംപോലെതന്നെ സ്നേഹിച്ചിരുന്ന ആയുധങ്ങളേയും ആദിമമനുഷ്യൻഅലങ്കരിച്ചിരുന്നു ഇന്നും ആ പതിവു കാട്ടുജാതിക്കാരുടെ ഇടയിൽ നിലനില്ക്കുന്നുണ്ടു്. വസ്തുസ്വഭാവത്തിൽ ഇതു ദേഹാലങ്കാരത്തിനുംമുമ്പു ഉത്ഭവിച്ചതായിരിക്കണമെന്നൂഹിക്കേണ്ടിയിരിക്കുന്നു എന്തെന്നാൽ ആയുധസൃഷ്ടിതന്നെ ഒരു നിർമ്മാണകലയാണല്ലൊ. അതിൽ അലങ്കാരപ്പണി, സാങ്കേതികമായിനോക്കിയാൽ, ഒരു നവീനതയല്ല. ഗുഹാവാസികളുടെ ഇടയിൽ ഈ അലങ്കാരവിഭാഗത്തിനു ദേഹാഡംബരങ്ങളെക്കാൾ കൂടുതൽ അഭിവൃദ്ധി സിദ്ധിച്ചിരുന്നു എന്ന വസ്തുതയും മേൽക്കാണിച്ച ഊഹത്തെ ബലപ്പെടുത്തുന്നുണ്ടു്.

ആധുനികകാലത്തെസ്ഥിതി പരിശോധിച്ചാൽ നൃത്തം വന്യവർഗ്ഗങ്ങളുടെ അതിപ്രിയകരമായ ഒരു വിനോദമാണെന്നു കാണാം. "നൃത്തവിദ്യയുടെ അവിച്ഛിന്നവും, അസാധാരണവുമായ പ്രയോഗംപോലെയും, അതിന്റെ സാർവ്വത്രികതപോലെയും പൂർവ്വമനുഷ്യന്റെ പ്രായോഗികജീവിതത്തിൽ അത്ര ദൃഢമായി വേരുറച്ച മറെറാരാചാരം ഉണ്ടോ എന്നു സംശയിക്കുന്നു" എന്നാണു് Bücher പ്രസ്താവിക്കുന്നതു്. ഇക്കൂട്ടത്തിൽ ഏററവും വിപുലവും, ആയാസകരവുമായ രീതിയിൽ ഇന്നും നിലനിന്നുപോരുന്ന ഒരു മാതൃകയാകുന്നു ആസ്ത്രേലിയൻനാട്ടുകാരുടെ Corroborri എന്നനൃത്തവിശേഷം. മോടിയും മാതിരിയും കണ്ടാൽ അതു ഒരു പരിഷ്കൃതജനസമുദായത്തിന്റെ വിനോദമാണെന്നേ തോന്നുകയുള്ളു. എന്നാൽ അതിന്റെ വനചരത്വംകുറിക്കുന്ന ചിലസ്വഭാവങ്ങൾ ഇന്നും മാഞ്ഞുപോയിട്ടില്ല നൃത്തംതുടങ്ങിയാൽ അവസാനിക്കുന്നതു് നർത്തകൻ ക്ഷീണിച്ചു നിലംപതിക്കുമ്പോൾമാത്രമാണു്. കേവലം ശാരീരികായാസപ്രകടനം പൂർവ്വകാലത്തെ മനുഷ്യവർഗ്ഗത്തിനു അത്ര രസകരമായിരുന്നു. നൃത്തനകലയുടെ ആദിമഘട്ടമാണു് അതു സൂചിപ്പിക്കുന്നതു്. ആട്ടത്തിന്റെ അവിഭാജ്യഘടകമായ പാട്ടു്, ശബ്ദോല്പാദനാവയവങ്ങൾക്കു വ്യായാമംകൊടുക്കുന്നവിധത്തിൽ, ഒരട്ടഹാസത്തിലൊ "ഹാ"യിലൊ "ഹീ"യിലൊന്നിന്നു ഉത്ഭവിച്ചതാണെന്നും ഇന്നത്തെ കാട്ടുജാതികളുടെ പാട്ടുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ ബോധപ്പെടുന്നതാണു്. അതിനാൽ "യുവാവായ നായാടി തന്റെ സന്തതസഹചാരിയായ വേട്ടനായുമായി പ്രഭാതവേളയിൽ വിനോദാർത്ഥം ശീലിച്ചുപോന്നഓട്ടവും, വഴിയിൽ അന്യോന്യം വിവരങ്ങൾ ഗ്രഹിപ്പിക്കുന്നതിനു പുറപ്പെടുവിച്ച ആർപ്പുവിളിയും കൂക്കുരശബ്ദവുമാണു് നൃത്തവിദ്യയ്ക്കും സംഗീതവിദ്യയ്ക്കും ബീജാവാപംചെയ്തിട്ടുള്ളതെ"ന്നു Baldwin Brown അദ്ദേഹത്തിന്റെ Fine arts എന്ന കൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

ചിത്രമെഴുത്തും, കൊത്തുപണിയും ആദികലകളുടെകൂട്ടത്തിൽ ഉത്ഭവിച്ചവയാണെന്നു വിചാരിക്കാൻ വഴികാണുന്നില്ല. എന്തെന്നാൽ ഇവ ലഘുസാദ്ധ്യങ്ങളല്ല. കലാകൃത്തു മാതൃകയായി സ്വീകരിക്കുന്ന വസ്തുവിൽ അവന്റെ മുഴുവൻശ്രദ്ധയും കേന്ദ്രീകരിക്കുന്നതിനും അതിനെ അനുകരണവുമായി അനുപദം താരതമ്യപ്പെടുത്തിനോക്കുന്നതിനും വസ്തുവിനെ അതിന്റെ പരിതസ്ഥിതികളിൽനിന്നും വേർതിരിച്ചു ചിന്തയിൽ നിയമിക്കേണ്ടതായിവരുന്നു. മാതൃക കേവലം കല്പനാമാത്രമാകുമ്പോൾ ഈ വിഷമം ക്രമാധികം വർദ്ധിച്ചുമിരിക്കും. ഇതു പ്രൗഢമായ ബുദ്ധിവ്യാപാരംകൊണ്ടു മാത്രം സാധിക്കേണ്ടതാണു. എന്നാൽ ചരിത്രാതീതകാലത്തു ഫ്രാൻസിലെ ഗുഹകളിൽ നിവസിച്ചിരുന്ന കാട്ടുമനുഷ്യർ അസാധാരണവാസനയും പാടവവും പ്രദർശിപ്പിച്ചു നിർമ്മിച്ചിട്ടുള്ള ചില ശില്പങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ടു്. പാരീസിനടുത്തുള്ള St. Germain പ്രദർശനശാലയിൽ അവയിൽ ചിലതു സൂക്ഷിച്ചിട്ടുമുണ്ടു്. മുറിച്ചെടുത്ത ഒരു * മാമത്തിന്റെ (Mammoth) കൊമ്പിൽ അതേജന്തുവിന്റെരൂപം അതിവിശദവും അത്ഭുത

* ദേഹാലങ്കാരം, നൃത്തം, ഗീതം, കൊത്തുപണി, ചിത്രമെഴുത്തു ഇവയെമാത്രമെ 'കലാ'പദംകൊണ്ടു ഈ ഉപന്യാസത്തിൽ വിവക്ഷിക്കുന്നുള്ളു.

* നീണ്ടു വളഞ്ഞ കൊമ്പു്, കക്കശവും അസുന്ദരവുമായ ചർമ്മം, നെഞ്ചിൽ ഇടതൂർന്ന ജട, ഈ ലക്ഷണങ്ങളോടുകൂടിയതും ഭൂമുഖത്തിൽ നാശിച്ചുപോയതുമായ ഒരു ഭയങ്കരസത്വം (mammoth)

---

സമാധാനവും സംതൃപ്തിയുംഉള്ള ഒരു ഭാവിയിൽ ജീവിക്കുവാൻ കഴികയുള്ളു" ഉദാരണത്തിൽ സൂചിപ്പിച്ച ആദർശം ലോകത്തിൽ നടപ്പാകട്ടെ എന്നാണു് ഏതു സ്വരാജ്യസ്നേഹിയും ഇന്നാശിക്കുക. അങ്ങിനെ മാസറിക്കിന്റെ ആശയാദർശങ്ങൾ ലോകത്തിൽ പ്രായോഗികമായിത്തീർന്നാൽ പിന്നെ ഇന്നു ജർമ്മനിതുടങ്ങിയ രാഷ്ട്രങ്ങളിൽ നടക്കുന്നതുപോലെയുള്ള വർഗ്ഗീയമർദ്ദനത്തിനോ, സർവാധിപത്യഭരണത്തിന്നോ സ്ഥാനമുണ്ടാവുകയില്ല. ഏതായാലും ഒന്നു തീർച്ചയാണു്. മദ്ധ്യയൂറോപ്പിൽ സർവാധിപത്യത്തിനുംമററും സ്ഥാനംകൊടുക്കാതെ ജനകീയഭരണത്തിന്റെ വിജയപ്രദമായ പ്രായോഗികതയെ കാണിക്കാൻ സെക്കോസ്ലാവിക്കിയയും മാസറിക്കും ഇന്നു പ്രത്യക്ഷലക്ഷ്യമാണു്. മാസറിക്ക ഇന്നും—ഈ വാർദ്ധക്യദശയിലും—പ്രജായത്തഭരണം വിജയപ്രദമായി നടമാടുന്ന ഒരു യൂറോപ്പിനെ സ്വപ്നംകാണുകയാണത്രെ.

കരവുമായവിധം കൊത്തിയിരിക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ അനുമാനത്തിൽ ഇതിനു അമ്പതിനായിരംകൊല്ലത്തോളം പഴക്കമുണ്ടത്രേ. അതിനോടുചേർന്നുകാണുന്ന മറെറാരുശില്പം ആധുനികകലാലോകത്തിനു ലഭിച്ചിട്ടുള്ള ഒരമൂല്യസമ്പത്താണു്. Reindeer എന്നു പറയുന്ന ധ്രുവമൃഗത്തിൻെറ കൊമ്പിൽകൊത്തിയെടുത്ത ഒരു കഠാരി. അതിൻെറ പിടിനിർമ്മിച്ച ശില്പി ഒരു സാധാരണനല്ല ഒരു പരിഷ്കൃതകലാകൃത്തിൻെറപാടവവുംഅസാമാന്യകല്പനാശക്തിയും അതിൽതെളിഞ്ഞുകാണുന്നുണ്ടു്. Reindeer ൻെറ രൂപത്തിൽ തന്നെയാണു പിടിയും നിർമ്മിച്ചിരിക്കുന്നതു് മുൻകാലുകൾ നെഞ്ചോടുചേർത്തു മടക്കി, പിൻകാലുകൾനീട്ടി കഠാരിമൂലത്തിൽ സന്ധിപ്പിച്ചു്. കൊമ്പുകൾമുതുകിൽ ഒതുങ്ങത്തക്കവണ്ണം തല പിന്നോട്ടുതള്ളി നീണ്ടുകിടക്കുന്ന മട്ടിൽ അതു കൊത്തിയിരിക്കുന്നു. വെറുമൊരുരൂപം എന്ന വസ്തുതയെക്കവിഞ്ഞുനിൽക്കുന്ന വൈശിഷ്ട്യം അതിനുണ്ടു്. ഒരു ജന്തുവിൻെറആകൃതിയെ അലങ്കാരവൃത്തിക്കുചിതമായി നിയന്ത്രിച്ചിരിക്കുന്ന കലാവൈദഗ്ദ്ധ്യമാണതു്. ഇത്തരത്തിൽ പലതും Germain മ്യൂസിയത്തിൽ കാണാം. അവയിലെ കലാസൗന്ദര്യത്തിനു കാരണം അവ ജനിച്ച പരിതഃസ്ഥിതികളാണെന്നു Grosse അഭിപ്രായപ്പെടുന്നു. രൂപങ്ങൾ കൊത്തിയും വരച്ചുംവച്ചതു നായാടികളാണെന്നും, ആ വർഗ്ഗത്തിനു സഹജമായ സൂക്ഷ്മനിരീക്ഷണശീലവും കൈവഴക്കവുമാണു അവയെ അത്ര സമഗ്രശില്പങ്ങളാക്കിയിട്ടുള്ളതെന്നും അത്തരം ശില്പങ്ങളിലെല്ലാം ജന്തുക്കളെമാത്രം ചിത്രീകരിച്ചുകാണുന്നതു് അവ മാംസവും മത്സ്യവുംകൊണ്ടുപജീവിച്ച കിരാതൻേറയും, ദാശൻേറയും സൃഷ്ടികളായതുകൊണ്ടാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു

ആംഗ്യകലയുടെ പുരാതനപ്രകൃതത്തെപ്പററി സ്വീകാര്യമായ ഒരു മതം ചില തത്വാന്വേഷികൾ പുറപ്പെടുവിച്ചിട്ടുണ്ടു്. നമ്മുടെ ശ്രദ്ധയ്ക്കു വിഷയമായ ഏതെങ്കിലും വസ്തു ചലിച്ചുകൊണ്ടിരിക്കുന്നഅവസ്ഥയിൽ ബുദ്ധിയെ അഭിമുഖീകരിക്കുമ്പോൾ ആ ചലനത്തിനനുസരിച്ച ചില ചേഷ്ടകൾ നമ്മിലുംസംഭവിക്കുന്നു. ഒരു കുട്ടി പണിപ്പെട്ടു വണ്ടിച്ചക്രത്തിൻേറയോ മറെറതെങ്കിലും വക്രിച്ച വസ്തുവിൻേറയോ രൂപംവരയ്ക്കാൻ ശ്രമിക്കുമ്പോൾ അവനറിയാതെതന്നെ അവൻെറ നാവും വളഞ്ഞുകൂട്ടുന്നതായിക്കാണാം. വസ്തുവിൻെറ നിശ്ചേഷ്ടാവസ്ഥയിലും ഈ തത്വത്തിനു പ്രസക്തിയുണ്ടു്. Brazil ദേശത്തെ വനവാസികൾ ഒരു ജന്തുവിനെ വര്‍ണ്ണിക്കുന്ന സമ്പ്രദായം അതിനെ അനുകരിച്ച ശബ്ദിച്ചു് വിരൽകൊണ്ടു ആകാശത്തിലോ മണലിലോ ഏതെങ്കിലും പദാർത്ഥംകൊണ്ടു നിലത്തോ അതിൻെറ ആകൃതി വരച്ചുകാണിക്കുകയാകുന്നു. ഇതു പൂർവ്വവാസനയുടെ യഥാർത്ഥരൂപമാണു് എന്നാൽ കാലം ഈ പ്രാഥമികാവസ്ഥയ്ക്കു അല്പം ഒരു പരിഷ്കാരം വരുത്തി. രൂപങ്ങൾക്കു അവയുടെ ക്ഷണികതയെ പരിഹരിക്കുവാനായി കരക്കാരയുടെ മുനകൊണ്ടു മൃദുവായ വസ്തുവിന്മേൽ അമർത്തി വരച്ച അതിനെ അതിൻെറ കർത്താവു സൂക്ഷിച്ചുതുടങ്ങി. ആംഗ്യപ്രകടനം കൊത്തുപണിയായി രൂപാന്തരപ്പെടുവാൻ അധികകാലം വേണ്ടിവന്നില്ല. ഒന്നിൽനിന്നു മറെറാന്നു ജനിച്ചു; രണ്ടും അവയുടെ പ്രത്യേകാവശ്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു നിലനിന്നുപോരുന്നു

രൂപങ്ങൾകൊത്തുന്നതിൽ മാത്രമല്ല ആദിമനുഷ്യൻെറ വാസന പ്രത്യക്ഷമായതു്. പ്രകൃതിവസ്തുക്കളെഅനുകരിച്ചു ബിംബങ്ങൾ നിർമ്മിക്കുവാനും അവൻ ശ്രമിച്ചു. ഈ ആഗ്രഹത്തിൻെറ പ്രേരണകൾ നമ്മുടെ നിത്യജീവിതത്തിൽ അനുഭവപ്പെടുന്നവയാണു്. ഒരു പക്ഷിയുടെയോ മൃഗത്തിൻെറയോ ആകൃതിയെ അനുസ്മരിപ്പിക്കുന്ന ശിലാഖണ്ഡമോ, അസ്ഥിശകലമോ നമ്മുടെ കണ്ണിൽപെട്ടു എന്നിരിക്കട്ടെ അതിനെ എടുത്തു തേച്ചും, രാച്ചും, മുറിച്ചും അതിൽ ദർശിച്ച അവ്യക്തച്ഛായയ്ക്കു സ്ഫുടതയും പൂർണ്ണതയും വരുത്തുവാൻ കൊതിക്കുന്നതു സ്വാഭാവികമാണല്ലൊ. ശില്പങ്ങളിൽ ചിലതു ആംഗ്യത്തിനെ മൂർത്തിമത്താക്കിയവയാണു് ദേശപരിജ്ഞാനമില്ലാത്ത പാന്ഥൻ വഴിയിൽക്കണ്ട കർഷകനോടു സഹായമപേക്ഷിക്കുന്നു അവൻ കയ്യുയർത്തി വിരൽകൊണ്ടുചൂണ്ടി വഴിപറഞ്ഞുകൊടുക്കുന്നു. ആ ചേഷ്ടയെ സരൂപമാക്കിയ കലാസൃഷ്ടിയാകുന്നു രാജപാതകളിൽക്കാണുന്ന കൈചൂണ്ടിപ്പലകകൾ.

പരിണാമത്തിൽ അലങ്കാരനൃത്തഗീതാദികളായി കലാശിച്ച പ്രാഥമികവ്യാപാരങ്ങളെപ്പററിയാണു പ്രസ്താവിച്ചുകഴിഞ്ഞതു്. എന്നാൽ ഇവയെ കലകൾ എന്നു നാമകരണം ചെയ്യാമൊ? ഇവയ്ക്കെല്ലാററിനും സാധാരണമായ എന്തെങ്കിലും അംശങ്ങൾ ഉണ്ടോ? എന്നീ പ്രശ്നങ്ങൾക്കുകൂടി സമാധാനം തേടേണ്ടിയിരിക്കുന്നു ശരീരാലങ്കാരങ്ങൾ വ്യക്തിവൈശിഷ്ട്യത്തെ പ്രഖ്യാപനംചെയ്യുന്നതിനു കണ്ടുപിടിച്ച ഉപാധികളായിരുന്നു എന്നു വാദിക്കാം. നൃത്തഗീതങ്ങൾ മനുഷ്യനൽ അധികമായി വർദ്ധിച്ചശക്തിയുടെ ബഹിഃപ്രകടനമായിരുന്നെന്നു വ്യാഖ്യാനിക്കാം. ആയുധങ്ങളിൽ രൂപങ്ങൾ വരച്ചും കുറിച്ചും വച്ചതു വെറും കളികൾമാത്രമായിരുന്നു എന്നു പറയാം. ചിത്രമെഴുത്തും കൊത്തുപണിയും ചില സങ്കേതാവശ്യങ്ങൾക്കുള്ള ഉപകരണങ്ങളായിരുന്നു എന്നു സമർത്ഥിക്കാം. അപ്പോൾ ഇവ കലാപ്രചോദനത്തെ വിശദീകരിക്കുന്ന ഏതെങ്കിലും നിയമത്തിൻെറ പരിധിയിൽ സന്ധിക്കുന്നുണ്ടോ? "നഷ്ടമായ സൗന്ദര്യപ്രേമത്തിൻെറ സന്താനമാണുകല" എന്ന പഴയമതം അലങ്കാരവിഷയത്തിലല്ലാതെ രേഖാചിത്രങ്ങളുടെ കാര്യത്തിൽ സാധുവാകുന്നതല്ല. എന്തെന്നാൽ Vonden Steinen പറയുന്നതുപോലെ ആദിമമനുഷ്യൻ ചിത്രം വരച്ചതു ചില സങ്കേതകുറിപ്പുകളോടുകൂടി മാത്രമായിരുന്നു അല്ലാതെ പ്രകൃതിസൌന്ദര്യം പ്രതിഫലിപ്പിക്കുവാൻ ആയിരുന്നില്ല. "രസിപ്പിച്ചു ആകർഷിക്കുവാനുള്ള ഒരു ശക്തി" എന്നു കലാവാസനയ്ക്കു Henry R. Marshall കൊടുക്കുന്ന നിർവ്വചനവും സാർവ്വത്രികമാണെന്നു സമ്മതിക്കാൻ നവ്വത്തിയല്ല. നൃത്തഗീതങ്ങളുടെ ആദിസ്വഭാവത്തെ സംബന്ധിച്ചടത്തോളം ഇതു ശരിയല്ല പോരെങ്കിൽ ചില കാട്ടുജാതിക്കാർ ശത്രുക്കളെ ഭയപ്പെടുത്താനായിമാത്രം ശരീരം അലംകരിക്കുന്നതായി Hirn അദ്ദേഹത്തിൻെറ Origin എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദിമനുഷ്യൻ പരിശ്രമവും കളിയും അഭിന്നങ്ങളായിരുന്നു എന്നും കളിയായിച്ചെയ്യാവുന്ന അദ്ധ്വാനങ്ങൾ മാത്രമെ അവനു പരിചിതങ്ങളായിരുന്നുള്ളു എന്നും അതിനാൽ കളിയിൽനിന്നാണുകലകളുടെ ഉത്ഭവമെന്നും വാദിക്കുന്ന Spencer പ്രഭൃതികളുടെ അഭിപ്രായം നൃത്തഗീതകലകളെസംബന്ധിച്ചു ശരിയാണെന്നു സമ്മതിക്കാമെങ്കിലും മെയ്യലംകാരത്തിൻെറ മുന്നോടിയായ വിജയമുദ്രധാരണത്തിൻെറ കാര്യത്തിൽ അനുവദിക്കാമോ എന്നു സംശയമാണു്.

കലാപ്രചോദനം സ്വാതന്ത്ര്യവും അകൃത്രിമവുമായ ഒരു വികാരമാണു് അതിൻെറ ആവിഷ്കരണത്തിനു മനുഷ്യൻ പ്രേരിതനാകുന്നതു അതിൻെറ ആനന്ദസന്ദായകത്വം എന്ന ഗുണത്താലാണു്. കല തികച്ചും വ്യക്തിപരമാകുന്നു; ഒരിക്കലും സാമൂഹ്യമല്ല. സാമൂഹ്യപ്രേരണകളും സഹകരണങ്ങളും കലയുടെ പുരോഗമനത്തെസഹായിച്ചിട്ടുണ്ടെന്നേയുള്ളൂ. അസാമാന്യധീരത പ്രകടിപ്പിച്ചു വന്യമൃഗത്തെ വധിച്ച വേട്ടക്കാരൻ തൻെറ വിജയത്തെ ആഘോഷിക്കുന്നതിനുള്ളസ്വാർത്ഥാഭിലാഷത്താൽ പ്രേരിതനായിട്ടാണല്ലൊ അതിൻെറ ദന്തങ്ങൾ തുളച്ചുകോർത്തു ആഭരണമാക്കിയതു് അവൻെറ വിജയം ആ പൌരുഷംകളിക്കുന്ന മാറത്തു തൂങ്ങുന്നു ജനങ്ങൾ അതു നോക്കി ആ വിശ്വവീരനെ എപ്പോഴും അഭിനന്ദിക്കുന്നു. അതിലെ ആനന്ദം അനുഭവവേദ്യമാണു് ആയുധാലങ്കാരത്തിൻെറയും പ്രയോജനം മറെറാന്നല്ല. പക്ഷെ അതു അല്പം പരോക്ഷമായി പ്രവർത്തിക്കുന്നു എന്നേയുള്ളു. Robert Louis Stevens on ൻെറ Kidnapped എന്ന കൃതിയിലെ Alan Breck എന്നകഥാപാത്രം ഒരു യുദ്ധത്തിൽ വിജയിയായി മടങ്ങിയഉടൻ തൻെറ "ഖഡ്ഗഗീതാ" നിർമ്മാണത്തിൽ ഉദ്യുക്തനാകുന്നതായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. വളരെ സ്വാഭാവികമായ ഒരു വികാരമാണതു ഇവിടെ Breck ൻെറ കലാപരിശ്രമം തികച്ചും വ്യക്തിപരമാണെന്നും, ആത്മീയാനന്ദംമാത്രമാണു അതിൻെറ ഉന്നമെന്നും വ്യക്തമാണല്ലൊ. നൃത്തഗീതങ്ങളുടെ ഉല്പത്തിക്കും ഈ വിവരണംതന്നെ കൊടുക്കാവുന്നതാണു് ആശയപ്രകടനത്തിനു ഏററവും ലഘുവായ മാർഗ്ഗം ശരീരാവിക്ഷേപമാണു് സ്വാതന്ത്ര്യവും, അനിയന്ത്രിതവുമായ ദേഹായാമത്തിൽ ഉൽഭവിച്ച ആട്ടത്തിൻെറ ഉന്മപരിഹാരൗഷധമായിരുന്നു ഗാനം അരോഗദൃഢഗാത്രനായ യുവാവിനു ദേഹാദ്ധ്വാനം എത്ര ഉല്ലാസകരമാണെന്നു പറയേണ്ടതില്ലല്ലൊ ഇങ്ങനെനോക്കിയാൽ എല്ലാ കലാപരിശ്രമങ്ങളും അവയുടെ ആനന്ദാത്മകത്വത്തിൽനിന്നു ജനിച്ചവയാണെന്നു കാണാം. "ആനന്ദം ആവിഷ്കരണത്താൽ സ്വയംപോററുന്നു" കലാശ്രമത്തിൻെറവിജയത്തിൽനിന്നു മാത്രമല്ല ആനന്ദത്തിൻെറ ഉൽഭവം അനുകരണത്തിൽ മാതൃകയും, മാതൃകയിൽ അനുകരണവും ദർശിക്കുവാൻ കലാകൃത്തിനെ പ്രാപ്തനാക്കുന്ന ച്ഛായാസാദൃശ്യംമാത്രം മതി. അതു ആനന്ദദായക-

ചെറുകഥാപംക്തി.

# എഫേസൂസിലെ സാധ്വി.

മാത്യു എം. കുഴിവേലി ബി. എ.

[ഈ കഥ ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന പെട്രോനിയസ്സ് എന്ന ഒരു റോമൻ കഥാകൃത്തെഴുതിയിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ കൃതികൾ എല്ലാംതന്നെ മനുഷ്യസമുദായത്തിൻെറ ബലഹീനവശങ്ങളെ പരിഹസിക്കുന്നവയും, വിശിഷ്യ സ്ത്രീലോകത്തിൻെറ വിശ്വാസധീരതയേയും ആത്മാർത്ഥബുദ്ധിയേയും അമിതമായി അവഹേളിക്കുന്നവയും ആകുന്നു. കഥാകൃത്ത് ലോകജീവിതം പരമാർത്ഥരഹിതവും, കൗടില്യപുഷ്കലവും, വഞ്ചനാപരിപൂർണ്ണവുമെന്നുകണ്ടു സ്വഹസ്തങ്ങളാൽതന്നെ മൃത്യുവരിച്ച് ഇഹലോകതിരസ്കരണിക്കുള്ളിൽ മറയുകയാണ് ചെയ്തതു്. സ്ത്രീലോകത്തോടുള്ള അദ്ദേഹത്തിൻെറ തീവ്രവിദ്വേഷത്തിനൊരു മകുടോദാഹരണമായ ഒരു കഥയാണിതു്-]

പണ്ടു് എഫേസൂസിൽ സകല ജനങ്ങളുടെയും പ്രശംസയ്ക്കും, അഭിനന്ദനത്തിനും പാത്രമായി ഏററവും ആദർശപരമായ രീതിയിൽ ഒരു ലാവണ്യവതിയായ സ്ത്രീരത്നം താമസിച്ചിരുന്നു. അനന്യസാധാരണമായ അവളുടെ സൗകുമാര്യസൗശീല്യാദിസൽഗുണങ്ങൾ എഫേസൂസിലെ സകല ജനങ്ങളും മാതൃകയായി വിചാരിച്ചുപോന്നു. അവളുടെ നിർമ്മലമായ ചരിത്രം അറിയാത്തവരായി എഫേസൂസിൽ വല്ലവരും ഉണ്ടായിരുന്നു എങ്കിൽതന്നെയും അവളുടെ നിസ്തുലമായ ചാരിത്രശുദ്ധിയെപ്പററി കേൾക്കാത്തവർ എഫേസൂസിലും പരിസരങ്ങളിലും ആരും ഇല്ലായിരുന്നു എന്നു ഖണ്ഡിതമായി പ്രസ്താവിക്കാം. "പതിയെ പ്രതിഷ്ഠിച്ച ഒരു വിമലദേവാലയ"മായിട്ടാണ് അവളെ സകലരും കരുതിയിരുന്നതു്. ഭാര്യയ്ക്കു് പതി ദൈവമെന്നുള്ള ഭാരതീയവനിതാദർശത്തെ സാക്ഷാത്തായി പ്രകാശിപ്പിച്ച സതീമണി അവൾതന്നെയായിരുന്നു. അസൂയാകലുഷിതരായ അനേകം സ്ത്രീകൾ ഈ ചരിത്രവതിയെ കാണുന്നതിനായി അവളുടെ വസതിയിൽ വരിക പതിവായിരുന്നു.

ഈ സതിയുടെ ഭർത്താവും ഭാര്യയെ നിസ്സീമമായി സ്നേഹിച്ചിരുന്നു. 'പാതിയും പുരുഷനു ഭാര്യയെന്നറിഞ്ഞാലും' എന്നുള്ള ഭരതവാക്യം അദ്ദേഹത്തെസംബന്ധിച്ചിടത്തോളം 'മുഴുവനും പുരുഷനു ഭാര്യയെന്നറിഞ്ഞാലും' എന്നു മാററുകയാണെങ്കിലേ മതിയാവൂ.

ഈ അതുല്യമായ ദമ്പതിമാരുടെ സൗഹാർദസൗഭാഗ്യം നീണാൾ നിലനിന്നില്ല. ആ പതിവ്രതയുടെ പ്രതിഷ്ഠാവിഗ്രഹം പെട്ടെന്നുണ്ടായ ഒരു രോഗത്താൽ അകാലമൃത്യു അടഞ്ഞു. ഭർത്താവിൻെറ അകാലവിയോഗം ഭാര്യയെ എത്രമാത്രം പരിഭ്രാന്തചിത്തയാക്കിത്തീർത്തു എന്നു പറയുവാൻ പ്രയാസം. ദുഃഖസാഗരത്തിൻെറ അഗാധഗർത്തങ്ങളിൽ അവൾ മുങ്ങിപ്പൊങ്ങി. അവൾ കേവലം ഒരു ഭ്രാന്തിയെപ്പോലെ ആയിത്തീർന്നു- ആ ദേശനടപ്പനുസരിച്ച് ഭർത്താവിൻെറ ശവകുടീരംവരെ ഭാര്യ നെഞ്ചത്തടിച്ചു പ്രലപനത്തോടുകൂടി അനുഗമിക്കുകയെന്ന ഒരു പതിവുണ്ടു്. പക്ഷേ നമ്മുടെ ആദർശസാധ്വി ഷ്ഠിതുകൊണ്ടൊന്നും ആശ്വാസമുണ്ടായില്ല. ഭർത്താവിൻെറ മൃതശരീരത്തെ ഓരോ അടി പിൻതുടരുന്തോറും അവളുടെ ഹൃദയം വെന്തുരുകി വെണ്ണീറായിത്തന്നെ ഭവിച്ചു. അവൾ ഭർത്താവിൻെറ കല്ലറയിലേയ്ക്കു അദ്ദേഹത്തെ അനുഗമിച്ചു. (അക്കാലത്തു എഫേസൂസുകാർ ശവസംസ്കാരം ചെയ്തിരുന്നതു മണ്ണിനടിയിൽ ശവക്കല്ലറകൾ നിർമ്മിച്ച് അവയിലായിരുന്നു.) ശവസംസ്കാരകർമ്മങ്ങൾ എല്ലാം കഴിഞ്ഞിട്ടും അവൾ ഭർത്താവിൻെറ പാദാരവിന്ദങ്ങളിൽനിന്നും പിടിവിട്ടില്ല. പുരോഹിതന്മാർ ചതുരുപായങ്ങളും നോക്കിയിട്ടും അവളെ അണുമാത്രംപോലും അവിടെനിന്നു ചലിപ്പിക്കുന്നതിനു സാധ്യമായില്ല. അതികഠിനമായ വ്യഥയും ക്ഷുൽപിപാസാദികളും അവളേയും, അധികകാലവിളംബമെന്യേ ഭർതൃസന്നിധിയിൽ ബലിയായി അർപ്പിക്കുമെന്നുതന്നെ എല്ലാവരും തീരുമാനിച്ചു. നീതിന്യായ ഉദ്യോഗസ്ഥന്മാർക്കുപോലും അവളെ ഭയപ്പെടുത്തി ഭർതൃസന്നിധിയിൽനിന്നു ലേശംപോലും മാററുന്നതിനു സാധിച്ചില്ല. ഒടുവിൽ എല്ലാവരും ഭഗ്നോത്സാഹരായി, അവളും മൃത്യു അടഞ്ഞു് ചാരിത്രസ്വർഗ്ഗം പ്രാപിക്കുകയെയുള്ളുവെന്നു സമാശ്വസിച്ചു പിൻവാങ്ങി.

അഞ്ചുദിവസം, അഹോരാത്രം, ജലപാനം കഴിക്കാതെ അവൾ ഭർത്താവിൻെറ കല്ലറയിൽഇരുന്നു വിലപിച്ചു. അവളുടെ ഒരു പ്രിയസഖി ഒരു ചെറുദീപവും കത്തിച്ചുവെച്ചുകൊണ്ടു കല്ലറയിൽ ആ സാധ്വീമണിയെ ഓരോ സാന്ത്വനവാക്കുകൾ പറഞ്ഞു സമാശ്വസിപ്പിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നു.

എഫേസൂസിലെ സാധ്വിയുടെ ഈദൃശമായ പ്രവൃത്തിയുടെ ഖ്യാതി നാനാദിക്കുകളിലും വ്യാപിച്ചു. ഇതുമാതിരി ഒരു ഭർതൃസ്നേഹം ദേവതമാർകൂടി പ്രദർശിപ്പിച്ചിട്ടില്ല എന്നു് എല്ലാവരും സശിരഃകമ്പം സമ്മതിച്ചു. ആ പതിവ്രതാരത്നത്തിനെ ഒരു സൗഭാഗ്യവതിയോ അഥവാ ഒരു പരിശുദ്ധയോആയി ജനങ്ങൾകരുതി.

"വിധവവിധിവശാൽ; വിമലവിലസിനി
ശുദ്ധയാംപതിപ്രാണയിദ്ധരാദീപം
സാധ്വികൾമുടിമണി,ഔദ്ധത്യവിരാഗിണി
ശുദ്ധാന്തനഭസ്സിങ്കലുജ്ജ്വലിപ്പൊരുതാരം"

എന്നു് ആ സാധ്വീമണിയെപ്പററി എല്ലാവരും പ്രശംസിച്ചു. ഈ പവിത്രചരിതം കേട്ടവരൊക്കെയും,

"ചാരിത്രസ്വരൂപിണി! ചാരുരൂപിണി!
(സാക്ഷാൽ
സാവിത്രീ!സതീമണി!ദേവി!തേനമസ്കാരം.
വിചിത്രചരിത്രമെ! പവിത്രചാരിത്രമെ!
ഭവ്യതന്ത്രമേ! പാതിവ്രത്യമെ!സാക്ഷാൽ
ധരിത്രിപീയൂഷമെ! ധാത്രിതൻപ്രദീപമെ!
സാവിത്രീ ഫലദാത്രി! സന്തതംനമസ്കാരം"

എന്ന പല്ലവിതന്നെ പാടി. ഭർതൃപാദത്തിങ്കൽ ആ പതിവ്രതാരത്നത്തെ ബലിയർപ്പിച്ചിട്ടു് ദിവസങ്ങൾ ആറായി. അവളുടെ കീർത്തിധാവള്യം സകല ദിഗന്തങ്ങളിലും പരന്നു.

അന്നു് ആ പ്രദേശത്തെ ന്യായാധിപൻ നാലഞ്ചു കുറ്റക്കവർച്ചക്കാരെ തൂക്കുന്നതിനു വിധിച്ച ദിവസമായിരുന്നു. എഫേസൂസിലെ വനിതയുടെ ഭർതൃശവകുടീരം ആദിക്കിലെ മരണശിക്ഷ നടത്തുന്നതിനുള്ള ഒരു വിജനപ്രദേശത്തിൻെറ പരിസരത്തിലായിരുന്നു. ആ കാലത്തു വധശിക്ഷയ്ക്കുവിധിച്ചവരെ കുരിശിൽ തൂക്കിക്കൊല്ലുകയായിരുന്നു പതിവ്. തൂക്കിക്കൊന്നുകഴിഞ്ഞാലും കഠിനകുററങ്ങൾചെയ്തവരുടെ മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനു അനുവദിച്ചിരുന്നില്ല. മൃതശരീരം കുരിശിൽനിന്നു കഴുകനും ഗൃധ്രനും ഭുജിച്ചുതീർക്കണമെന്നായിരുന്നു തീരുമാനം. പ്രേതത്തെ അടക്കാതിരുന്നാൽ മരിച്ചയാളിൻെറ രക്ഷസ്സ് അസ്വസ്ഥമായി ഓടിനടക്കുമെന്നും അനന്തമായ ക്ലേശങ്ങൾ അനുഭവിക്കുമെന്നും അക്കാലത്തെ ജനങ്ങൾ വിശ്വസിച്ചുപോന്നു. അതിനാൽ തൂക്കുകഴിഞ്ഞാലും, മൃതശരീരം പ്രത്യേകം പടയാളികൾ കാത്തുകൊണ്ടിരിക്കുക പതിവായിരുന്നു. ഈ പതിവനുസരിച്ചു മേൽപ്രസ്താവിച്ച കവർച്ചക്കാരെ തൂക്കിക്കൊന്നതിൻെറശേഷം ഒരു പടയാളിയെ കാവലിനായി നിർത്തിയിരുന്നു.

ആറാംദിവസം നേരം ഏകദേശം പാതിരാവായി. കുരിശിൽതൂങ്ങിക്കിടക്കുന്ന ന

മാണ്. "ഓരോ കവിയും തൻെറ കൃതികളെ സ്വന്തം സന്താനങ്ങളെപ്പോലെ സ്നേഹിക്കുന്നു" എന്ന പരമാർത്ഥം Aristotle എത്രയോ കാലങ്ങൾക്കുമുമ്പു ലോകസമക്ഷം പ്രഖ്യാപനംചെയ്തിട്ടുണ്ടു്.

കല കലയ്ക്കുവേണ്ടി മാത്രമാകുന്നു; അതിനു മറെറാരാദർശമില്ല. പ്രയോജനം ലക്ഷ്യമാക്കിചെയ്യപ്പെടുന്ന ഒരു പ്രവൃത്തിയിൽനിന്നും കല അവശ്യം ഭിന്നമാണു. നിഷ്കാമമായ ഹൃദയവികാരങ്ങളിൽനിന്നാണു അതിൻെറ ഉത്ഭവം. ആനന്ദമാണു അതിൻെറ ജീവൻ. പരിഷ്കാരം കലയുടെ മാതാവല്ല, വളർത്തമ്മയാകുന്നു. കലാവാസന മനുഷ്യനു സ്വതസ്സിദ്ധവും, കലാപരിശ്രമം അവൻെറ ജന്മാവകാശവുമാണ്.

ലഞ്ഞു മൃതശരീരങ്ങളെ കാത്തുകൊണ്ടിരിക്കുന്ന പടയാളി രാത്രിയുടെ നിശ്ശബ്ദതയിൽ കുണ്ടു മന്ദംമന്ദം അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്ന അയാൾ ഇടയ്ക്കിടെ എവിടെനിന്നോ ഒരു ആർത്തനാദം കേൾക്കുന്നു. പല പ്രാവശ്യം ശ്രമിച്ചിട്ടും അതിന്റെ ഉല്പത്തിസ്ഥാനമേതെന്നു മനസ്സിലാക്കുവാൻ സാധിച്ചില്ല. അതെന്തായിരിക്കാമെന്നു വിചാരിച്ചു ചിന്താപരവശനായി ഉയരിയഖഡ്ഗവും കയ്യിലേന്തി ഉലാത്തിക്കൊണ്ടിരുന്നപ്പോൾ കുറെയകലെയായിവൃക്ഷലതാദികൾക്കിടയിൽക്കൂടെ തടിൽപ്രഭപോലെ ഒരുവെളിച്ചം അരനിമിഷനേരത്തേക്കു കണ്ടു. പടയാളി നിർന്നിമേഷനേത്രനായി അങ്ങോട്ടുതന്നെ ദൃഷ്ടിയുറപ്പിച്ചു. പിന്നെയും ഈ വെളിച്ചം പലപ്രാവശ്യം കണ്ടു. എന്തുതന്നെയായാലും വേണ്ടുകില്ല ഇതെന്താണെന്നറിയണം എന്നുനിശ്ചയിച്ചുകൊണ്ടു പടയാളി വൃക്ഷങ്ങളുടെ ഇടയിൽക്കൂടെ അങ്ങോട്ടുതിരിച്ചു. വെളിച്ചത്തിന്റെ ഉല്പത്തി നോക്കി ശവക്കല്ലറയിൽ ചെന്നപ്പോൾ അത്ഭുതമെ! ഒരു നഗരേശകകന്യക, അഥവാ വനദേവത, ഛിന്നഭിന്നമായ കാർക്കുന്തലോട്ടും, വിളറ ക്ഷീണിച്ചതെങ്കിലും,സരസിജതുല്യമായ വദനത്തോടുംകൂടി ഒരു ശവശരീരത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് അതിദയനീയമായവിധത്തിൽ പ്രലപിക്കുന്നു അതിദാരുണമെങ്കിലും അനന്യസാധാരണമായ അവളുടെ സൌന്ദര്യത്താൽ പടയാളിയുടെ

"ക്രൂരമ്പിൻമുനതോററ കഠിനവക്ഷസ്ഥലം
പൂവമ്പുരറച്ചഹാ! വല്ലാതെവ്രണപ്പെട്ടു"

എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ പടയാളി ഉടനേതന്നെ ശവകുടീരത്തിൽ പ്രവേശിച്ചു പ്രേമപുരസ്സരമായ സാന്ത്വനവാക്കുകൾകൊണ്ടു അവളെ പ്രീണിപ്പിച്ചു ക്രമേണ സമാശ്വസിപ്പിച്ചുതുടങ്ങി. അവളുടെ സഖി അപ്പോൾപൂർണ്ണനിദ്രാവലംബയായിക്കിടക്കയായിരുന്നു. പടയാളിയുടെ പ്രഭാതഭക്ഷണത്തിനായി കൊണ്ടുവന്നിരുന്ന കുറെ ബിസ്കറുകളും കുറെ വീഞ്ഞും ആ സാധ്വിക്കു കൊടുത്തു തോഴിയും ബന്ധുമിത്രാദികളും സകലരും ശ്രമിച്ചിട്ടും ഒരുതുള്ളിജലംപോലും കുടിപ്പിക്കുവാൻ സാധിക്കാതിരുന്ന ആ പതിവ്രതാമകുടമണിയെ നമ്മുടെ പടയാളി ഇവയെല്ലാം ഭുജിപ്പിച്ചു ഭക്ഷ്യപേയാദികൾ കഴിഞ്ഞപ്പോൾ അല്പംഒരാശ്വാസം അവൾക്കും തോന്നിത്തുടങ്ങി. എങ്കിലും ഇടയ്ക്കിടയ്ക്കു അപ്പോഴും, അവൾ വാവിട്ടു നിലവിളിച്ചുകൊണ്ടിരുന്നു. പടയാളി ഇങ്ങനെ സാന്ത്വനംതുടങ്ങി. "ഭവതി എന്താണിങ്ങനെ മറയത്തരം പ്രവർത്തിക്കുന്നതു്. മൃതനായ ഭർത്താവിനോടു എന്തെല്ലാം പറഞ്ഞാലും അയാൾ കേൾക്കുമോ? വെറും ബുദ്ധിഭ്രമമല്ലെ അങ്ങനെചെയ്യുന്നതു്? ഭർത്താക്കന്മാരു് മരിക്കുകയാണെങ്കിൽ ഭാര്യമാരുംകൂടി ഇതുപോലെ ആധിപിടിച്ചു മരിക്കണമെന്നാണോ ഇതിന്റെ അർത്ഥം. ലോകത്തിൽ എതെങ്കിലുമൊരുപുരുഷൻ ഭാര്യയുടെ ചിതയിൽചാടി മരണംപ്രാപിച്ചതായി കേട്ടുകേൾവിയുണ്ടോ? സ്നേഹവും ബലിയും ഒരുഭാഗത്തുമാത്രംമതിയോ? ഇതെല്ലാം ലോകനടപ്പാണു്. നാം ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം ലോകനീതികൾക്കു വിധേയരായി ജീവിക്കണം. ദൈവം നമുക്കു തന്നിരിക്കുന്ന ആയുസ്സിനെ ആനന്ദപ്രദമായി കഴിക്കണം. ജഡികസുഖങ്ങൾക്കോ, ഐഹികാനന്ദങ്ങൾക്കോ എതെങ്കിലും കുറവു വരുത്തുന്നതു് അദ്ദേഹത്തിന്റെ അഭിമതത്തിനു വിരുദ്ധമാണു്. അതല്ലയോ ലോകത്തിലെസകലപരിഷ്കൃതമതങ്ങളും, പരിഷ്കൃതജനങ്ങളും, പുനർവിവാഹം അനുവദിച്ചിരിക്കുന്നതിന്റെ ഉദ്ദേശം. ഉദാഹരണമായി ഈ ശവശരീരത്തിലേക്കു നോക്കുക. അതു അഴുകിചീഞ്ഞുതുടങ്ങിയിരിക്കുന്നു. എത്ര ബലവത്തരവും കോമളവുമായ ശരീരമായിരുന്നിരിക്കണം അതു്?

"അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തു്? യാതൊരു സുഖസന്തോഷവും അനുഭവിക്കാൻ അതിനു ശക്തിയില്ല. ഇതിൽ നിന്നു ഭവതി എന്താണു ഒരു പാഠം പഠിക്കാത്തതു്. ജഡികസുഖങ്ങൾ ജഡമുള്ളിടത്തോളംകാലമെ അനുഭവിക്കുവാൻ നിവൃത്തിയുള്ളു. ജഡം ഉപയോഗശൂന്യമായാലത്തെസ്ഥിതിയാണു് ഈ ശവശരീരം വിളിച്ചുപറയുന്നതു്. അതുകൊണ്ടു ഒരിക്കലും ഭവതിയുടെ കോമളഗാത്രം വിധിക്കെതിരായി നശിപ്പിച്ചുകളയരുതു് അതു ഒരുവലിയ പാപമാണു. ലോകത്തിനു് ഒരുവലിയ നഷ്ടമാണു്. ഹേ, ഭവതി ഒരിക്കലും അതു ചെയ്യരുതു്. എഴുന്നേൽക്കുക. നമുക്കു ഈ കല്ലറയിൽനിന്നും വെളിയിൽ ഇറങ്ങി വല്ല വൃക്ഷച്ചുവട്ടിലുംഇരുന്നു് അല്പം ശുദ്ധവായു ശ്വസിക്കാം. ശിരസ്സിന്റെ മാന്ദ്യം അൽപം കാററുകൊണ്ടാൽ കുറയാതെ ഇരിക്കയില്ല" എന്നുപറഞ്ഞു ആ സാധ്വിയെ വളരെ സ്നേഹപുരസ്സരം താങ്ങിയെഴുന്നേൽപിച്ചു ശവകുടീരത്തിൽനിന്നു പുറത്തേക്കു ഒരുവിധത്തിൽ ആനയിച്ചു. ഇടയ്ക്കിടെ ചില ഗൽഗദങ്ങളുംമററും ഉണ്ടായെങ്കിലും പൂവമ്പുതറച്ചു വിവശനായ പടയാളിയുടെ സരസാലാപങ്ങൾ അവയെയൊക്കെ ശാന്തമാക്കി.

പടയാളിയുടെ തേനോലുംമൊഴികളും പൂനിലാവിന്റെ ചാരുപ്രഭയും, ആ പല്ലവാംഗിയുടെ നഷ്ടപ്രജ്ഞയെ ക്രമേണ ലബ്ധമാക്കിത്തുടങ്ങി- അവളുടെ മതിപ്രകർഷം ക്രമശ: അവളിൽ ഉദിച്ചുയന്നു: വാഗ്മാധുര്യംതുളുമ്പുന്ന പടയാളി സാമാന്യനല്ലെന്നു അവൾക്കു തോന്നിത്തുടങ്ങി. അയാളുടെ പടച്ചട്ടകൾ ആ യുവഭടന്റെ കാന്തിപൂരത്തെ ശതഗുണീഭവിപ്പിക്കുന്നു എന്നവൾ വിചാരിച്ചു അയാളുടെ സാന്ത്വനവാക്പ്രവാഹം അവളെ ആനന്ദലഹരിയിൽ ആറാടിച്ചു.

എന്തിനധികം! ആ പടയാളി മൂന്നുദിവസം മുഴുവനും കവർച്ചക്കാരുടെ മൃതശരീരങ്ങൾ കാത്തുകഴിച്ചുകൂട്ടി. പകൽസമയമെല്ലാം കല്ലറയുടെ കവാടം ബലമായി ബന്ധിച്ചിരുന്നു. എഫസൂസിലെ സതീമണിയും ഭർത്താവിന്റെകൂടെ സ്വർഗ്ഗംപ്രാപിച്ചു എന്നു ലോകരെ മനസ്സിലാക്കുന്നതിനായിട്ടായിരുന്നു അപ്രകാരം ചെയ്തതു്. രാത്രികാലങ്ങളിൽ ആ പതിവ്രത പടയാളിയുടെ ആഗമനത്തെ പ്രതീക്ഷിച്ചു.

ദിവസങ്ങൾ രണ്ടുമൂന്നുകൂടികഴിഞ്ഞു രാത്രികാലങ്ങളിൽ പടയാളിയുടെ ശരിയായ കാവലില്ലെന്നു മനസ്സിലായപ്പോൾ ഒരു കവർച്ചക്കാരന്റെ മൃതശരീരം അയാളുടെ ബന്ധുക്കൾ അപഹരിച്ചു് സംസ്കരിച്ചുകളഞ്ഞു. അടുത്തപ്രഭാതത്തിനുമുമ്പു് പടയാളി ചെന്നുനോക്കുമ്പോൾ ഒരു ശവശരീരം കാണായ്കയാൽ പരിഭ്രാന്തചിത്തനായി ശവക്കല്ലറയിലേക്കു ഓടിവന്നു് വിവരം പറഞ്ഞു. "പടയാളികളുടെ കർത്തവ്യനിർവഹണത്തിൽ അൽപ്പമായ തെററുകൾക്കുപോലും, വധശിക്ഷയാണുപതിവു്. പട്ടാളനിയമം അതികർക്കശമാണു്. അതിനാൽ എന്നെ ഈ കുററത്തിനു മേലധികാരികൾ വെടിവെച്ചുകൊന്നുകളയും അപ്രകാരം ലജ്ജാവഹമായ മരണത്തിനെക്കാൾ ആത്മഹത്തിയാണുത്തമം. അതുകൊണ്ടു നിന്റെ ഭർത്താവിന്റെകൂടെ ഞാനും." എന്നുപറഞ്ഞുകൊണ്ടു് വാളൂരി ആത്മഹത്തിചെയ്യുന്നതിനു മുനിഞ്ഞു

ആ അവസരത്തിൽ ആ കിസലയഗാത്രിയുടെ പ്രണയപാരവശ്യം എത്രമാത്രമെന്നു് അവാച്യമാണു്. "പ്രാണേശാ! ജീവനായകാ! അങ്ങു അധർമ്മം പ്രവർത്തിക്കരുതേ"എന്നുപറഞ്ഞു അവൾ ആ വാളിൽ ചാടിപ്പിടിച്ചു. അനന്തരം ഇങ്ങനെ പറഞ്ഞു: 'വത്സ' എന്റെ ജീവസർവ്വസ്വമായ രണ്ടു ശരീരങ്ങളെനോക്കിക്കൊണ്ടു് ഞാൻ എങ്ങനെയിരിക്കും. ദൈവമേ! അതെനിക്കു സ്മരിക്കാൻകൂടിവഹിയാ. ജീവനോടുകൂടിയിരിക്കുന്ന ഒരു കോമളവിഗ്രഹത്തെ ഹനിക്കുന്നതിൽ എത്രയോആശ്വാസപ്രദമാണു് തസ്കരന്മാർ കൊണ്ടുപോയ ശരീരത്തിനുപകരം മറെറാരുശരീരം തൽസ്ഥാനത്തുവയ്ക്കുന്നതു്? സാധ്വിയുടെ ഈ ബുദ്ധിപൂർവ്വകമായ ഉപദേശാനുസരണം പ്രഥമഭർത്താവിന്റെ ശവശരീരം കല്ലറയിൽനിന്നെടുത്തു മോഷ്ടിക്കപ്പെട്ട ശരീരത്തിനുപകരം തൽസ്ഥാനത്തു കുരിശിൽ തറച്ചുവെച്ചു.

എഫേസൂസിലെ സാധ്വീ, ശാന്തം! പാപം!

---


## സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ

—*—

(തനി സ്വർണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,
Psot Box No. 203. MADRAS

# ചിരി.

(കെ. രാമകൃഷ്ണൻനായർ)

ചിരി ഒരു സുഖക്കേടല്ലേയെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. മററു ചിലയവസരങ്ങളിൽ ഇതൊരു പകച്ച്വ്യാധിയായിട്ടുകൂടി നമുക്കു അനുഭവപ്പെടുന്നു. ഒരാൾ പ്രസന്നവദനനാണെന്നു നാം പറയണമെങ്കിൽ, അതു് സാധാരണയായി പുഞ്ചിരികളിയാടുന്ന മുഖത്തോടുകൂടിയ ആളിനെപ്പററിയായിരിക്കും. നാം അങ്ങനെയുള്ള ആളുകളെയാണു കൂടുതൽ ഇഷ്ടപ്പെടുന്നതും. എന്നാൽ, ചില മൂർഖന്മാരുണ്ട്- അവരെ ഒന്നു നോക്കിക്കഴിയുമ്പോൾതന്നെ നാം അറിയാതെതന്നെ ഒരു അതൃപ്തിയോടെ അവരെ വെറുക്കുന്നു. ഇങ്ങനെയുള്ള മൂർഖന്മാരെ വളരെ ചുരുക്കംപേർ മാത്രമെ ഇഷ്ടപ്പെടുകയുള്ളു. മുഖവൈരൂപ്യമുള്ളവർക്കുപോലും, അവരുടെ വിരൂപത, മന്ദഹാസമാകുന്ന യവനികയ്ക്കുള്ളിൽ മറയ്ക്കാൻ സാധിക്കും. ചിരി, നമുക്കു അസഹ്യതയുണ്ടാക്കുന്ന അവസരങ്ങളും ഇല്ലാതില്ല. എങ്കിലും അതിന്റെ ആസ്വാദ്യതയോടു സാമ്യപ്പെടുത്തുമ്പോൾ ആ അസഹ്യത അത്ര സാരമാക്കേണ്ടതില്ല.

നാം എല്ലായ്പോഴും ചിരിക്കുന്നില്ല. ചിലപ്പോൾ പൊട്ടിച്ചിരിക്കുന്നു. ചിലപ്പോൾ പുഞ്ചിരിക്കൊള്ളുന്നു. എന്നാൽ മററു ചിലപ്പോൾ ഊറിച്ചിരിക്കുന്നതേയുള്ളു. ഈ പറഞ്ഞതിൽ ആദ്യത്തേതു വളരെ അപകടമുള്ളതാണ്. ചിരിക്കുള്ള പകച്ച്സ്വഭാവം മുഴുവൻ ഇതിൽ കാണുന്നുണ്ട്. ബാലികാബാലന്മാർ കാരണമില്ലാതെ പൊട്ടിച്ചിരിക്കുന്നതിൽ യാതൊരു വിഷമവും കാണിക്കുന്നില്ല. അവർക്കു ഇതിൽ പ്രത്യേകിച്ചു ഒരു താല്പര്യംകൂടി ഉണ്ടെന്നു ചിലപ്പോൾ തോന്നിപ്പോകും. കുറച്ചു ചിരിച്ചുകഴിയുമ്പോൾ അവർക്കു ഇതടക്കാൻ നിവൃത്തിയില്ലാതെയാകുന്നു ചിരിയുടെ ഇടവിടാതെയുള്ള ബാധകൊണ്ടു ഉടലിന്റെ രണ്ടുവശങ്ങളും വേദനയെടുക്കുന്നു. അപ്പോഴത്രേ ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നതു്. ഈ 'പൊട്ടിച്ചിരി' ഒന്നു ശാന്തമാകാൻ തുടങ്ങുമ്പോൾ, ഇതിനു കാരണമായ വസ്തുവിനെയോ, ആളിനെയോ ഒന്നുകൂടി കാണുന്നുവെന്നു വിചാരിക്കുക. അപ്പോഴത്തെ അവസ്ഥ ഓർക്കുവാൻകൂടി നിവൃത്തിയില്ല. ചില കുട്ടികൾ ഈ അബദ്ധത്തിൽപ്പെട്ടു, ചിരിക്കാൻ നിവൃത്തിയില്ലാതെ ചിലപ്പോൾ കരയാറുണ്ട്.

അടുത്തതായി സർവ്വസാധാരണമായി നാം കാണുന്നതു പുഞ്ചിരിയാണ്. ഇതു നാം എപ്പോഴും കാണുന്നുണ്ട്. ദിവസം, ഒരുപ്രാവശ്യമെങ്കിലും പുഞ്ചിരിതൂകാത്തവരുണ്ടെങ്കിൽ, അവർ മനുഷ്യരല്ലെന്നു പറയേണ്ടിയിരിക്കുന്നു. പുഞ്ചിരിയിൽതന്നെ പലവക ഭേദങ്ങളുണ്ട്. ഇതിൽ ശൃംഗാരപുഞ്ചിരിയെന്നൊരെണ്ണമുണ്ട്. ഇതിനു കുറച്ചുഭ്രംശംകൂടി വേണ്ടയോയെന്നു ഞാൻ സംശയിക്കുന്നു. പെൺകുട്ടികളുള്ള ക്ലാസിൽ പഠിച്ചിട്ടുള്ളവർക്കറിയാം ചില രസികകുട്ടന്മാർ, ഒരു വരനൊത്ത വേഷാഡംബരത്തോടുകൂടി ക്ലാസ്സുമുറിയുടെ ഒരു മൂലയിൽ വന്നു സ്ഥലംപിടിക്കുന്നു നമ്മുടെ രസികക്കുട്ടൻ, തന്റെ സ്വതസ്സിദ്ധമോ, അഭ്യസനലബ്ധമോ ആയ ശൃംഗാരച്ചിരിയോടുംകൂടി ആരുടെയോ മുഖത്തു നോക്കിക്കൊണ്ടിരിക്കുന്നതു കാണാം. ഈ ചിരി അഭ്യസിക്കുന്നതാണെന്നു പറയാൻ കാരണമുണ്ട്. ഒരുദിവസം എന്റെ ഒരു സ്നേഹിതൻ, കണ്ണാടിയിൽനോക്കി പുഞ്ചിരിതൂകുന്നതു സന്ദർഭവശാൽ ഞാൻ കാണുന്നതിനു ഇടയായി. ഈ ശൃംഗാരപ്പുഞ്ചിരിക്കു ശരിയായ ഉദാഹരണം കാണണമെങ്കിൽ, 'ശാരദ'യിലെ രാമൻമേനവനെക്കാണാൻവന്നിരുന്ന ചെറുപ്പക്കാരനായ നംപൂതിരിയെ ചെറുതായൊന്നു ധ്യാനിച്ചാൽ മതിയാകുന്നതാണ്. രാമൻമേനവനുമായുള്ള ഈയാളുടെ സംഭാഷണവും, സന്ദർഭാനുസരണം ശാരദയെ മന്ദസ്മേരവദനനായി കടാക്ഷിക്കുന്നതും മററും ഓർത്താൽ ഈ ശൃംഗാരപ്പുഞ്ചിരിയെ ആരും ഒരിക്കലും മറന്നുപോകയില്ല.

ഇനിയും കാമിനീകാമുകന്മാരുടെ പുഞ്ചിരിയെപ്പററിയാണു അല്പം പറയാനുള്ളതു്. ഇതിനു ഒരു മകുടോദാഹരണം എഴുത്തച്ഛന്റെ രാമായണത്തിൽനിന്നും താഴെ ചേർക്കുന്നു.

"സുന്ദരവേഷത്തോടു മന്ദഹാസവുംപൊഴിച്ചിന്ദിരാവരനോടു മന്ദമായുരചെയ്യുന്ന രാവണഭഗിനി, താൻ നില്ക്കുന്നതു പരിശുദ്ധപ്രണയത്താൽ ബന്ധിതരായ രണ്ടു ആത്മസ്വരൂപികളുടെ മുമ്പിലാണെന്നുള്ളതു അറിയാതെ "രാക്ഷസേശ്വരനായ രാവണഭഗിനിഞാ നാമ്‌നാ ശൂർപ്പണഖ കാമരൂപിണി"യെന്നു സ്വയം അഭിമാനിച്ചുകൊണ്ടു "എന്നെ നീ പരിഗ്രഹിച്ചീടണം മടിയാതെ" എന്നു സഹാസ്യനായ അദ്ദേഹത്തോടു അപേക്ഷിക്കുന്നു. എന്നാൽ, രഘുവരനാകട്ടെ ആ കൃത്രിമസുന്ദരിയോടു മറുപടിപറയുന്നതിനു മുമ്പായി "ജാനകിതന്നെക്കടാക്ഷിച്ചുപുഞ്ചിരിപൂണ്ടു" എന്നു എഴുത്തച്ഛൻ പറഞ്ഞിരിക്കുന്നു. കടാക്ഷത്തോടുകൂടിയുള്ള ആ പുഞ്ചിരിയിൽ എത്ര മഹനീയാശയങ്ങളാണു ലയിച്ചിരിക്കുന്നതു്. ഒരനർഘമായ മന്ദസ്മിതം—സാധാരണകവികളുടെ സങ്കല്പശക്തിയെയും അതിലംഘിക്കുന്ന ഇത്തരം പുഞ്ചിരി ഹൃദയലോകാന്തരീക്ഷത്തിൽ എന്നെന്നേക്കും നിലനില്ക്കുന്ന ഒരു കാന്തിസമൂഹമായിത്തീരുന്നു. ഈമാതിരി ഹൃദ്യമായ പുഞ്ചിരി ദാമ്പത്യമണിയറയിലെ കെടാവിളക്കായി പ്രശോഭിക്കുന്നു.

അടുത്തതായി നമുക്കെല്ലാവർക്കും നിത്യപരിചയമുള്ളതും ഹൃദയാവർജ്ജകവുമായ ഒരു തുമന്ദഹാസഛവിയുണ്ട്. അതു മനുഷ്യലോകത്തെ ഒന്നുപോലെ ആകർഷിക്കുന്നു. നാലോ അഞ്ചോ മാസം പ്രായംവരുന്ന ചെറിയ കുട്ടികൾ—പല്ലുകൾ മുളക്കുന്നതിനുമുമ്പുള്ള അവരുടെ ചിരി ഏററവും ആകർഷകമായ ഒന്നാണെന്നുള്ളതു ആരും സമ്മതിക്കുന്നതാണ്.

"സരസംകാൽകടഞ്ഞോമൽ-
കരാംഗുഷ്ഠംനുകന്നിഹ
ചിരിച്ചീടുന്നമധ്യേ താൻ
കരയുന്നിതുബാലകൻ"

എന്നു വർണ്ണിച്ചിരിക്കുന്നതു അതിന്റെ ആകർഷകതയെ ശരിയായി കാണിക്കുന്നു. കരാംഗുഷ്ഠം നുകർന്നും, കാൽ കടഞ്ഞുമുള്ള ആ കുട്ടിയുടെ ചിരി, തന്റെ ഹൃദയനൈർമ്മല്യത്തെ തികച്ചും വെളിപ്പെടുത്തുന്നുണ്ട്.

സകലഹൃദയങ്ങളേയും അപഹരിച്ചിരിക്കുന്ന ഒരു പുഞ്ചിരി — അതേ! ജ്യോതിർമ്മയമായ, ആ മൃദുസ്മേരം ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടേതുതന്നെ എത്ര പ്രക്ഷുബ്ധസദസ്സുകളേയും ആ ഒരു വെറുപുഞ്ചിരി ശാന്തമാക്കുന്നു. എത്ര ശക്തിമാനായ പ്രതിരോധിയേയും അതു കീഴടക്കുന്നു ഹൃദയവികാസമാണു ഇതിനു കാരണം. എന്നാൽ എത്രയോ കുടിലന്മാർ, തങ്ങളുടെ കൗടില്യത്തെ പുഞ്ചിരിയാകുന്ന യവനികയാൽമറയ്ക്കുന്നുവെന്നു നാം അറിയുന്നില്ല! ശാരദയിലെ വൈത്തിപ്പട്ടരുടെ ചിരിയെഗ്രന്ഥകർത്താവു "പല്ലിളിച്ചുകാട്ടൽ" എന്നു സരസമായി പറഞ്ഞിരിക്കുന്നു. ആ 'പട്ടരെ'പ്പോലെ പതിതനായ ഒരു മനുഷ്യനു യഥാർത്ഥമായി ചിരിക്കാൻ സാധിക്കുകയില്ല അതുകൊണ്ടാണു ഗ്രന്ഥകാരൻ വൈത്തിപ്പട്ടരുടെ മുഖത്തു കാണുന്ന സന്തോഷവികാരത്തെ 'പല്ലിളിച്ചുകാട്ടൽ' എന്നു പറഞ്ഞിരിക്കുന്നതു്. ഹൃദയനൈർമ്മല്യവും, കൗടില്യവും ഒന്നുപോലെ പുഞ്ചിരിക്കുള്ളിൽ സ്ഥലംപിടിക്കുന്നു.

ഇനിയും സ്ഥാനഗൗരവം അനുസരിച്ചുള്ള ഒരുമാതിരി ചിരിയുണ്ട്. ഉദ്യോഗസ്ഥാനം ഉയരുംതോറും ആളുകളുടെ പെരുമാററത്തിലും ചില വ്യത്യാസങ്ങൾ കണ്ടുതുടങ്ങുന്നു മേലുദ്യോഗസ്ഥന്മാർ സിൽബന്ധികളുമായി വിനോദസംഭാഷണത്തിൽ വിമുഖന്മാരായിക്കാണുന്നു ചിരിക്കാൻ നിർബന്ധിതരായാലും സ്ഥാനഗൗരവം ഓർത്തു അതിനെ അടക്കുന്നു. അതുപോലെ തന്നെ സിൽബന്ധികൾ തങ്ങളുടെ മേലാക്കന്മാരോടു സംസാരിക്കുമ്പോൾ, വിനോദരസം ഉണ്ടായാലും, വളരെ ഒതുങ്ങിയരീതിയിൽ മാത്രമേ ചിരിക്കുകയുള്ളു. അതുതന്നെ, ശിരസ്സ് ഒരു വശത്തേക്കു അല്പം ചരിച്ചു, കണ്ഠനാളത്തിനു ചുററുഭാഗം തന്റെ കൈകൊണ്ടു തടവി, ഓഷ്ഠാധരങ്ങളുടെ പകുതിഭാഗംമാത്രം ഉപയോഗിച്ചുകൊണ്ടായിരിക്കും. കാര്യഗൌരവമുള്ള ചിലർക്കു് അസാധാരണമായിത്തന്നെ ഒന്നു പുഞ്ചിരിക്കൊള്ളുന്നതിനുപോലും അവസരം കാണുകയില്ല. അവർക്കതു അത്ര രസകരവുമല്ല. ജർമ്മൻപ്രസിഡണ്ടു്-ചാൻസിലറായ ഹെർ ഹിററ്ലറുടെ ഛായാപടം നാമെല്ലാവരും കണ്ടിട്ടുള്ള ഒന്നാണ്. അദ്ദേഹത്തിന്റെ മന്ദഹാസത്തോടുകൂടിയുള്ള ഒരു ഫോട്ടോ കാണാൻ വളരെ വിഷമമാണ്. രണ്ടുമാസത്തിനുമുമ്പു് ഒരു ചിത്രവാരികയിൽ, അദ്ദേഹം ഒരു പൗരസമൂഹത്തെ സ

ല്യൂട്ടുചെയ്യുന്ന ഒരു ഫോട്ടോ ഉണ്ടായിരുന്നു. അതിനോടുചേൎന്ന് "ഹിററ്ലർ തന്റെ പ്രസിഡൻറുസ്ഥാനത്തിനനുയോജ്യമായ മന്ദസ്മിതത്തോടെ" ("Hitler in his presidential smile") എന്നു് എഴുതിയിരുന്നു. തന്റെ സ്വതഃസിദ്ധമായ ഗൗരവം മുഖത്തു പ്രദർശിപ്പിച്ചിട്ടില്ലെന്നല്ലാതെ, മന്ദസ്മിതം ആ മുഖത്തിൽ കളിയാടിയെന്നു പറയുവാൻ നിവൃത്തിയില്ല. എങ്കിലും, സൂക്ഷിച്ചുനോക്കിയാൽമാത്രം, ഒരു മന്ദസ്മിതഛവി ആ വദനത്തിൽ പ്രകാശിച്ചിരുന്നുവെന്നു കാണാവുന്നതാണു്. ഒരു രാജാവു് ഇത്രമാത്രം ചിരിക്കണം, ഒരു പ്രസിഡൻറു് ഇതേ ചിരിക്കാവൂ, ഒരു സേനാനായകൻ ഇന്നരീതിയിൽ ചിരിക്കണം എന്നു നിയമമില്ല. എങ്കിലും ഓരോ സ്ഥാനമനുസരിച്ചു് അതതിന്റെ സ്ഥാനഗൗരവങ്ങളും ഉണ്ടാകുന്നു.

ഇനിയും കച്ചവടക്കാർ മുതലായ തൊഴിലാളികളുടെ ഇടയിൽ ഈ പുഞ്ചിരിക്കുള്ള സ്ഥാനം നോക്കാം. നാം ഒരു ജൗളിക്കടയിൽതന്നെ കയറുക. നാം അവിടെ കാണുന്നതു പുഞ്ചിരിതൂകിക്കൊണ്ടു് "ഇരിക്കണം സാർ" എന്നു പറഞ്ഞുകൊണ്ടു നമ്മേ സല്ക്കരിക്കുന്ന ഒരു മുതലാളിയേയാണു്. അയാളുടെ, ആ പുഞ്ചിരിക്കു ചക്രം വേറേ ഉടൻ മാററിവയ്ക്കണം, വില കൂടിയാലും തരക്കേടില്ല, എന്തെങ്കിലും കുറേ തുണിത്തരങ്ങൾ എടുക്കാതെ നാം അവിടെനിന്നും പിരിയുകയില്ല.

ഇനിയും ചില മുഴുവേദാന്തികളുടേയും മുറിവേദാന്തികളുടേയും ചിരിയുണ്ടു്. മുഴുവേദാന്തികൾ, ലോകത്തിന്റെ അസ്ഥിരതയേ ഓൎത്തും, മനുഷ്യർ തങ്ങളുടെ അൎത്ഥമില്ലാത്ത പ്രവൃത്തികളെപ്പററി ചിന്തിക്കാത്തതിനെ അധികരിച്ചും ഒരുമാതിരി പുഛരസത്തിൽ ചിരിക്കുന്നു. ഇതു എത്രമാത്രം ആത്മാൎത്ഥതയോടുകൂടിയാണെന്നു പറയാൻ നിവൃത്തിയില്ല. ഷേക്സ്പീയർ മഹാകവിയുടെ "അസ് യു ലൈക് ഇററ്" (As you like it) എന്ന നാടകത്തിലെ ഒരു പ്രധാന കഥാപാത്രമായ 'ജേകസി'നെ (Jaques) പ്പോലെ ചിലരെ പുസ്തകങ്ങൾവഴി പരിചയപ്പെടാം. അല്ലാതെ നാം സാധാരണ കാണുന്ന വേദാന്തച്ചിരികളിൽ മുക്കാലും ഒരു മാതിരി മുറിവേദാന്തികളുടേതാണെന്നു പറയാൻ നിവൃത്തിയുള്ളൂ.

ഇത്ര വിശേഷമായ 'ചിരി'ക്കു മനുഷ്യജീവിതത്തിൽ ഉള്ള സ്ഥാനം ലഘുവായിട്ടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. മാതാപിതാക്കന്മാൎക്കു തങ്ങളുടെ അരുമസന്താനങ്ങളുടെ വദനങ്ങളിൽ വിലസുന്ന പുഞ്ചിരി അമൃതതുല്യം ആസ്വാദ്യതമമാണെന്നുള്ളതു നിസ്തൎക്കമായ ഒരു വാസ്തവമാണു്. അതുപോലെതന്നെ ഒരു ഭരണാധികാരിയുടെ പുഞ്ചിരിതൂകുന്ന മുഖംകണ്ടാൽ ഏതൊരു പ്രജയാണു് ആനന്ദമുണ്ടാകാത്തതു്. ഹൃദയവ്യഥയെ ഒഴിക്കുന്നതിനു പൊട്ടിച്ചിരിക്കുന്നതു് ഒരു നല്ല ഔഷധമായി ചിലപ്പോൾ അനുഭവപ്പെടാറുണ്ടു്. പ്രാചീനകാലങ്ങളിൽ (Court fool) 'കോമാളി'യെന്ന പേരിൽ, രാജസദസ്സിനെ അലങ്കരിച്ചിരുന്ന വിനോദഭാഷകന്മാർ മിക്കരാജ്യങ്ങളിലും ഉണ്ടായിരുന്നു. രാജാവിനെ വിനോദഭാഷണംകൊണ്ടു ചിരിപ്പിച്ചു്, അദ്ദേഹത്തിന്റെ മനോവ്യഥയെ നീക്കുകയെന്നതായിരുന്നു ഇവരുടെ ജോലി. കോമാളികളുടെ കാലം കഴിഞ്ഞിട്ടും കുഞ്ചൻനമ്പ്യാരെപ്പോലെയുള്ളവർ രാജസദസ്സിൽ ആ ജോലി വീണ്ടെടുത്തു നടത്തേണ്ടിവന്നതിൽ അതിശയിക്കാനില്ല. അങ്ങിനെയുള്ള ഹാസസാഹിത്യം ഒരിക്കലും നാശോന്മുഖമാകാറില്ല. പ്രസ്തുത പ്രസ്ഥാനത്തെ നമ്മുടെ പ്രോത്സാഹനമാണു് വളൎത്തേണ്ടതു്. അതുകൊണ്ടു ഫലിതപ്രസ്ഥാനം വിജയിപ്പൂതാക!

---

# എന്റെ അച്ഛന.

പി. കെ. കുഞ്ഞൻനായർ, കടത്തനാട്ടു്.

(കേക.)

പത്രസമ്പുടങ്ങളിലൊന്നിൽവീണ്ടൊരുമമ
പുത്രനാംകവിതയൊന്നൊന്നുഛമിക്ഷിക്കവേ,
ഞെട്ടിഞാനരണ്ടൻന്തപോയുടനേയാലസ്യത്തിൻ–
പട്ടിളംകൂളർമെത്തച്ചുരുളിൽനിന്നപ്പൊഴേ!

ഒത്തസന്താനത്തിന്റെവദനംഗിക്കാണ്മാൻ
പെരികെഭാഗ്യം വിരിഞ്ഞിടിനപിതാവുപോലാൽ,
തനിക്കുപുത്രതായിലഭിച്ച പൊൻതാരത്തെ–
ക്കനക്കൊത്തോലോലിച്ചു ചാഞ്ചാട്ടുംലതികപോൽ,
ആദ്യമായു്, തെളിയാതതന്നിളംക്രൂകൻ കേകംക്കേ-
യുൽപ്പതപുളകനാം പൂങ്കോഴിക്കിടാവുപോൽ,
അതിയാമാനന്ദത്തിൻപുതുതാംവെള്ളപ്പൊക്ക–
മതിലായ്‌നീന്തിക്കളിച്ചീടിനേൻചിരനേരം!

മുററുമെൻപാഴ്ക്കണ്ണുടൻനവൂംവെൺചില്ലകൾ
ഏററവുംതെളിവാൻമിന്നി; ഹാ നിറംകൂടി:
വിശപത്തിൻപഴകിയായേട്ടിലെവരികളിൽ
വിളങ്ങിനിന്നിതപ്പോളക്ഷരസമുച്ചയം!
ഇരുളിൽവിശിഷ്ടമാം ഭാവനയുദിച്ചപോൽ
നിരന്നമിന്നിവാനിൽ താരകാഗണങ്ങളും!
ആപ്പടത്തിങ്കൽപതിഞ്ഞീടിനചിത്രത്തിന്നു
സുപ്രഭവികസിച്ചുതൻചായംനിരക്കവേ!

വട്ടത്തിൽനിന്നുകമ്മികളിക്കും കസുമങ്ങൾ
പട്ടൊളിച്ചിരിതൂകിയെറിവൂകടാക്ഷങ്ങൾ!
'പോരിക,കളിക്കവാ'ന്നോതിതൈതൈതന്നലെൻ-
മെയ്തൊട്ടുചാടീടുമപ്പച്ചനെൽക്കതിരുകൾ!
കിഴക്കും പടിഞ്ഞാറുമായ് രണ്ടുസന്ധ്യകളിൽ
അഴകിലഹസ്സൂൎന്‍പൊൻപൂശിതെളിയവേ,
അതിന്റെമധുരമാം, ശരിയാംഛായയെന്റെ
മുഖച്ചിത്രംതീൎത്തുള്ളിടും, ചരിതാൎത്ഥം!
'പകൎത്തു, പകൎത്തു'കെൻപാട്ടെന്നുചൊല്ലിക്കയിൽ
ഉതിർപ്പുരമണീയഗീതകമാലാവലി!
പ്രേമത്തിൻചിറകുകൾവിട്ടത്തിപ്പറവകൾ
വ്യോമത്തിലുയൎന്നാത്മചരിതമാലാപിപ്പൂ!
ദേവി! ഞാൻഭവതീയാനുഗ്രഹമാശിക്കട്ടെ;
കേവലംനിസ്സാരമെന്നർച്ചനയെന്നാകിലും!!

---

# കുസുമോത്സവം.

ഗ്രന്ഥകൎത്താ, എസ്സ്. രാമവാൎയ്യർ ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാൎത്ഥമൂൎത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപവാനതയും എന്നു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വൎണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ

ശ്രീരാമവിലാസം പ്രസ്സു്, കൊല്ലം.

# ജ്യോതിഃശാസ്ത്രവും ഹോരാതന്ത്രവും.

(എൻ. പരമേശ്വരൻപിള്ളശാസ്ത്രി.)

യാതൊന്നാണോ മനുഷ്യലോകത്തിന്റെ അരുണോദയവേളയിലെ ആത്മപ്രദീപം, യാതൊന്നാണോ വിജ്ഞാനമഹാസാഗരത്തിലെ അക്ഷീണചന്ദ്രമണ്ഡലം, യാതൊന്നാണോ മാനുഷഹൃദയത്തിലെ സൗന്ദര്യബോധം ദ്യോതിപ്പിക്കുന്ന അനാദിശബ്ദജ്യോതിസ്സ് — ആ ത്രയീവധൂയുടെ ചക്ഷുസ്സാണ് ജ്യോതിശ്ശാസ്ത്രം. ശരീരാവയവങ്ങളിൽ നയനത്തിന് അതിപ്രാധാന്യം ഉള്ളതുപോലെ വേദാംഗങ്ങളിൽവച്ച് ജ്യൌതിഷം സർവ്വപ്രാധാന്യത്തെ അർഹിക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിനു വേദാംഗത്വവും അതനുസരിച്ചുള്ള പ്രാമാണ്യവും ശ്രീപതിയെന്ന ഗണിതശാസ്ത്രപണ്ഡിതനും സ്മരിച്ചിട്ടുണ്ട്.

"ക്രതുക്രിയാർത്ഥാഃ ശ്രുതയഃ പ്രദിഷ്ടാഃ
കാലാശ്രയാസ്തേ ക്രതവോ നിരുക്താഃ
ശാസ്ത്രാദമുഷ്മാൽ കില കാലബോധോ
വേദാംഗതാമുഷ്യ തതഃ പ്രസിദ്ധാ"

വേദകാലത്തിലെ ആര്യന്മാർ യാഗാദികർമ്മങ്ങൾ ചെയ്തുവന്നതു ജ്യൌതിഷത്തിന്റെ സഹായത്താൽ നാളും നേരവും നോക്കി ശുഭമുഹൂർത്തം കണ്ടുപിടിച്ച് ആയിരുന്നു. അതാണ് ജ്യൌതിഷം വേദാംഗമാണെന്നു പറയുവാനുള്ള കാരണം. ജ്യൌതിഷമൊഴിച്ചുള്ള മററു ശാസ്ത്രങ്ങളെല്ലാം വിഫലങ്ങളാണെന്നും, ജ്യൌതിഷംമാത്രം സഫലമാണെന്നും, ഈ സത്യാവസ്ഥ തെളിയിക്കുന്നതിനു ആദിത്യചന്ദ്രന്മാർ സാക്ഷ്യം വഹിക്കുന്നുണ്ടെന്നും പണ്ടുപണ്ടേതന്നെ പ്രാമാണികന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

"വിഫലാന്യന്യശാസ്ത്രാണി
വിവാദസ്തേഷു കേവലം
സഫലം ജ്യൌതിഷം ശാസ്ത്രം
ചന്ദ്രാർക്കൌ യത്ര സാക്ഷിണൌ."

പാശ്ചാത്യസംസ്കാരസമ്പന്നന്മാരായ ആധുനികപണ്ഡിതന്മാരിൽ ജ്യോതിശ്ശാസ്ത്രം പരിശീലിച്ചിട്ടുള്ള ഭാരതീയരും ഈ വാസ്തവം രേഖപ്പെടുത്തിക്കാണുന്നുണ്ട്. — The pretentions of other sciences have not gone up so high; neither can they hope to come up to the equal position of Astrology in point of making predictions in the gloom of human futurity (prf. S. R.) റിതുപകധുരന്ധരന്മാരായ പാശ്ചാത്യപണ്ഡിതന്മാരും ജ്യൌതിഷത്തെ ഒരു "സയൻസ്" ആയി പരിഗണിക്കുകയും അതിനുള്ള മഹനീയത സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. "Astrology was not such mere imposition as it is generally supposed to have been. It is counted a science by so sound and sober a scholar as Melanethou, and even Bacon allows it a place among the sciences."

ലൂതർ ജ്യൌതിഷത്തെപ്പററി ശക്തിമത്തായി അപവദിച്ചുകൊണ്ടിരുന്ന അക്കാലത്തും ആ ശാസ്ത്രം യൂറോപ്പിൽ അപ്രതിഹതമായി പ്രചരിച്ചുകൊണ്ടിരുന്നുവത്രെ. പ്രൊഫസർ മാക്സ്മുള്ളരുടെ ഭാഷയിൽ പറയുകയാണെങ്കിൽ "In spite of the strong condemnation which Luther pronounced against it, astrology continued to sway the destinies of Europe;...............while the founder of modern astronomy died in poverty and despair" എന്നാണ്. Burton, Robert Fludd, William Lilly-Dryden. ഈ പാശ്ചാത്യമഹാന്മാരുടെ ഇതുസംബന്ധിച്ചുള്ള അനുഭവത്തെപ്പററി പ്രസ്താവിക്കുന്നതു ജ്യോതിശ്ശാസ്ത്രത്തെപ്പററി വിശ്വസിക്കുവാൻ വൈമനസ്യമുള്ള ഇന്നത്തെ യുവലോകത്തിന് ഒരു പാഠമായി ഉപകരിക്കുമെന്നു വിശ്വസിക്കുന്നു. Robert Fludd-ഉം William Lilly-യും ഇംഗ്ലണ്ടിലെ അർവാചീനജ്യൌതിഷത്തെ പ്രതിനിധീകരിക്കുന്നവരാകുന്നു. William Lilly-എന്ന ജോത്സ്യൻ ലണ്ടനിൽ പണ്ടു സംഭവിച്ച പ്രഖ്യാതമായ അഗ്നിബാധയേയും പ്ലേഗിനെ സംബന്ധിച്ചും മുൻകൂട്ടി പറഞ്ഞിരുന്നതുകൊണ്ടും ചാറൽസ് ഒന്നാമന്റെ ജീവിതഗതിയെപ്പററ ദീർഘദർശനം ചെയ്തിരുന്നതുകൊണ്ടും വിശിഷ്യ വിഖ്യാതി സമ്പാദിച്ച മഹാനായിരുന്നു. ഈ മുന്നറിവു നൽകിയതിനുവേണ്ടി പാർലമെന്റിൽനിന്നും അദ്ദേഹത്തിനു കുറേക്കാലത്തേക്കു പെൻഷൻ കൊടുത്തിരുന്നതായും ചരിത്രം പ്രസ്താവിക്കുന്നു. Dryden മക്കളുടെ ജാതകം എഴുതിച്ചിട്ടുണ്ടായിരുന്നു. Burton താൻ ആയുർദ്ദായംചെയ്തു കുറിപ്പെടുത്തിയിരുന്ന ദിവസം കാലധർമ്മം പ്രാപിച്ചു. ("Burton of the Anatomy died about the date he had himself forecast")

പാശ്ചാത്യന്മാരുടെ ജ്യോതിശ്ശാസ്ത്രത്തെ അപേക്ഷിച്ചു നമ്മുടെ ജ്യൌതിഷം (ഫലിതഭാഗം) കൂടുതൽ ശാസ്ത്രീയവും പൂർണ്ണവും സൂക്ഷ്മവും ആകുന്നു എന്നു പാശ്ചാത്യജ്യൌതിഷത്തിൽ തഴക്കവും പഴക്കവുമുള്ള യൂറോപ്യൻജോത്സ്യന്മാർതന്നെ സമ്മതിച്ചിട്ടുണ്ട് "Even such a distinguished and experienced astrologer like Mr. E. H Bailey the editor of the British Journal of Astrology has confessed that astrology amongst the Hindus is more Scientific more precise and perfect than their own........" (Dr. B. V. R.) സമയത്തെക്കുറിച്ചു പാശ്ചാത്യന്മാർ ഗ്രഹിച്ചിട്ടുള്ള ഏററവും സൂക്ഷ്മഭാഗം 24×60×60 അല്ലെങ്കിൽ 86400 സെക്കന്റുകൾ ആകുന്നു. നമ്മുടെ മഹർഷിമാരുടെ കാലവിഭാഗപ്രകാരം ഒരു ദിവസത്തിന്റെ അത്യന്തമായ അംശം 60×60×60×60×60×60=279, 936, 000,000 (നാഴിക, വിനാഴിക, ലിപ്ത, വിലിപ്ത, പരാ, തൽപരാ ഇങ്ങനെ ഓരോ 60 ഗുണമായിട്ടാണു ദിവസവിഭാഗം) ഈ കാലഗണന ഒന്നൊററസംഗതി ആധാരമാക്കി നോക്കിയാൽതന്നെ ഈ രണ്ടു സംസ്കാരങ്ങളുടെയും അന്തരം വായനക്കാർക്കു മനസ്സിലാക്കാവുന്നതാണ്. ഭാവവിഭാഗത്തെപ്പററി എട്ടു സമ്പ്രദായങ്ങൾ പാശ്ചാത്യജ്യോതിശ്ശാസ്ത്രപ്രകാരം ഉല്ലിഖിതമായിട്ടുണ്ടെങ്കിലും ശ്രീപതി ഉപദേശിക്കുന്ന ഭാവസ്ഫുടാനയനരീതിയാണ് സർവ്വോപരി സമീചീനമായിട്ടുള്ളതു് എന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. ശ്രീപതിയുടെ ഭാവസ്ഫുടാനയനരീതിക്കു "Porphyry" എന്ന നാമമാണ് പാശ്ചാത്യരുടെ ഇടയിൽ ഉള്ളതു്. മേൽപറഞ്ഞ ഭാവവിഭജനപദ്ധതികളുടെ നാമധേയങ്ങൾ:—

1) The Semi-arc System.
2) Ptolemy's equal method.
3) Alcabitius's method.
4) Method of Regiomantanus.
5) The method of Campanus.
6) Porphyry's method
7) Zariel's method.
8) Method of Morinus.

ഈ പദ്ധതി ഓരോന്നും ഓരോ ആചാര്യന്മാരുടെ ദർശനഫലമാണെന്നു അവയുടെ നാമധേയശ്രവണത്തിൽതന്നെ വ്യക്തമാകുന്നുണ്ടല്ലോ. ഇവയിൽ ആറാമത്തെ പദ്ധതി —ശ്രീപതികൃതം— ആണ് പണ്ഡിതപരിക്ഷയിൽ അതു ശാസ്ത്രീയവും ശരിയായിട്ടുള്ളതും എന്നു കണ്ടിട്ടുണ്ട്. ഇപ്രകാരം വിദഗ്ദ്ധാഭിപ്രായവും വാസ്തവസ്ഥിതിയും എല്ലാം ഭാരതീയജ്യൌതിഷം പ്രാചീനതമവും പ്രകൃഷ്ടവുമാണെന്നു കാണിക്കുന്നുണ്ട്. ഇവിടെ ഒരുകാര്യം പറയാനുള്ളതു "ഭാവചക്ര"ത്തെപ്പററിയുള്ള ആശയം അർവാചീനകാലത്തുദിച്ചതാണെന്നുള്ളതാണ്. വരാഹമിഹിരൻ ലഗ്നാദി പന്ത്രണ്ടു രാശികളെ പന്ത്രണ്ടു ഭാവങ്ങളായി കണക്കാക്കുകയാണു ചെയ്തതു്. "ലഗ്നാൽ പുത്രകളത്രഭേ"—"ഭം" എന്നു രാശിയുടെ പര്യായമാണ്

"യദാസ്തരാശിർമ്മിഥുനം സമേതി
തദൈവ വാച്യോ മിഥുനപ്രയോഗഃ"

എന്ന ഉദാഹരണത്തിൽ "രാശി" എന്നു ആചാര്യൻ തെളിച്ചുപറഞ്ഞിട്ടും ഉണ്ടല്ലോ.

പുരാതനകാലത്തു ഭാരതഭൂമിയിൽ എവിടെഎങ്കിലും ഒരു ശിശു ജനിച്ചാൽ തത്സമയംതന്നെ ആ കുട്ടിയുടെ ജാതകം എഴുതിക്കുക വൈദികകർമ്മംപോലെ നിർബന്ധമായ ഒരു ചടങ്ങായിരുന്നു. അതു ഒന്നിലധികം ജോത്സ്യന്മാർ കൂടിയിരുന്നു വിചിന്തനം ചെയ്തുവേണം നിർവ്വഹിക്കുവാൻ എന്നും നിയമമുണ്ടായിരുന്നു.

"ജാതകമാരേഖല്യപൂർവ്വമാര്യൈ
രായുർവിചിന്ത്യം ഹി തതഃ ഫലാനി.

(ഫലദീപികാ)

നമ്മുടെ കേരളത്തിൽ ജ്യോത്സ്യന്മാരും ഒരുജാതി (ഗണക)യായിച്ചമഞ്ഞു. ഈസംഭവം ജ്യൗതിഷത്തിന്ന ആ ജാതി ഉൽഭവിച്ച ആ അതിപ്രാചീനകാലത്തും കേരളത്തിൽ പ്രചുരപ്രചാരമുണ്ടായിരുന്നു എന്ന സംഗതി വ്യക്തമാക്കുന്നുണ്ടല്ലൊ. ഇപ്പോഴത്തെ മനുസ്മൃതിയും വിഷ്ണുപുരാണവുംഅനുസരിച്ച പറയുകയാണെങ്കിൽ അക്കാലത്തു ജ്യൗതിഷം ബ്രാഹ്മണരാണുകൈകാര്യം ചെയ്തിരുന്നതെന്നു കാണുന്നു. "നക്ഷത്രസൂചകന്മാർ" എന്ന പേരിൽഉള്ള ഈ ജ്യോത്സ്യന്മാർ സമുദായത്തിൽ വളരെ സ്വാധീനശക്തിയുള്ളവരായിരുന്നു. കൌടില്യൻ ഇവരെ ജനങ്ങളുടെഇടയിൽ ചാരന്മാരായി പ്രവർത്തിപ്പിച്ചിട്ടുണ്ട്. "മഹായാത്രാ" എന്ന ജ്യോതിഷഗ്രന്ഥപ്രകാരം ജ്യോത്സ്യന്മാരുടെ ധനലാഭവും രാജപ്രീതിയും ആരേയും പ്രലോഭിപ്പിക്കത്തക്കവിധം ആയിരുന്നു.

"തസ്മാൽനൃപഃകുസുമരത്നഹാടകഗ്രഹസ്ഥഃ
.................................
.................................
സംഗ്രഹ്യദൈവഗണകാൻ സക്ര-
ദേവപ്രചേതൽ"

ഫലപുഷ്പങ്ങളും സ്വർണ്ണരത്നങ്ങളും ജ്യോത്സ്യനു സമ്മാനിച്ചവേണം നഷ്ടജാതകപ്രശ്നം നടത്താൻ എന്നാണു് ശാസ്ത്രവിധി. എന്തെങ്കിലും ഒരു കാഴ്ചവച്ചു പ്രശ്നം പറയിക്കുന്ന രീതി ഇന്നും നാട്ടുകാരുടെ ഇടയിൽ കണ്ടുവരുന്നുണ്ട്. ആദികാലങ്ങളിൽ ശാസ്ത്രനിഷ്ണാതത്വവും ആത്മശുദ്ധിയും ജ്യോത്സ്യന്റെ ലക്ഷണങ്ങളായിരുന്നു. ഇടക്കാലത്തു് — വിഷ്ണുപുരാണത്തിന്റെയും മനുസ്മൃതിയുടെയും കാലത്തു — ഈ പഠിപ്പും പരിശുദ്ധിയുംഉള്ള ജ്യോതിഃശാസ്ത്രജ്ഞന്മാർ കുറഞ്ഞു് കേവലം ജ്യോത്സ്യനാമധാരികൾ (ബ്രാഹ്മണർ) ഭാരതഭൂമിയിൽ മുളച്ചുതുടങ്ങി. ഇക്കൂട്ടർ ജാതിഹീനന്മാരായി ഗണിക്കപ്പെടാനുംതുടങ്ങി. ഇങ്ങനെ ബ്രാഹ്മണർതന്നെയാണു ഭാരതഭൂമിയിലെ ജ്യൌതിഷത്തിന്റെ മണം കെടുത്തതിനും ഉത്തരവാദികൾ എന്നു പറയേണ്ടിവരുന്നു. "Those sooth sayers and fortune tellers who were apparently all Brahmins were regarded as pests of society, out casted and continued to be the custodians of social weal." (Prf. J. R.) അക്കാലത്തെ ജ്യോത്സ്യന്മാർക്കു "നക്ഷത്രസൂചകന്മാർ" എന്ന പേരു പ്രസിദ്ധമായിരുന്നെന്നു ഇപ്പോൾ പ്രസ്താവിച്ചല്ലോ. "നക്ഷത്രവിദ്യ" എന്നു ജ്യോതിഷത്തിനു ഛാന്ദോഗ്യോപനിഷത്തിൽ പേരുപറഞ്ഞുകാണുന്നുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണു്. ഇക്കൂട്ടരിൽ ഇടക്കാലത്തു 'നാളപക്കം വയ്ക്കാൻ'പോലും അറിഞ്ഞുകൂടാത്തവരുണ്ടായിരുന്നുവത്രേ.

"തിഥ്യൃൽപത്തിം നജാനന്തി
ഗ്രഹാണാം നൈവസാധനം
പരവാക്യേനവർത്തന്തേ
തേ വൈനക്ഷത്രസൂചകാഃ"

ഗണിതശാസ്ത്രം ജ്യൗതിഷത്തിൽ ഉൾപ്പെടാത്തതാണെന്നും ഗണിതനൈപുണി ജ്യോത്സ്യനു ഒഴിച്ചുകൂടാൻപാടില്ലാത്ത യോഗ്യതയാണെന്നും ഗ്രഹിച്ചിട്ടുള്ള ജ്യോത്സ്യന്മാർ ഇക്കാലത്തും വളരെക്കുറവാണു്. ജാതകം, സംഹിത, ഗണിതം, എന്നീ മൂന്നു ശാഖകളിലും പാടവം സിദ്ധിച്ചവരേ ജ്യോത്സ്യന്മാരായി ബഹുമാനിയ്ക്കപ്പെടാൻപാടുള്ളൂ എന്നൊരഭിപ്രായവും പണ്ടു പ്രചരിച്ചിരുന്നു "ത്രിസ്കന്ധപാരംഗമ ഏവ പൂജ്യഃ". തർക്കം, വ്യാകരണം, എന്നു തുടങ്ങിയ ശാസ്ത്രങ്ങളിൽ വൈദഗ്ദ്ധ്യവും ഊഹാപോഹപടുത്വവുംജ്യൗതിഷവിദ്യാർത്ഥിക്കുണ്ടായിരിക്കണംഎന്നാണുഭാരതീയരായ പ്രാചീനാചാര്യന്മാരുടെ അനുശാസനം പാശ്ചാത്യ ചിന്തകന്മാരും ഇതുതന്നെ ഉപദേശിക്കുന്നു "It had better intelligence and confederacy with the imagination of man than with his reason." (Bacon). An art requiring highest education with the jargon of the gipsy fortune-teller" (Notesand Queries)

## ഹോരാതന്ത്രം

നമ്മുടെ ഹോരാശാസ്ത്രത്തിന്റെയും ജ്യൗതിഷത്തിന്റെ ഫലിതഭാഗത്തിന്റെയും ആഗമത്തെപ്പററി ഒരു ഭാരതീയമഹാൻ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതു പലരെയും തെററിദ്ധരിപ്പിച്ചിരിയ്ക്കാൻ ഇടയുണ്ട്. ആര്യന്മാർ പ്രാചീനകാലത്തു അന്ധവിശ്വാസത്തിൽ മുഴുകിയിരുന്ന അനാര്യന്മാരെ വശീകരിച്ചു തങ്ങൾക്കു പ്രയോജനപ്പെടുത്തുന്നതിനു ആദരിച്ച ഒരു വിദ്യയാണു ജ്യൗതിഷം എന്നും ഹോരാതന്ത്രം ഇടക്കാലത്തു ഗ്രീക്കുകാരിൽനിന്നും ഭാരതീയർ കടംവാങ്ങിയതാണെന്നും അതു ഇവിടെ വന്നിട്ടു രണ്ടായിരത്തിൽചില്വാനം വർഷമേ ആയിട്ടുള്ളൂ എന്നും മററുമാണു് ഈ മഹാന്റെ അഭിപ്രായങ്ങൾ In such State of Society predominating ignorant masses a widespread belief in the ageney of 'Stars' is inevitable.............. The Solar Zodiac and the week days with their astrology appear to have reached India about 3rd or 2nd century B. C. എന്നാണു് ഇതുസംബന്ധിച്ചുള്ള ആ മഹാന്റെ ഏതാനും വാക്യങ്ങൾ. വൈദികകാലത്തിലെ ആര്യന്മാർ സപ്തഗ്രഹങ്ങളെപ്പററിയും അവയുടെ ഗതിവിഗതികളെക്കുറിച്ചും അറിവുള്ളവരായിരുന്നു എന്നും ഇദ്ദേഹംപറയുന്നുണ്ട്. "Our Aryan ancestors knew the seven planets and their motions". ഈപണ്ഡിതന്റെ നമ്മുടെ ജ്യൗതിഷത്തെയും ഹോരാതന്ത്രത്തെയും പററിയുള്ള ഈ അഭിപ്രായം സ്വീകാരയോഗ്യമായി തോന്നുന്നില്ലാ എന്നു പറയേണ്ടിയിരിക്കുന്നു. ഭൂവാസികളെ സൂക്ഷിച്ചുവീക്ഷിച്ചുകൊണ്ടിരിയ്ക്കുന്നതുപോലെ സ്ഥിതിചെയ്യുന്ന നാദസതാരങ്ങളുടെ ദിവ്യശക്തിയിൽ അഥർവ്വവേദത്തിനപ്പുറം തന്നെ ആര്യന്മാർ വിശ്വസിച്ചിരുന്നു എന്നാണു പാശ്ചാത്യർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. "Belief in the power of the "Nakshatras" evidently inspired the invocations of them in the Atharva Veda" ക്ഷുദ്രങ്ങളായ വൃക്ഷലതാദികൾക്കുപോലും സുഖദുഃഖാദികളെ സംവേദിക്കുവാനും പ്രകടിപ്പിക്കുവാനും വേണ്ട ചൈതന്യ പരിണാമം സിദ്ധിച്ചിരുന്നുവെന്നു ആ അതിപ്രാചീനകാലത്തുപോലും നമ്മുടെ പൂർവ്വികന്മാർ ഗ്രഹിച്ചിരുന്നു. "അന്തസ്സംജ്ഞാഭവന്ത്യേതേ തരുഗുല്മലതാദയഃ" എന്ന പദ്യാർദ്ധം വളരെ പഴക്കമുള്ളതാണു്. ആധുനികകാലത്തു പരീക്ഷിച്ചറിഞ്ഞതാണു് ഈ തത്വമെന്നു ചിലർ മനസ്സിലാക്കിയിട്ടുള്ളതു ശരിയല്ല. വർഷപ്രതിബന്ധത്തെ നശീകരണശക്തിയുള്ള വൃത്രാസുരനായി സങ്കല്പിക്കുവാൻ വേണ്ട ഭാവനാശക്തിയുണ്ടായിരുന്ന വൈദികകാലത്തിലെ ആര്യന്മാർക്കു്, സൂര്യാദിസപ്തഗ്രഹങ്ങൾക്കു ഭൂലോകവാസികളിൽ നിഗ്രഹാനുഗ്രഹശക്തിയുണ്ടെന്ന പ്രതിഭാനം ശൂന്യമായിരുന്നെന്നു വിശ്വസിക്കുവാനും വളരെ പ്രയാസമായിരിക്കുന്നു വൈദികകർമ്മങ്ങൾക്കു ഉപയോഗപ്പെടാത്ത ഭൗമാദിപഞ്ചഗ്രഹങ്ങളെ സംബന്ധിച്ചുള്ള പര്യവേക്ഷണത്തിനു അന്നത്തെ ആര്യന്മാർ യാതൊരു പ്രയോജനവും ഉദ്ദേശിച്ചില്ലെങ്കിൽ എന്തിനു് ആയാസപ്പെട്ടു എന്നുള്ളതും ദുരൂഹമായിരിക്കുന്നു. പുരാതന ആര്യസാഹിത്യം പരിശോധിക്കുന്നപക്ഷം ജ്യോത്സ്യന്റെ രണ്ടു പര്യായങ്ങൾ—"നക്ഷത്രദർശകൻ" എന്നും "ഗണകൻ" എന്നും' —തൈത്തിരീയബ്രാഹ്മണത്തിലും യജുർവേദസംഹിതയിലും പ്രയുക്തമായിക്കാണുന്നതും പാണിനിയുടെ ഗണപാഠത്തിൽ "ആയുർവേദം" എന്ന പദത്തോടൊപ്പം ജ്യൗതിഷം എന്ന പദത്തെ പഠിച്ചുകാണുന്നതും പാണിനിയുടെ കാലത്തിനു വളരെ മുൻപുതന്നെ ജ്യൗതിഷം ഭാരതത്തിൽ പ്രതിഷ്ഠാപിതമായി എന്നുള്ളതിനു ലക്ഷ്യങ്ങളാണു്. പക്ഷേ ജ്യൗതിഷത്തിന്റെ ഓരോ ശാഖകളിൽ നൈപുണ്യം സമ്പാദിക്കുവാൻ അക്കാലത്തു ആളുകൾ ശ്രമിച്ചിരുന്നതല്ലാതെ ഇന്നത്തെപ്പോലെ ജ്യൗതിഷത്തിന്റെ എല്ലാ വശങ്ങളും വശമാക്കിയിട്ടുള്ളവർ അന്നു വളരെ ഉണ്ടായിരുന്നിരിക്കയില്ല. കൗടില്യന്റെ അർത്ഥശാസ്ത്രപ്രകാരം— ക്രിസ്തുവത്സരാരംഭത്തിനു മുൻപു് നാലാംശതകത്തിൽ — "കാർത്താന്തികന്മാർ" - "നൈമിത്തികന്മാർ" "മൗഹൂർത്തികന്മാർ" "പൗരാണികന്മാർ" എന്നിങ്ങനെ ഇന്നത്തെ ജ്യോതിഷത്തിന്റെ ഓരോ ശാഖകളിലും പഠിപ്പുള്ളവരെന്നു അഭിമാനിക്കുന്ന ജ്യോത്സ്യന്മാർ അന്നു ഉണ്ടായിരുന്നു എന്നു കാണുന്നതും ഈ അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ട്. ഭൃഗോളികളെന്നും യജുർവേദികളെന്നും, ഓരോ വേദശാഖയെ അവലംബിച്ചിട്ടുള്ള ബ്രാഹ്മണഗോത്രക്കാരെപ്പോലെ ജ്യൗതിഷത്തിന്റെ ഓരോ ശാഖയെ അവലംബിച്ച ജ്യോത്സ്യന്മാർ മൗഹൂർത്തികന്മാരെന്നും, കാർത്താന്തികന്മാരെന്നും മററുമുള്ള പേരുധരിച്ചു കൗടില്യന്റെ കാലത്തിനുമുൻപുതന്നെ നാട്ടിൽ പ്രചരിച്ചിരുന്നു എന്നു ഇവിടെ ഊഹിക്കുന്നതു സംഗതമായിരിക്കും. കൗടില്യൻ ജ്യോത്സ്യന്മാരെ ഉപഹസിക്കാനുള്ള കാരണം മുൻപു പറഞ്ഞപ്രകാരമുള്ള നക്ഷത്രസൂചകന്മാരുടെ അജ്ഞതയെ ആലോചിച്ചായിരിക്കണം. വാഗ്ഭടാചാര്യർ രോഗശമനത്തിനു് "ഗ്രഹേഷ്വനുഗുണേഷ്വ......" ഉപദേശിക്കുന്നുമുണ്ട്. ഗ്രഹങ്ങളുടെ അനുകൂലസ്ഥിതി ഈ വിഷയത്തിൽ നോക്കേണ്ടതാണെന്നുള്ള ഉപദേശം ആത്രേയാദിമഹർഷിമാരിൽനിന്നു ആഗതമായതാണു്;

(ശേഷം ൨൧-ാംപുറം.)



ക്യാബിനററു മന്ത്രിമാക്ക ഇൻഫ്ളുവൻസാ പിടിക്കയാൽ റുമേനിയൻ മന്ത്രിസഭായോഗം നടക്കാതെ മാററിവെച്ചിരിക്കുന്നു.

*    *    *    *

സഹാറാ മരുഭൂമിയിൽ ബൗസാദാ എന്നസ്ഥലത്തു ധാരാളം മഞ്ഞുവീണിരിക്കുന്നു. ഭയങ്കരമായ ചൂടുള്ള ഈ സ്ഥലത്തെ ഹിമപാതം ഒരത്ഭുതംതന്നെയാണ്.

*    *    *

ചൈനയിൽ കൺഫ്യൂഷ്യസ്സിൻെറ കുടുംബത്തിലെ കാരണവക്ക 2000-വർഷമായി ഉണ്ടായിരുന്ന "ഷെങ്ങ്പ്രഭു"എന്ന സ്ഥാനമാനം ഇപ്പോഠം നിറുത്തലായിരിക്കുന്നു.

*    *    *

അമേരിക്കയിൽ 11040-കുടുംബങ്ങഠം സർവേചെയ്തതിൻെറ ഫലമായി, പൊതുമുതലിൽനിന്നു പിച്ചവാങ്ങി ജീവിക്കുന്ന ദമ്പതികഠക്കാണു സന്താനവർദ്ധനവെന്നു തെളിഞ്ഞിരിക്കുന്നു.

*    *    *

ലണ്ടൻ മെൽബോൺവിമാനമത്സരത്തിൽ രണ്ടാമതുജയിച്ച മി. പാങ്ങ്ബോൺ അഞ്ചുദിവസംകൊണ്ടു എങ്ങും ഇറങ്ങാതെ വിമാനത്തിൽ ഭൂപ്രദക്ഷിണം നടത്തുന്നതിനുള്ള പ്ലാൻ തയ്യാറാക്കിവരുന്നു.

*    *    *

വിഷംകലന്ന മദ്യംസേവിക്കയാൽ ന്യൂയാക്ക സംസ്ഥാനത്തിൽ ആകെ 32 പേർ മരിച്ചുപോയിരിക്കുന്നു. ഇതുസംബന്ധിച്ചു അനേകം അറസ്ററുകഠം നടക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

*    *    *

സോവിയററുറഷ്യയുമായി ബൽജിയൻ ഗവർമ്മെൻറു ഔദ്യോഗികബന്ധം തുടരുന്നതല്ലെന്നു വിദേശമന്ത്രി പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു സോവിയററിനെ ലീഗിൽ പ്രവേശിപ്പിക്കുന്നതിനെതിരായിട്ടാണു ബൽജിയം വോട്ടുചെയ്തിട്ടുള്ളതെന്നു ഓക്കമല്ലൊ.

*    *    *

അമേരിക്ക ഹേയഗിലെ ലോകകോടതിയിൽ ചേരണമെന്നുള്ള പ്രമേയത്തിനു ആവശ്യമായ മൂന്നിൽ രണ്ടു ഭൂരിപക്ഷം സെനററിൽ ലഭിക്കാതെപോയിരിക്കുന്നു. 52 പേർ അനുകൂലമായും 36 പേർ പ്രതികൂലമായുമാണു വോട്ടുചെയ്തതു്.

*    *    *

എലക്ട്രിക്ക ബാററിയുടെ സഹായത്താൽ പറക്കുന്ന ഒരു വിമാനം ടോറൻേറായിലെ ഒരു ശാസ്ത്രജ്ഞനായ എഡ്വേർഡ് വാർഡ് പണിതീത്തു പറപ്പിച്ചുനോക്കിയിരിക്കുന്നു. ഈ വിമാനം മണിക്കൂറിൽ 250 മൈൽ വേഗത്തിൽ ഓടുമെന്നു കണ്ടിരിക്കുന്നു.

*    *

ലീഗ്കൌൺസിലിൽ സ്ഥിരമായ ഒരു സീററുകിട്ടാത്തതിനാൽ ലീഗിൽനിന്നു പിൻവാങ്ങിയിരിക്കുന്ന ബ്രസ്സീൽ വീണ്ടും ലീഗിൽ ചേരണമെന്നുള്ള പ്രമേയം അവിടുത്തെ ലെജിസ്ലേററീവു അസംബ്ളി തള്ളിക്കളഞ്ഞിരിക്കുന്നു.

*    *    *

പുരുഷന്മാർ നടത്തുന്ന വ്യഭിചാരത്തെ വിസ്മരിച്ചും വ്യഭിചാരക്കററംചെയ്തതായി തെളിയുന്നസ്ത്രീകഠക്കു തടവുശിക്ഷനിശ്ചയിച്ചും ഒരു നിയമം പാസായിരിക്കുന്നതിനെ പ്രതിഷേധിച്ചു ഷാംഗഹേയിൽ നിരവധി വനിതകഠം വിവാഹത്തെ ബായിക്കാട്ടു ചെയ്തുവരുന്നു.

*    *    *

മലമ്പനിയും മസൂരിയും പോരാഞ്ഞിട്ടു എന്നു തോന്നുമാറു കൊളമ്പിലെ സ്ലേവ് അയലണ്ടുഭാഗത്തു "ബ്ളാക്ക് വാട്ടർഫീവർ" എന്നു പറയുന്ന ഒരുതരം പനിബാധിച്ചിരിക്കുന്നു. സിലോണിൽ ഈ പനി ഉണ്ടായിരിക്കുന്നതു ഇപ്പോഠം നാലാമത്തെ പ്രാവശ്യമാണത്രെ.

*    *    *

ലണ്ടനിൽ ഒൻപതുമാസംമുമ്പ് സൈക്കിളിൽനിന്നു വീണു മുഖത്തിനു ഭയങ്കരമായ വൈരൂപ്യവും പാടുകളുമുണ്ടായ പന്ത്രണ്ടുവയസ്സായ സിന്തിയാവിൽസൻ എന്ന ബാലികയുടെ മുഖവൈരൂപ്യം സർ ഹാരോഠംഡ്ഗില്ലീസ് എന്ന ഡാക്ടർ അത്ഭുതകരമായ ശസ്ത്രക്രിയമൂലം പാടേ മാററിയിരിക്കുന്നു.

*    *    *

5000-ടൺഭാരമുള്ള മഹോക്ക്എന്നഅമേരിക്കൻകപ്പലും 4765-ടൺഭാരമുള്ള ടാലിസ്മാൻഎന്ന നോർവിജിയൻ കപ്പലുംതമ്മിൽ ന്യൂജഴ്സിക്കുസമീപംവച്ചു കൂട്ടിമുട്ടി. അപായഅറിയിപ്പുലഭിക്കയാൽ സഹായാത്ഥം അനേകം ലൈഫ്ബോട്ടുകഠം അങ്ങോട്ടു പുറപ്പെട്ടു. മഹോക്കിലുണ്ടായിരുന്നവരിൽ പലരെയും രക്ഷിച്ചു. ഒരു ലൈഫ്ബോട്ടിൽ ഉണ്ടായിരുന്ന ആളുകളെപ്പററി ഒരറിവുമില്ല

*    *    *

ഈയിടെ ഇററലിയും ജർമ്മനയുംചേന്നു ഒപ്പുവെച്ചിരിക്കുന്ന മദ്ധ്യയൂറോപ്യൻകരാറിൽ ജർമ്മനി ചേരുന്നതിൻെറ സാദ്ധ്യതയെപ്പററി ഇററലിയുമായി ആലോചിക്കാൻ ജർമ്മനി സന്നദ്ധതപ്രദർശിപ്പിക്കുന്നു. ഇതുസംബന്ധിച്ചു ജർമ്മൻസ്ഥാനപതിയായ വോൺഹാസൽ ഈയിടെ റോം സന്ദർശിക്കുന്നതാണു്.

*    *    *

പശ്ചിമാസ്ത്രേലിയായിക്കു ആസ്ത്രേലിയൻകാമൺവെൽത്തിൽനിന്നു വേർപെടണമെന്നു ഈയിടെ കാമൺസ്സഭയിലും പ്രഭുസഭയിലും കൊടുത്ത പെററിഷനെപ്പററി ആലോചിച്ചു വേണ്ട ശുപാർശകഠം ചെയ്യാനായി രണ്ടു സഭകളുടെയും കൂടെ ഒരു ജായിൻറുസിലക്ട്കമ്മിററി രൂപീകരിക്കുന്നുഎന്നു ഡൊമിനിയൻസിക്രട്ടറി മി. താമസ് കാമൺസിൽ പ്രസ്താവിച്ചിരിക്കുന്നു.

*    *    *

ഇന്ത്യാബിൽ പരിശോധിച്ചു ഭേദഗതികഠം തയാറാക്കുന്നതിനും മററുമായി ലേബർപാർട്ടി ഒരു വിശേഷാൽകമ്മററിയെ നിയമിച്ചിരിക്കുന്നു. ഇന്ത്യൻ അഭിപ്രായത്തിൻെറ വിശദമായ സമ്മതം ലഭിക്കുന്നതുവരെ ഇന്ത്യാബിൽ സംബന്ധിച്ചു കൂടുതൽ നടപടി നടത്തുന്നതു രണ്ടു രാജ്യങ്ങളും തമ്മിലുള്ള സൗഹാർദ്ദബന്ധത്തിനു ഹാനികരമാണെന്നു രണ്ടാംവായനക്കിടയിൽ ലേബർമെമ്പറായ കർണൽ വെഡ്ജ്വുഡ് ഒരുപക്ഷേപം ഹാജരാക്കുന്നതാണു്. രണ്ടാംവായന ഫെബ്രുവരി 6, 7, 11 എന്നീ തീയതികളിലാണു നടത്താൻ വെച്ചിരിക്കുന്നതു്.

*    *    *

മണിക്കൂറിൽ 86 മൈൽ വേഗമുള്ള ഭയങ്കരമായ കൊടുങ്കാററും മഞ്ഞുമഴയും ബ്രിട്ടനെ ബാധിച്ചിരിക്കുന്നു. കാററിൻെറ ശക്തിമൂലം വൃക്ഷങ്ങളും കമ്പിത്തൂണുകളും ചിമ്മനികളും പിഴുതുവീഴുകയും ഗതാഗതവിഘ്നം ഉണ്ടാകയും ചെയ്തുവരുന്നു. മഞ്ഞുവീണു വഴികഠം മൂടപ്പെട്ടിരിക്കുന്നു. അനേകം മീൻപിടിത്തക്കപ്പലുകഠം കരയ്ക്കടുക്കാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നു. ഇൽഫ്രാക്കോംബ് എന്ന സ്ഥലത്തു കൊടുങ്കാററു 80 മൈൽ വേഗത്തെ പ്രാപിക്കയും പല നാശങ്ങഠം വരുത്തിക്കൂട്ടുകയുമുണ്ടായി. ഇതിനുമുമ്പു ഇത്തരം കൊടുങ്കാററുകഠം ഉണ്ടായിട്ടില്ലെന്നാണു പ്രായമായവർ പറയുന്നതു്.

*    *    *

ഭൂമിയുടെ ചരിത്രവും പ്രകൃതിയും പരീക്ഷിച്ചുപഠിക്കാൻ ഉതകുന്നതായ ഒരു പുതിയ മ്യൂസിയം (കാഴ്ചബംഗ്ലാവ്) അടുത്തജൂലായിമാസത്തിൽ ഇംഗ്ലണ്ടിൽ സൌത്തുകെൻസിങ്ങ്ടനിൽ തുറക്കുന്നതാണു്. 20,000 പവൻ കെട്ടിടത്തിനുതന്നെ ചെലവാണു്. അതിലേക്കു സംഭരിച്ചതായ 6 ലക്ഷം പ്രദർശനവസ്തുക്കഠം എത്തിക്കഴിഞ്ഞിരിക്കുന്നു. വിദഗ്ദ്ധ ഭൂശാസ്ത്രജ്ഞന്മാക്കു അവിടെച്ചെന്നു്, ഒരു മധുരനാരങ്ങ കീറി അതിൻെറ ഉള്ളിനെപ്പററി പഠിക്കാൻ കഴിയുമ്പോലെയോ, അല്ലെങ്കിൽ ഒരു തവളയെക്കീറി ശരീരശാസ്ത്രത്തെപ്പററി പഠി

ക്കാൻ കഴിയുന്നതുപോലെയോ, എളുപ്പത്തിൽ ഭൂമിയെപ്പററിയും ശാസ്ത്രീയവിവരങ്ങൾ പരീക്ഷിച്ചറിയാൻ സാധിക്കുന്നതാണു. പല കീറലും മുറിക്കലും പരീക്ഷിക്കലും സാധ്യമായിരിക്കും. ഭൂകമ്പംകൊണ്ടും മററും വരുന്ന മാററങ്ങളെപഠിക്കാൻ കഴിയുന്നവിധം പല ഏപ്പാടും അവിടെയുണ്ടു്-കെട്ടിടംതന്നെ, ഇങ്ങനെയെല്ലാമുള്ള ശാസ്ത്രീയ പഠനത്തിനു പ്രത്യേകം ഉപകരിക്കുന്ന നിലയിൽ വിദഗ്ദ്ധന്മാരുടെ പ്ലാൻ അനുസരിച്ചുണ്ടാക്കിയതാണു്. വിദഗ്ദ്ധരല്ലാത്ത സാധാരണക്കാൎക്കു ഈ മ്യൂസിയം വളരെ കൌതുകാവഹമായ ഒന്നാണു്. യുഗയുഗാന്തരങ്ങൾക്കു മുമ്പുള്ള ഭൂചരിത്രം അവരുടെ കണ്ണിനുമുമ്പാകെ സജീവമായി പുനരാവർഭവിക്കുന്നു. തണുത്തു കെട്ടുപോയതായി കണക്കാക്കീട്ടുള്ള അഗ്നിപൎവതങ്ങൾ വീണ്ടും പഴയകാലത്തെ കരാളധൂമാവലിയും വഹ്നിജ്വാലകളും വമിച്ചുകൊണ്ടു എരിയുന്നു. അനേകലക്ഷം സംവത്സരങ്ങൾക്കു മുമ്പുതന്നെ അലിഞ്ഞു നാമാവശേഷമായ വമ്പിച്ച ഗ്ലേസിയറുകൾ—മലപോലെ വിപുലമായ ഉറച്ചു കട്ടിയായ, മഞ്ഞിൻ പ്രവാഹങ്ങൾ—വീണ്ടും തണുത്തുറച്ചു ആവിർഭവിച്ചു് യൂറോപ്പിൻെറമീതെ മൂടിനിങ്ങിക്കൊണ്ടിരിക്കുന്നു. മാഞ്ചെസ്റ്ററും ബർമിങ്ങാമുമെല്ലാം നിബിഡമായ മഹാവനങ്ങളായിക്കിടന്നിരുന്ന ഒരുകാലം വീണ്ടും അക്ഷിലക്ഷീഭവിക്കുന്നു. ആകപ്പാടെ വിസ്മയിക്കാനും പഠിക്കാനും ധാരാളം വകയുണ്ടു്

* * *

പാരീസിൽനിന്നു ലണ്ടനിലേക്കു പറന്ന ഹിൽമാൻഎയർവേസ് വക വിമാനത്തിൽനിന്നു അറുപതിനായിരം പവൻ വിലവരുന്ന സ്വർണ്ണക്കട്ടി താഴെ വീണുപോയിരിക്കുന്നു. വിമാനം എസക്സിൽ ഇറങ്ങിയപ്പോൾ ലഗ്ഗേജ് മുറി കൊടുങ്കാററിൻെറ ഫലമായി തുറന്നുപോയിരുന്നതായും സ്വർണ്ണക്കട്ടിയുൾപ്പെടെ പല സാധനങ്ങളും നഷ്ടപ്പെട്ടിരിക്കുന്നതായും കാണപ്പെട്ടു. എസക്സ്, കെൻറ്, സസക്സ് എന്നീ സ്ഥലങ്ങളിലെ പോലീസുകാർ ഊർജ്ജിതത്തിൽ അന്വേഷിച്ചതിൻെറ ഫലമായി സ്വർണ്ണക്കട്ടി കണ്ടുകിട്ടിയിരിക്കുന്നു.

* * *

അയർലൻഡും ജർമ്മനിയുംതമ്മിലുള്ള വാണിജ്യസന്ധി ഒപ്പിട്ടിരിക്കുന്നു.

* * *

അമേരിക്കയിൽ മിസിസിപ്പിനദിയിലെ ജലപ്പെരുക്കത്തിൻെറ ഫലമായി 47 പേർ മരിച്ചുപോയിരിക്കുന്നു-

* * *

ഗ്ലൂസ്റ്റർപ്രഭു ന്യൂസിലൻഡിലെ സഞ്ചാരം കഴിഞ്ഞു "ആസ്ത്രേലിയാ" എന്ന കപ്പലിൽ ഫിജിയിലേക്കു തിരിച്ചിരിക്കുന്നു.

* * *

പത്തുലക്ഷം പവൻ വിലയുള്ള യന്ത്രസാമഗ്രികൾ റഷ്യയിൽ ഇറക്കിക്കൊടുക്കുന്നതിനു ആർക്കോസ് ലിമിററഡ് എന്ന റഷ്യൻ ഫേം ബ്രിട്ടീഷ് വ്യവസായികൾക്കു ആർഡർ കൊടുത്തിരിക്കുന്നു.

* * *

ജർമ്മനിയിൽസ്റ്റേററുഡിവിഷൻസിനുപകരം അനേകംഡിപ്പാർട്ടുമെൻറുകളുണ്ടാക്കി സകല ഭരണാധികാരങ്ങളോടുകൂടിയ നാസിമേധാവികളുടെ നിയന്ത്രണത്തിലാക്കാൻ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു.

* * *

ഹേയ്ഗിൽ സ്ഥാപിതമായിരിക്കുന്നലോകമഹാകോടതിയിൽ അമേരിക്ക ചേരണമെന്നു ഒരു പ്രക്ഷേപണപ്രസംഗത്തിൽ പ്രസിഡൻറു റൂസ്വെൽററു അമേരിക്കാക്കാരോടുൽബോധിപ്പിക്കുന്നു-

* * *

ഒരു സുലു (ആഫ്രിക്കൻ) ബാലികയെ വിവാഹംചെയ്യു വില്യം ഫെഡർ എന്ന ഒരു ജർമ്മൻകാരനെ നേററാലിലെ യൂറോപ്യൻസമുദായം ബായിക്കാട്ടുചെയ്യാൻ ശ്രമംചെയ്യുന്നു. ഡൻഡീമജിസ്ട്രേട്ടും യൂറോപ്യൻസമുദായവും മി. ഫെഡറിനെ ഈ ഉദ്യമത്തിൽനിന്നും പിൻതിരിക്കാൻശ്രമിച്ചെങ്കിലും ഫെഡർ അവളെ വിവാഹംചെയ്യുതന്നെചെയ്തു.

* * *

റിനൗൺ, ഹുഡ്, എന്നീ യുദ്ധക്കപ്പലുകൾ ജിബ്രാൾട്ടർ കടലിടുക്കിൽവച്ചു് കൂട്ടിയിടിച്ചതിൻെറ ഫലമായി അവ നന്നാക്കാൻ ലണ്ടനിലേക്കു തിരിച്ചുകൊണ്ടുചെല്ലുമെന്നറിയുന്നു. ജിബ്രാൾട്ടറിൽ ഇതേപ്പററി ഒരു അന്വേഷണക്കോടതി കൂടിയിരിക്കുന്നു.

* * *

പുതുതായി രൂപവൽക്കരിക്കപ്പെട്ട തൊഴിലില്ലായ്മ സഹായബോർഡിനുവേണ്ടിയുള്ള ധനാഭ്യർത്ഥന സംബന്ധിച്ചു കാമൺസിൽ നടന്ന വാദപ്രതിവാദത്തിനിടയിൽ പബ്ലിക്ക് ഗ്യാലറിയിൽ അഭൂതപൂർവമായ ബഹളമുണ്ടായി. ഗവർമ്മെൻറു നിർദ്ദേശങ്ങൾ തീരെ മതിയാകുന്നില്ലെന്നു പറഞ്ഞു ലേബർ മെമ്പർ ആയ ബുക്കാനൻ സഭയിൽ സന്നിഹിതനല്ലായിരുന്ന പ്രധാനമന്ത്രിയെ കഠിനമായി അധിക്ഷേപിച്ചു. ഇതേത്തുടൎന്നു "നാഷണൽ ഗവർമ്മെൻറു തുലയട്ടെ, കുട്ടികളെ പട്ടിണിക്കിടുന്ന ദുഷ്ടന്മാർ തുലയട്ടെ" എന്നു പബ്ലിക്ക് ഗ്യാലറിയിൽനിന്നു ഒരു ശബ്ദംമുഴങ്ങി. പ്രകടനക്കാരെയും അനന്തരം പബ്ലിക്ക് ഗ്യാലറിയിൽ ഇരുന്നിരുന്ന എല്ലാവരെയും സ്പീക്കർ പുറത്താക്കി.

* * *

ബ്രിട്ടീഷ് കൽക്കരിക്കുപകരം അയർലൻഡിലെ കന്നുകാലികളെകൊടുക്കണമെന്നുള്ള ആംഗ്ലോഐറിഷ് സന്ധിയെ പരാമർശിച്ചുകൊണ്ടു് ഡോമിനിയൻസിക്രട്ടറിയായ മി.ജെ. എച്ചു്. താമസ പന്ത്രണ്ടു ടൺ കൽക്കരികൊല്ലംതോറുംഅയർലണ്ടിനുകൊടുക്കേണ്ടിവരുമെന്നു ഊഹിക്കുന്നു. ഇതുകൊണ്ടു് 5000 ഖനിവേലക്കാൎക്കു വേണ്ട തൊഴിൽ ഉണ്ടാകുന്നതാണു്. ഈ തീരുമാനം ഇരുകൂട്ടൎക്കും തൃപ്തികരവും, ബ്രിട്ടനു ഗുണകരവും ആകുന്നു. കൂടുതൽ വമ്പിച്ച രാഷ്ട്രീയപ്രശ്നങ്ങളെ ഉൾക്കൊള്ളത്തക്കവിധം ഈ ഉടമ്പടിയെ വിസ്തരിക്കുന്നപക്ഷം അതിനെ ഗവർമ്മെൻറു സ്വാഗതംചെയ്യുന്നതായിരിക്കും.

* * *

"പാഷാണമന്ത്രവാദിനി" എന്നറിയപ്പെടുന്ന മിസിസ് നാദിയെ പാഷാണംപ്രയോഗിച്ചു അവരുടെ ബന്ധുക്കളെക്കൊന്ന കുററത്തിനു വേറെ ഏഴു സ്ത്രീകളോടും രണ്ടു പുരുഷന്മാരോടുംഒന്നിച്ചു ബുഡാപ്പെസ്റ്റിൽ വിസ്തരിച്ചുവരുന്നു. 16 ശവശരീരങ്ങൾ കുഴിച്ചെടുത്തതിൽ 11 ശരീരത്തിലും പല ആനകളെകൊല്ലാൻ മതിയാകുന്നത്ര പാഷാണം ഉണ്ടായിരുന്നു. അമേരിക്കൻ സിനിമാവ്യവസായികളും ഫോട്ടോ ഗ്രാഫറന്മാരും സന്നിഹിതരായിരുന്നു. മിസിസ് നാദിതന്നെയാണു കരച്ചിൽകൊണ്ടു അവളെ ശല്യപ്പെടുത്തിയ ഒരു കുട്ടിയും സ്വന്തം പുത്രിയുടെ സന്തതിയും ഉൾപ്പെടെ 5 പേൎക്കു വിഷംകൊടുത്തതു്. 72 വയസ്സായുള്ളവൾ ആ സ്ഥലത്തു വളരെക്കാലമായി ചികിത്സകൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. പ്രതികൾക്കെല്ലാം അവൾ പാഷാണംനൾകിയെന്നു അതു ഉപയോഗിക്കേണ്ടതെങ്ങനെയെന്നു പഠിപ്പിച്ചുഎന്നും അറിയുന്നു. അവളെ തൂക്കിക്കൊല്ലുമെന്നു വിശ്വസിക്കപ്പെടുന്നു.

---


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ. ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവൎക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No 72, Lahore.


---


നഷ്ടപ്പെട്ട ലോകം.

സർ. ആർതർ കോണൻഡോയിലിൻെറ

**THE LOST WORLD**

എന്ന നോവലിൻെറ അധികൃതമായ

പരിഭാഷ പുസ്തകരൂപത്തിൽ

തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# മലയാളരാജ്യം.

1110 മകരം 22-ാംനു- തിങ്കളാഴ്ച

നിയമസഭയുടെ രണ്ടുമണ്ഡലങ്ങളുടേയും സംയുക്തമായ ഒരു പൂർണ്ണയോഗത്തിൽ ദിവാൻജിചെയ്ത പ്രസംഗം ശ്രദ്ധേയമാകുന്നു. മുഖ്യപ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ ഉദ്ദേശിക്കുന്ന രീതികളും പരിഹാരമാർഗ്ഗങ്ങളുമാണു് അതിൽ പ്രതിപാദിക്കുന്നതു്. ഭരണയന്ത്രത്തിൽ ഗവർമ്മെന്റും നിയമസഭയും തുല്യപ്രാധാന്യമുള്ള അംശങ്ങളാണെന്നു് ദിവാൻജി മുമ്പും പ്രസ്താവിച്ചിട്ടുള്ളതിനെ പ്രസ്തുതപ്രസംഗത്തിലും അനുസ്മരിക്കുന്നുണ്ടു്. കർഷകദുരിതനിവാരണം, വ്യവസായശാലാസ്ഥാപനം, ശമ്പളക്രമീകരണം ഇവയെപ്പററിയെല്ലാം ദിവാൻജി സൂചിപ്പിച്ചിട്ടുണ്ടു്. വ്യവസായശാലകൾ സ്ഥാപിക്കുന്നതുകൊണ്ടുമാത്രം തൊഴിലില്ലായ്മയ്ക്കു ഗണ്യവും കാമ്യവുമായ പരിഹാരമുണ്ടാകുന്നതല്ലെന്നും, ശമ്പളക്രമീകരണംമുതലായ കാര്യങ്ങൾ ആ പ്രശ്നത്തെ എത്രമാത്രം ഗൗരവത്തോടെ ബാധിക്കുന്നുണ്ടെന്നതു വിഗണിക്കാവുന്നതല്ലെന്നും ഈ സന്ദർഭത്തിൽ സ്മരിക്കുന്നുമുണ്ടു്. കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധിമാത്രമാണു് നാട്ടിലെ സമ്പൽക്ഷയത്തിനു് സ്ഥായിയായ പരിഹാരമായിതീരുന്നതു്. നമ്മുടെ പര്യവേക്ഷകന്മാരും ശാസ്ത്രീയവകുപ്പുകാരും എല്ലാം നവംനവങ്ങളായ പദ്ധതികളും കഴിവുകളും കണ്ടുപിടിച്ചു ജനസാമാന്യത്തിനു ഉൽബോധനം നൽകുവാൻ കടപ്പെട്ടവരാണു്. കൃഷി, വ്യവസായംമുതലായ കാര്യങ്ങൾക്കുവേണ്ടി ഉത്സാഹശീലന്മാരും പ്രവൃത്തിതല്പരരും ആയിട്ടുള്ളവർക്കു ധനസഹായംചെയ്യുന്ന വിഷയത്തിലും ഗവർമ്മെന്റു ശ്രദ്ധിക്കേണ്ടതാണു്. ഉല്പന്നങ്ങൾക്കു ഉചിതമായ കമ്പോളങ്ങൾ സുസ്ഥിരമാക്കുന്നതിലും നമ്മുടെ ശ്രദ്ധ പതിയേണ്ടതായുണ്ടു് ജനങ്ങളും ഗവർമ്മെന്റുദ്യോഗസ്ഥന്മാരും നാട്ടിലെ ദുരിതത്തെ തുല്യഗൗരവത്തോടെ മനസ്സിലാക്കി അത്യന്തമായ ശ്രദ്ധയോടും താല്പര്യത്തോടുംകൂടി പ്രവർത്തിച്ചാൽമാത്രമേ രക്ഷാമാർഗ്ഗം ഉണ്ടാവുകയുള്ളു.

* * *

ഈയിടെ ലണ്ടനിൽവച്ചു ബ്രിട്ടീഷുഗവർമ്മെണ്ടിന്റേയും ഇന്ത്യാഗവർമ്മെണ്ടിന്റേയും പ്രതിനിധികൾചേർന്നു ഒപ്പുവെച്ച ഇൻഡോബ്രിട്ടീഷുകച്ചവടഉടമ്പടിയെ ഇന്ത്യാഅസംബ്ളി 58 വോട്ടിനെതിരായി 66 വോട്ടോടുകൂടി തള്ളിക്കളഞ്ഞിരിക്കുന്നു. ഉടമ്പടി ആലോചനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഹാജരാക്കിക്കൊണ്ടു വാണിജ്യമെമ്പർ പറഞ്ഞതു ചുങ്കം, തീരുവ എന്നീ കാര്യങ്ങളിൽ ഇതുവരെ നടപ്പിലിരുന്നതും അതതുകാലത്തു ഇന്ത്യാനിയമസഭയുടെ സമ്മതം ലഭിച്ചിട്ടുള്ളതുമായ നയങ്ങളേയും നടപടിരീതികളേയും സംഗ്രഹിച്ചു ക്രോഡീകരിക്കമാത്രമാണു് പുതിയ ഉടമ്പടി ചെയ്യുന്നതെന്നും അതുകൊണ്ടാണു ഇന്ത്യൻ വാണിജ്യപ്രതിനിധികളുമായി നേരത്തേ കൂടിയാലോചന നടത്തേണ്ടതില്ലെന്നു വിചാരിച്ചതെന്നുമാണു്. പ്രസ്തുത ഉടമ്പടിയെ കഴ്യോടെ അവസാനിപ്പിക്കണമെന്നു ഗവർമ്മെന്റിനോടു ആവശ്യപ്പെടുന്നതായി അവതരിപ്പിച്ച ഭേദഗതി മേൽ സൂചിപ്പിച്ച ഭൂരിപക്ഷത്തോടെ സഭ പാസ്സാക്കുകയും തന്മൂലം വാണിജ്യമെമ്പറിന്റെ ഉപക്ഷേപം സ്വയമേവ നിരാകൃതമായിത്തീരുകയുമാണുണ്ടായതു്. ബ്രിട്ടനിൽനിന്നുള്ള മത്സരത്തിൽനിന്നു ഇന്ത്യൻ വ്യവസായങ്ങളെ രക്ഷിക്കുന്നതിനു പുതിയ ഉടമ്പടിമൂലം അസാദ്ധ്യമായിത്തീരുന്നു പുതിയ ഉടമ്പടിയെപ്പററിയുള്ള മറെറാരു വലിയ ആക്ഷേപം അതൊപ്പിടുന്നതിനുമുമ്പായി ഇന്ത്യൻവാണിജ്യപ്രതിനിധികളോടു ഒരുവാക്കുപോലും ചോദിച്ചില്ല എന്നുള്ളതാണു്. ഈ ആക്ഷേപത്തിനു ഗവർമ്മെന്റുപക്ഷത്തുനിന്നും തൃപ്തികരമായ സമാധാനമൊന്നും പറഞ്ഞിട്ടില്ല. കച്ചവട ഉടമ്പടിയെസംബന്ധിച്ചു അസംബ്ളി പ്രത്യക്ഷപ്പെടുത്തിയ മനോഭാവം ഭരണപരിഷ്കാരനിർദ്ദേശങ്ങളോടുള്ള മനോഭാവത്തിന്റെ ഒരു മാനദണ്ഡമായി കരുതാമെങ്കിൽ ജെ. പി. സി. റിപ്പോർട്ടിനു അസംബ്ളിയിൽ ലഭിക്കാൻപോകുന്ന സ്വീകരണം ഒട്ടും മെച്ചമായിരിക്കുമെന്നു തോന്നുന്നില്ല. പക്ഷേ സർട്ടിഫിക്കേഷൻകൊണ്ടു അസംബ്ളിയുടെ തീരുമാനത്തെ ലംഘിക്കാൻ ഗവർണർജനറലിനു അധികാരമുണ്ടു്. എങ്കിലും സർട്ടിഫിക്കേഷൻ അല്ലാതെ ഗത്യന്തരമില്ലെന്നനില കുറേനാൾ തുടരാമെങ്കിൽ അതു ഇന്ത്യൻപ്രശ്നത്തിനു ശാശ്വതവും തൃപ്തികരവും ആയ ഒരു തീരുമാനം ഉണ്ടാക്കാതെ തരമില്ലെന്നുംവരും.

* * *


തിരുവിതാംകൂറിലെ രണ്ടു നിയമസഭാമണ്ഡലങ്ങളുടേയും ഈ പ്രാവശ്യത്തെ യോഗങ്ങൾ കഴിഞ്ഞിരിക്കുന്നു. ബഡ്ജററു സമ്മേളനത്തിൽ അവതരിപ്പിക്കാവുന്ന ചെലവുകളെ ആ അവസരത്തിൽ സഭയുടെ വാദപ്രതിവാദത്തിനു വിഷയീഭവിപ്പിക്കാതെ പിന്നീടു സപ്ളിമെന്ററി ഗ്രാന്റുകൾ ആവശ്യപ്പെടുന്നതു യുക്തമല്ലെന്ന തത്വത്തെ ആസ്പദമാക്കി മെമ്പർമാർ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചതായി കാണാവുന്നതാണു് കൃഷിപ്പിഴയേയും കർഷകസങ്കടങ്ങളേയും പരിഗണിച്ചു കരമിളവുചെയ്യണമെന്നു ഗണ്യമായ ഭൂരിപക്ഷത്തോടെ രണ്ടു സഭകളിലും പ്രമേയം പാസ്സായതിൽനിന്നു ഇപ്പോഴത്തെ കഷ്ടതകളെ പരിഹരിക്കുന്നതിനു നിവൃത്തിയുള്ള എല്ലാനടപടികളും ഗവർമ്മെന്റു നടത്തേണ്ടതാണെന്നുള്ള ബലവത്തായ പൊതുജനാഭിപ്രായം സ്പഷ്ടമാകുന്നുണ്ടു. അസംബ്ളിയിൽ മൂന്നുപാർട്ടികളുണ്ടെങ്കിലും ഈ പാർട്ടികളുടെ ആദർശങ്ങളും ഉദ്ദേശങ്ങളും ഏകദേശം ഒന്നുപോലെയാണെന്നു കാണാവുന്നസ്ഥിതിക്കു ഈ പാർട്ടികൾ യോജിച്ചു പ്രവർത്തിക്കുന്നതായാൽ കൂടുതൽ പ്രയോജനകരമായിരിക്കയില്ലയോ എന്നു പലൎക്കും തോന്നുന്ന ആശയം കരമിളവുപ്രമേയത്തിന്റെ വിജയത്താൽ പ്രബലീഭവിക്കുന്നു. സഭാംഗങ്ങളുടെ ഗാഢമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയുന്നതു ശ്രേയസ്കരമായിരിക്കും.

* * *

ഇൻഡ്യയിലെ ഇമ്പീരിയൽകൗൺസിൽ ഓഫ് അഗ്രിക്കൾച്ചുറൽ റിസർച്ചു് എന്ന കാർഷികപര്യവേക്ഷണസമിതിയിൽനിന്നു മൈസൂർസംസ്ഥാനത്തിനു ഫലവർഗ്ഗവ്യവസായപര്യവേക്ഷണങ്ങൾക്കായി 46000-രൂപാ അനുവദിച്ചിരിക്കുന്നു. വിവിധഫലവർഗ്ഗങ്ങൾ സമൃദ്ധിയായുണ്ടാകുന്ന ഒരു രാജ്യമാണു മൈസൂർ അവിടെ ഇപ്പോൾ ഫലവർഗ്ഗവ്യവസായവകുപ്പിന്റെ കീഴിൽ ഇരുപതിനായിരംഏക്കർസ്ഥലത്തു ഫലങ്ങളും സസ്യാദികളും കൃഷിചെയ്തുവരുന്നുണ്ടു്. പല സ്ഥലങ്ങളിലേക്കും ഇവ ധാരാളമായി കയററിഅയക്കുകയും ചെയ്തുവരുന്നു. മൈസൂറിനെപ്പോലെതന്നെ ഫലവർഗ്ഗങ്ങൾസമൃദ്ധിയായുണ്ടാവുന്ന ഒരു രാജ്യമായ തിരുവിതാംകൂറും പ്രസ്തുത സമിതിയിലെ അംഗമായി ചേർന്നിട്ടുണ്ടു്. ഇവിടത്തെ ഫലവർഗ്ഗങ്ങളുടെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്ന വിഷയത്തിൽ പ്രസ്തുതസമിതിയിലെ അംഗമായി ചേർന്നതിന്റെ ഫലം പൂർണ്ണമായി കൈവരുത്തുവാൻ തിരുവിതാംകൂറും പ്രവർത്തിക്കേണ്ടതാണു്.


* * *

കൊല്ലത്തു ശ്രീ. കലേൽക്കറിനെ സ്വീകരിക്കാൻകൂടിയ സമ്മേളനത്തിൽ, അദ്ദേഹം ചെയ്ത പ്രസംഗം ആരംഭിച്ചതു്, വിദേശഭാഷയുടെകാലം അസ്തമിച്ചെന്നും, സ്വഭാഷയുടെകാലം സമാഗതമായിരിക്കുന്നു എന്നുമുള്ള പ്രസ്താവനയോടെയാണു്. എന്നാൽ പ്രസംഗം തുടരുന്നവേളയിൽ മുമ്പിലിരുന്ന അഭ്യസ്തവിദ്യരായ മാന്യസദസ്യരിൽ പലരും ഇംഗ്ലീഷിൽ പ്രസംഗിക്കണമെന്നു അദ്ദേഹത്തെ അലട്ടുകയാണുണ്ടായതു്. അവിടെ സന്നിഹിതരായിരുന്ന വനിതകൾക്കു ഹിന്ദിപ്രസംഗംതന്നെ തുടരണമെന്നു ആഗ്രഹമുണ്ടായിരുന്നു. എന്നുള്ളതും സ്മരണീയമാണു്. ഹിന്ദിപഠനത്തിന്റെ അത്യാവശ്യകത, അതുകൊണ്ടുള്ള ഗുണങ്ങൾ, വിദേശഭാഷ ഉപയോഗിക്കുന്നതുകൊണ്ടുള്ള തകരാറുകൾ മുതലായവയെപ്പററി അഭ്യസ്തവിദ്യരായ മാന്യന്മാൎക്കു ധാരാളം അറിവുണ്ടെന്നാണു ഞങ്ങളുടെ വിശ്വാസം എന്നിട്ടും അവർ തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിൽ ജാഗരൂകരല്ലായിരുന്നു എന്നുള്ളതു് നൈരാശ്യജനകമായിരിക്കുന്നു. കേരളത്തിൽ ഹിന്ദിപ്രചാരത്തിനു വലിയ പ്രാബല്യം ഉണ്ടായിട്ടില്ലെന്നുള്ളതിനു കൂടുതൽ തെളിവു് ആവശ്യമില്ല. അദ്ധ്യക്ഷനവർകൾ തന്റെ ഉപക്രമപ്രസംഗത്തിൽ പറഞ്ഞതുപോലെ കുറെ നേതാക്കന്മാർമാത്രം ശ്രമിച്ചതുകൊണ്ടു് വിജയം കൈവരുകയില്ലെന്നുള്ളതുംനിർവിവാദമാണു്. കേരളസാഹിത്യത്തിന്റെ അഖിലേന്ത്യാപരിമാണമായ വളർച്ചയ്ക്കു കേരളത്തിലെ ഹിന്ദിപ്രചരണം അത്യന്താപേക്ഷിതമാണെന്നുള്ള ആചാര്യകലേൽക്കരുടെ അഭിപ്രായം എത്രയും ആദരണീയമാണു് ഹിന്ദിയുടെ പ്രചാരത്തെപ്പററി അനൗദ്യോഗികമായ എഴുത്തുകുത്തുകൾ നടക്കുന്നതായും താമസിയാതെതന്നെ സകല ഉദ്യോഗസ്ഥന്മാരും ഹിന്ദിപ്രചരണത്തെ സഹായിക്കത്തക്കവിധം പ്രയത്നിക്കാൻ നിർബന്ധിതരായിത്തീരുന്ന ഒരു വിളംബരം ഹജൂരിൽനിന്നു പുറപ്പെടാനിടയുള്ളതായും ഇപ്പോൾ കേൾക്കുന്നു. ഇതു പരമാർത്ഥമെങ്കിൽ നമ്മുടെ മഹാരാജാവുതിരുമനസ്സിലേക്കു ഹിന്ദിയോടുള്ള പക്ഷപാതം നിസ്സീമമാണെന്നു് ആഹ്ളാദിക്കാം.




ചക്രവത്തി തിരുമനസ്സുകൊണ്ടു മിത്രങ്ങൾക്കയച്ച ക്രിസ്മസ്സുകാർഡിലെ ചിത്രം.
‘വിൻഡ്സർകൊട്ടാരം, നദിയിൽനിന്നുള്ള കാഴ്ച’ എന്ന ബെർനാർഡ്ഗ്രീബിൾ – ന്റെ പെയിൻറിംഗിൽനിന്നാണു പ്രസ്തുത ചിത്രം പകത്തിയിട്ടുള്ളതു്.

U. P. S.



ക്വീൻസ്‌ലണ്ടിലെ ഒരു കുമാരി തോട്ടത്തിൽ നിന്നു ഫലങ്ങൾ ശേഖരിക്കുന്നു.

N. I. A.


1934. Marriage solemnized at Westminster Abbey in the Close of St. Peter Westminster in the County of Middlesex

| No. | When Married. | Name and Surname. | Age. | Condition. | Rank or Profession. | Residence at the time of Marriage. | Father's Name and Surname. | Rank or Profession of Father. |
| --- | --- | --- | --- | --- | --- | --- | --- | --- |
| | 29th November 1934 | George Edward Alexander Edmund Windsor | 31 | Bachelor | Prince of the United Kingdom of Great Britain and Ireland K.G. K.T. G.C.M.G. G.C.V.O. | St. James's Palace | George Frederick Ernest Albert Windsor | H.M. King George V |
| | | Marina | 27 | Spinster | Princess of Greece | Buckingham Palace | Nicolas ... | H.R.H. Prince Nicolas of Greece |

Married in Westminster Abbey according to the Rites and Ceremonies of the Established Church by Special Licence by me,


This Marriage was solemnized between us, George Marina

in the presence of us:— George R I, Mary, Albert, Elizabeth, Edward P, Beatrice, Paul Prince Regent of Yugoslavia, Victoria, Nicholas, Helen, Elizabeth, Maria, Athlone, Sankey, Stanley Baldwin, William Ebor.

കെൻറുമരീനാവിവാഹത്തിൻെറ ലൈസൻസ്.

വെൻസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽ ഈ വിവാഹ സാക്ഷ്യമായ രേഖ സൂക്ഷിക്കപ്പെടുന്നതാണ്. ദമ്പതികളുടെ കയ്യൊപ്പുകൾക്കു താഴെയായി ചക്രവത്തി ചക്രവത്തിനി എന്നീ തിരുമേനിമാരുടെ കയ്യൊപ്പു കാണുന്നു. തുടൻതന്നെ വധുവിൻെറ മാതാപിതാക്കന്മാരുടെയും കയ്യൊപ്പുകാണാം യൂറോപ്പിലെമിക്കവാറും എല്ലാ രാജകുടുംബങ്ങളുടെയും പ്രതിനിധികൾ ഇതിൽ കയ്യൊപ്പിട്ടിട്ടുണ്ട്

U. P. S



ഭാവിയുദ്ധങ്ങളിലെ വിഷവായുപ്രയോഗത്തെ ജയിച്ചു നിൽക്കുവാനുള്ള ആവരണങ്ങൾ ധരിച്ചു ഫ്രഞ്ചുയോദ്ധാക്കൾ പരിശീലനം നടത്തുന്നു.

U. P. S.

K. JACOB THOMAS MEMORIAL SAMUDAYA PUBLIC LIBRARY MANNARGHAT

# ഭാനുഗീതി.

കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ ബി. എ.

പൂർവ്വദിങ്മുഖത്തിൽഞാൻപിറന്നമുഹൂർത്തത്തിൽ
പൂങ്കുയിലിണപാടിക്കളിച്ചൂസകൌതുകം
ആഹ്ലാദഭരിതരായ് പക്ഷിവൃന്ദങ്ങൾപാട്ട-
മാനന്ദഗാനങ്ങളേ കേട്ടതുള്ളന്നാളിവൻ

സുന്ദരസുമാവലിസസ്പൃഹമെന്നെനോക്കി-
സ്സുന്ദരസ്മിതംതൂകിച്ചാഞ്ചാടിനിന്നുതദാ.
അതിമോഹനമാമെൻപൂവുടലിതു, ചന്ദ്രൻ
മതിയാവോളംകണ്ടശേഷമേ മറഞ്ഞുള്ളൂ

ആനന്ദസംഗീതവുംപുഞ്ചിരിപ്രകാശവും
ആകാശതലത്തിലുംമന്നിലുംപരക്കവേ
ക്ലേശത്തിൻകണികയുംകണ്ടിടാതെഞാനേകൻ
ആശകൾതെളിച്ചന്നാൾകഴിച്ചൂ മമബാല്യം!

അംബരാധിപനായിച്ചരിക്കമെന്നെക്കാണാ-
തംബികേ! നിശീഥിനീ! നിയെങ്ങോനിവസിച്ചു,
എൻയുവപ്രഭാവങ്ങളൊക്കെയുംനിരർത്ഥക-
മെന്നുനീനിനച്ചാവാ, മെന്നുടെസാമീപ്യത്തിൽ

അതൃപ്തികലന്നേററമകന്നുനിന്നു; ഞാനോ
കൊതിയൻഹതാശനായ്ക്കഴിഞ്ഞേനതുകാലം!
യൌവനഭ്രാന്തിൽപെട്ടുസർവ്വംമറന്നോരെ-
ന്നാവ്യക്തസ്മൃതിക്കെല്ലാംബാധിയ്യംനടിച്ചൂനീ.

ബാലനാമെന്നെക്കണ്ടുമന്ദഹാസവുംതൂകി-
ച്ചേലിലങ്ങാടിനിന്നപുഷ്പസഞ്ചയംപോലും
എത്രയുംവെറുപ്പോടെൻകൃത്യത്തെസ്സമീക്ഷിച്ചു
നിർദ്ദയൻഞാനെന്നോർത്തുതപ്തരായിതേപിന്നെ

അൻപിയന്നെന്നെപ്പാടിസ്തുതിച്ചപിക്കങ്ങളും
വെമ്പലോടെങ്ങോ ചെന്നുമറഞ്ഞുനിവസിച്ചൂ.

വ്യോമത്തിലെൻയാനത്തിന്നെതിരായ്കൊണ്ടൽക്കൂട്ടം
ഭീമകായരായ് വന്നുമല്ലിട്ടുശങ്കാഹീനം
ഇടിവെട്ടിടുംമന്ദ്രധ്വാന കേട്ടുഴന്നുഞാൻ
പടഹകോലാഹലമിട്ടിൽഭയവിഹ്വലനായി.

അന്നുഞാൻനിരാലംബം, രജനി! മനംനൊന്തു
നിന്നെത്താൻവിളിച്ചയ്യോ! കരഞ്ഞുകൃപാസക്തൻ
ദുരിതാനുഭവങ്ങളത്രേനീയെനിക്കേകി
ചരമോന്മുഖനായ്ഞാനിങ്ങുവന്നെത്തുംവരെ.

ഇന്നുഞാൻപരിതപ്തനെങ്കിലു, മതിമാത്ര-
മിന്നുഞാൻവിവശനാണെങ്കിലും, പരിതൃപ്തൻ
ആരെന്നെത്താലോലിക്കന്നിന്നഹോ! ദയാപൂർവ്വം!
ആരുടെമടിത്തട്ടിൽവിശ്രമംകൈക്കൊൾവൂഞാൻ!

ആരുടെനു ശീതളപാണികളത്യാനന്ദ-
പൂരത്തിലെന്നെത്താഴ്ത്തിസ്സംതൃപ്തനാക്കീടുന്നു!

ആരുടെസാന്നിദ്ധ്യത്തിൽപൂങ്കുയിലിണക്കൂടി-
യാലാപമാധുര്യത്താൽമന്നിനെയുറക്കുന്നോ
ഭുവിനെപ്പുതപ്പിക്കാനെത്തുമാ നിശീഥിനീ-
ദേവിതൻമടത്തട്ടിലത്രേഞാൻശയിക്കുന്നു,
ചരമാദ്രിതൻമീതേനിന്നെഞാൻദർശിക്കയാൽ
പരമാനന്ദംപൂണ്ടുനിർവ്വാണനിമഗ്നൻഞാൻ.

••••••••••••••••••

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ഡാക്ടർ മാസറിക്ക് | 4 |
| | ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. എ. | |
| 2. | കലകളുടെ ഉത്ഭവം | 5 |
| | കെ. പി. കേശവൻ കാപ്പിൽ | |
| 3. | എഫേസൂസിലെ സാദ്ധ്വി (ചെറുകഥ) | 7 |
| | മാത്യു എം. കുഴിവേലി ബി. എ. | |
| 4. | ചിരി | 9 |
| | കെ. രാമകൃഷ്ണൻനായർ | |
| 5. | എന്റെ അച്ഛൻ (കവിത) | 10 |
| | പി. കെ. കൃഷ്ണൻനായർ കടത്തനാട്ട്. | |
| 6. | ജ്യോതിശ്ശാസ്ത്രവും ഹോരാതന്ത്രവും | 11 |
| | എം. പരമേശ്വരൻപിള്ളശാസ്ത്രി | |
| 7. | ലോകചക്രം | 13 |
| 8. | വിമർശനം | 15 |
| 9. | ഭാനുഗീതി (കവിത) | 18 |
| | കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ ബി. എ. | |
| 10. | ഭാരതം | 19 |
| 11. | ഒരു വിവാഹമോചനം | 23 |
| | മുകുന്ദാലയം കെ. എൻ. ബാലകൃഷ്ണപിള്ള ബി. എ. | |
| 12. | ധൂമകേതുക്കൾ | 24 |
| | പി. മാധവൻപിള്ള കൊല്ലം | |
| 13. | സ്വർഗ്ഗേന്ദ്രിയം | 25 |
| | കെ. ജനാർദ്ദനൻപിള്ള ഇരണിയിൽ | |
| 14. | പട്ടിയുടെ പൂർവ്വകഥ | 26 |
| | കെ. നീലകണ്ഠൻ | |
| 15. | കൃതഘ്നത (കവിത) | 26 |
| | വിളപ്പാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ | |
| 16. | പാശ്ചാത്യപരിഷ്കൃതവിളക്കുകളും ചിത്രലൈററുകളും | 27 |
| | ആറന്മുള എസ്സ്. രാഘവൻപിള്ള | |
| 17. | പാചകകല | 29 |
| | എസ്. എം. പിള്ള ചടയമംഗലം | |



## ചില രസികൻനോവലുകൾ.

| | ക. | ണ. |
|---|---|---|
| മായാമണ്ഡലം | 1 | 8 |
| കുസുമോത്സവം | 1 | 8 |
| ഇന്ദിര | 1 | 0 |
| പ്രണയപാശം | 1 | 0 |
| പ്രണയപ്രതികാരം | 1 | 0 |
| ദൊരശ്ശിണി | 0 | 12 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| കാലന്റെ കൊലയറ | 1 | 0 |
| അരമനരഹസ്യം | 1 | 0 |
| അംഗനാചുംബനം(മൂന്നുഭാഗം) | 3 | 0 |
| ചമ്പകമാല | 0 | 10 |
| അഹിഭയം | 1 | 8 |
| വാസിനി | 0 | 12 |
| മലയൻ | 0 | 12 |
| ബാങ്കർ ചന്ദ്രശേഖരൻ | 0 | 12 |
| അവളുടെ അത്ഭുതപ്രേമം | 0 | 10 |
| കമലാഭായി | 1 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം



## ഭാരതം.

35 രാഷ്ട്രീയതടവുകാരെക്കൂടി ആൻഡമാൻ ദ്വീപുകളിലേക്കു നാടുകടത്തിയിരിക്കുന്നു.

*  *  *

എം. എൽ. എ. ആയിരുന്നിട്ടുള്ള മി. എം. കെ. ആചാര്യ ഹൃദയസ്തംഭനംനിമിത്തം മരിച്ചുപോയിരിക്കുന്നു.

*  *  *

സിന്ധിൽ വീണ്ടും ശൈത്യബാധമൂലം ആളുകളും പക്ഷിമൃഗാദികളും മരിച്ചുവരുന്നതായി ഒരു യുണൈറ്റഡ് പ്രസ്സ് വാർത്തയിൽ കാണുന്നു

*  *  *

ആലിസ് രാജകുമാരി, ചക്രവർത്തിനിയുടെ സഹോദരനായ അത്ത്ലോൺപ്രഭു, അദ്ദേഹത്തിന്റെ പത്നി, എന്നിവർ നാഗർഖണ്ഡാ എന്ന കപ്പലിൽ ബാംബെയിൽ എത്തിയിരിക്കുന്നു.

*  *  *

മെക്കായിലേക്കു മോട്ടാറിൽപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരുസംഘം മഹമ്മദിയർ ഡൽഹിയിൽനിന്നും കഴിഞ്ഞ തിങ്കളാഴ്ചരാത്രിയിൽ തിരിച്ചിരിക്കുന്നു.

*  *  *  *

കാൺഗ്രസ്സ് ആഫീസ് പാറ്റ്നായിൽനിന്നു വീണ്ടും അലഹബാദിലെ സ്വരാജ്ഭവനിലേക്കു തന്നെ മാററാൻപോകുന്നതായി കാണുന്നു. അവിടെ കാൺഗ്രസ്സിന്റെ സ്ഥിരമായ സെക്രട്ടറിയേററ് സ്ഥാപിക്കാൻ തീർച്ചയാക്കിയിരിക്കുന്നു.

*  *  *

കാൺഗ്രസ്സ് വർക്കിംഗ് കമ്മററിയുടെ സെക്രട്ടറിയായിരുന്ന ആചാര്യ കൃപാലനി വീണ്ടും ആ സ്ഥാനം സ്വീകരിക്കണമെന്നു മററുള്ളവർ അപേക്ഷിക്കയും, അദ്ദേഹം അതു സ്വീകരിക്കയും ചെയ്തിരിക്കുന്നു

*  *  *

ഗ്രീസ്സിലെ എക്സ്‌രാജാവ് ഡാക്കാഗ്രാമീണവിദ്യാലയം സന്ദർശിക്കുകയും, സ്കൂളിലെ ക്ലബ്ബുകൾനൽകിയ ഗാർഡ് ആഫ് ആണർ സ്വീകരിക്കുകയുമുണ്ടായി. അദ്ദേഹം ഗ്രാമംസന്ദർശിച്ചു ചില ഗ്രാമീണഗൃഹങ്ങൾ കാണുകയുമുണ്ടായി.

*  *  *

മധുരഡിസ്ട്രിക്ടിൽ മല്ലപുരത്തിനടുത്തു ഒരു ഗ്രാമത്തിൽ അഗ്നിബാധയുണ്ടായതിനാൽ രണ്ടു കുട്ടികൾ തീവെന്തു മരിക്കുകയും നൂറുകുടിലുകളോളം വെന്തുപോകുകയും ചെയ്തു. അഗ്നിബാധയുടെ കാരണം അറിയുന്നില്ല

*  *  *

മദ്രാസ് നഗരത്തിൽനിന്നു ഈയിടെ നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട കാൺഗ്രസ്സ് മെമ്പർ ആയ ഡാക്ടർ മല്ലയ്യാ പരലോകപ്രാപ്തനായിരിക്കുന്നു.

*  *  *  *

സ്വതന്ത്രമായ ഒരു അംഗീകൃതപതാകയുള്ള മഹാരാജാവിന്റെ പരമാധികാരത്തിനു ന്യൂനതവരുത്തുമെന്ന വ്യാഖ്യാനം ഉണ്ടായേക്കാവുന്നതിനാൽ ജനുവരി 30 മുതൽ ആറുമാസത്തേക്കു മൈസൂർനഗരത്തിനു അഞ്ചുമൈൽദൂരത്തിനകത്തു കാൺഗ്രസ്സ്പതാക ഉയർത്തരുതെന്നു ഡിസ്ട്രിക്ടുമജിസ്ട്രേട്ടു ഉത്തരവിട്ടിരിക്കുന്നു.

*  *  *

ഇൻഡ്യൻനിയമസഭയിൽ ഔപചാരികമായി മൂന്നു പാർട്ടികൾ സ്ഥാപിച്ചിരിക്കുന്നു. അവ കാൺഗ്രസ്സ്പാർട്ടി ഇൻഡിപെൻഡൻറ്പാർട്ടി, യൂറോപ്യൻപാർട്ടി എന്നിവയാകുന്നു.

*  *  *

വർഗ്ഗീയവിരുദ്ധലീഗിന്റെ സ്ഥാപകനായ ഡാക്ടർ ആലം വർഗ്ഗീയതീരുമാനവിരുദ്ധമായ ലീഗ് വർഗ്ഗീയത്വമാകുന്ന പിശാചിനെ പുനരുദ്ധരിക്കുകയേയുള്ളു എന്ന കാരണത്താൽ അതിനെ ആക്ഷേപിക്കുന്നു.

*  *  *

അൻപത്തെട്ടു വോട്ടിനെതിരായി അറുപത്താറു വോട്ടോടുകൂടി ഇന്ത്യാഅസംബ്ളി പുതിയ ഇൻഡോ-ബ്രിട്ടീഷ് കച്ചവടഉടമ്പടിയെ നിരാകരിച്ചിരിക്കുന്നു.

*  *  *  *

അലഹബാദിൽ നെയ്ത്തുപണിമുടക്കുമൂലം പത്തൊൻപതു മില്ലുകളോളം അടച്ചിരിക്കുന്നു. സ്ഥലത്തെ മില്ലുകളുടെ മാനേജ്മെൻറുകാർ മില്ലുടമസ്ഥസംഘം ആഫീസിൽകൂടി പണിമുടക്കുസ്ഥിതിഗതികളെ അവലോകനംചെയ്യുകയുണ്ടായി.

*  *  *

1934 സെപ്തംബറിൽ അവസാനിച്ച മൂന്നുമാസത്തിൽ ബ്രിട്ടീഷിന്ത്യയിൽ 33 തൊഴിൽതക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 24664 തൊഴിലാളികൾ ആകപ്പാടെ ഉൾപ്പെട്ടിരിക്കുന്നു. അങ്ങനെ നഷ്ടപ്പെട്ട ദിവസങ്ങളുടെസംഖ്യ 240608 ആണ്.

*  *  *

ഫെബ്രുവരി 6-ാംനു- കാൺഗ്രസ്സ്പ്രദർശനംസംബന്ധിച്ചു അലഹബാദിൽഎത്തുന്ന ബാബുരാജേന്ദ്രപ്രസാദിനു ഒരു മംഗളപത്രം സമർപ്പിക്കാൻ അലഹബാദ് മുനിസിപ്പൽബോർഡ് തീരുമാനിച്ചിരിക്കുന്നു. അതേവാരത്തിൽ അവിടെ വരുന്ന ഒരു മഹാനായ സന്ദർശകൻ ഡാക്ടർ രവീന്ദ്രനാഥടാഗോറാകുന്നു. അദ്ദേഹം പത്താം തീയതി അലഹബാദിൽ എത്തുന്നു.

*  *  *

സിലോണിലെ കൃഷിഭൂമികളുടെ അന്യാധീനംസംബന്ധിച്ചു ഇന്ത്യാക്കാരെ പ്രതികൂലവിവേചനംചെയ്യുന്ന ഒരു ബിൽ സിലോൺ സ്റേററ് കൗൺസിലിൽ മൂന്നാംവായനകഴിഞ്ഞു ഗവർണരുടെ അനുമതിക്കു കാത്തിരിക്കുന്നുണ്ട്. പ്രസ്തുത നിയമംമൂലം ഇന്ത്യൻസമുദായത്തിനുണ്ടാകുന്ന അവകാശനഷ്ടം പരിഹരിക്കേണ്ടതാണെന്നു ഒരു ഇന്ത്യൻനിവേദകസംഘം സിലോൺഗവർണരെ ചെന്നുകണ്ടു നിവേദനം സമർപ്പിച്ചിരിക്കുന്നു.

*  *  *

ഗവർണർജനറലിന്റെ ക്ഷണമനുസരിച്ചു അസംബ്ളിയിൽ ഹാജരാകുന്നതിൽനിന്നു തന്നെ തടയാൻ അധികാരികൾക്കുള്ള അവകാശത്തെ ചോദ്യംചെയ്യാൻ മി. ശരച്ചന്ദ്രബോസ് തന്റെ വക്കീലന്മാരോടാവശ്യപ്പെട്ടിരിക്കുന്നു. ഈ ആഴ്ചയിൽ കൽക്കട്ടാഹൈക്കോടതിയിൽ കേസ് ഫയൽചെയ്യാനിടയുണ്ട്. കോടതിയിൽ ഇതേപ്പററി മി. ബോസിനു പരാതിപ്പെടാമെന്നു അസംബ്ളി വാദപ്രതിവാദത്തിനിടയിൽ ലാമെമ്പർ പറഞ്ഞിരുന്നതു ഓർക്കുമല്ലൊ.

*  *  *

എട്ടു ബംഗാളികളെ അറസ്റ്റുചെയ്യുന്നതിനു പ്രാരംഭമായി നടന്ന ഒരു പരിശോധനയിൽ ബാംബുണ്ടാക്കുന്നതിനുള്ള വഴികൾ വിവരിക്കുന്ന ചില സൂത്രങ്ങളും മററും രണ്ടു വീടുകളിൽനിന്നും കുററകരമായ സാഹിത്യങ്ങളുടെകൂട്ടത്തിൽ കണ്ടെടുത്തിരിക്കുന്നു.

*  *  *

ആന്ധ്രദേശത്തെ ഒരു നെയ്ത്തുവിദഗ്ദ്ധനും സിവിലാജ്ഞാലംഘനംസംബന്ധിച്ചു തടവുശിക്ഷയനുഭവിച്ചവനുമായ ഒരാൾ തൈക്കാതെ മുഴുവൻ നെയ്തെടുത്തിട്ടുള്ള ഒരു ഖദർഉടുപ്പും ഗാന്ധിതൊപ്പിയും അസംബ്ളിഅദ്ധ്യക്ഷനു സമ്മാനിക്കാനായി തന്റെ നിയോജകമണ്ഡലത്തിലെ പ്രതിനിധിക്കയച്ചുകൊടുത്തിരിക്കുന്നു.

*  *  *

ഗോഖലേ പ്രസംഗങ്ങൾക്കുശേഷം ഒരു അനൗപചാരികസംഭാഷണത്തിനിടയിൽ ഇന്ത്യൻഭരണപരിഷ്കാരംസംബന്ധിച്ചു ലിബറൽസിന്റെ നിലയെന്തെന്നു ബഹു. ശാസ്ത്രി വീണ്ടും ഊന്നിപ്പറയുകയുണ്ടായി. പുതിയ ഭരണപദ്ധതി ബ്രിട്ടീഷുകാർമാത്രം ആലോചിച്ചുണ്ടാക്കിയതാണെന്നും റൗണ്ടുടേബിൾകാൺഫറൻസിൽ ഇന്ത്യൻപക്ഷത്തുനിന്നുചെയ്തിട്ടുള്ള നിർദ്ദേശങ്ങളും ബ്രിട്ടൻ ആവർത്തിച്ചുചെയ്തിട്ടുള്ള പ്രതിജ്ഞകളും അവഗണിക്കപ്പെട്ടിരിക്കുന്നതിനാൽ ലിബറൽസ് സ്വാമനസ്സോടെ യാതൊരുതരത്തിലും പങ്കെടുക്കുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു

*  *  *  *

രണ്ടു ബാരൽഉള്ള ഒരു തോക്കു കണ്ടുപിടിക്കുന്നതിനായി, അതേപ്പററി അറിവുകൊടുക്കുന്നവർക്കു 100 രൂപാ ഇനാം നൾകാമെന്നു റംങ്കൂണിലെ ഒരു പോലീസ് സബ്ബ്ഇൻസ്പെക്ടർ മി. ടൂൺ ന്യൂൺ പ്രസ്താവിച്ചിരുന്നെങ്കിലും അതനുസരിച്ചു രൂപാ കൊടുക്കാത്തതിനാൽ അദ്ദേഹത്തെ വിശ്വാസലംഘനക്കുററത്തിനു സബ്ഡിവിഷനൽമജിസ്ട്രേട്ടു ഒരുകൊല്ലത്തെ വെറുംതടവിനു ശിക്ഷിച്ചിരിക്കുന്നു. കള്ളമായി വിരലടയാളംകൊടുത്തു കുററത്തെ സഹായിച്ച ഒരു കാൺസ്റ്റബിളിനേയും അതേ മജിസ്ട്രേട്ടു ഒരുകൊല്ലത്തെ തടവിനു വിധിച്ചിരിക്കുന്നു.

*  *  *

വന്ദേമാതരം പാടുന്ന യാതൊരു ചടങ്ങുകളിലും പങ്കുകൊണ്ടുപോകരുതെന്നും സാമുദായികചടങ്ങുകളോ അടിയന്തിരങ്ങളോ ആയിരുന്നാൽപോലും ഗവർമ്മെൻറുജീവനക്കാർ അവിടെനിന്നു പിൻവാങ്ങണമെന്നും ബാംബെഗവർമ്മെൻറു ഒരു സർക്കുലർമൂലം ഉദ്യോഗസ്ഥന്മാരെ താക്കീതുചെയ്തിരിക്കുന്നതായി ഇന്ത്യൻഎക്സ്പ്രസ്സിന്റെ പ്രത്യേകലേഖകൻ എഴുതുന്നു

*  *  *

ഇന്ത്യയിലേക്കുള്ള നെല്ലരിഇറക്കുമതി നിർത്തണമെന്ന പ്രമേയം അസംബ്ളിയിൽ അഞ്ചാംതീയതി ആലോചനയ്ക്കുവരുമ്പോൾ, ബർമ്മായിൽനിന്നും സൈഗോണിൽനിന്നുമുള്ള അരിയോടും അതേവിധനടപടികൾ നടത്തണമെന്നും ഒരു ഭേദഗതി അവതരിപ്പിക്കാൻ ആലോചിച്ചുവരുന്നു. ഇന്ത്യയുടെ ഒരു ഭാഗമെന്നനിലയിൽ ബർമ്മായ്ക്കുള്ള ഗുണങ്ങളെന്തെന്നും വേർപെട്ടാലത്തെ രുചിയെന്തായിരിക്കുമെന്നും ഒന്നു ചൂണ്ടിക്കാണിക്കണമെന്നുള്ളതാണു ഈ ശ്രമംകൊണ്ടുദ്ദേശിക്കുന്നതു്.

*  *  *

മി. ജിന്നായും കാൺഗ്രസ്സ്നേതാക്കന്മാരുംതമ്മിൽ ആലോചനകൾ നടക്കുന്നു. മുസ്‌ലിംലീഗ്കൗൺസിലിന്റെ ആലോചനകളും അഭിപ്രായങ്ങളും അന്തരീക്ഷത്തിനു ഏതാണ്ടൊരു തെളിച്ചം വരുത്തിയിട്ടുണ്ട്. ജെ. പി. സി റിപ്പോർട്ടിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ മുസ്‌ലിങ്ങളുടെ പിൻതുണ ലഭിക്കത്തക്കവണ്ണം വർഗ്ഗീയതീരുമാനത്തെ അംഗീകരിക്കണമെന്നു ചില സ്ഥാനങ്ങളിൽനിന്നുള്ള നിർദ്ദേശം കാൺഗ്രസ്സ് സ്വീകരിക്കുമെന്നു തോന്നുന്നില്ല. എങ്കിലും തന്റെ മതാനുയായികളെക്കൊണ്ടു പൊതുനിയോജകമ

ബന്ധം അംഗീകരിപ്പിക്കാൻ മി. ജിന്നാക്കു സാധിക്കുന്നെങ്കിൽ പുതിയ പല സാധ്യതകളും തുറന്നുകിട്ടും.

* * *

'ബാലികമാൎക്കു വ്യാവസായികവിദ്യാഭ്യാസം നൽകണമെന്നു ഞാൻ നിൎബന്ധിക്കുന്നു. അതുവരെ സ്വതന്ത്രരാകും വിവാഹം ചെയ്തില്ലെങ്കിലും അവൎക്കു പരാശ്രയമില്ലാതെ കഴിയാം. വിവാഹം കഴിഞ്ഞാൽ അവൎക്കു കുടുംബത്തിലെ വരവിനെ സാരമായി പോഷിപ്പിക്കയും ചെയ്യാം. വിധവകളായാൽ അവൎക്കു അവരുടെ ഉപജീവനമാൎഗ്ഗം അന്വേഷിക്കയും ചെയ്യാം' എന്നാണു് വൎദ്ധായിലേക്കുപോകുംവഴി ഗാന്ധിജി നാഗപ്പൂരിൽവച്ചു കാൺഗ്രസ്സുകാരടങ്ങിയ ഒരു കൂട്ടത്തോടു സംഭാഷണമദ്ധ്യേ പറഞ്ഞതു്.

* * * *

മദ്രാസ് നിയമസഭയിൽ ഭരണപരിഷ്കാരത്തെപ്പറ്റിയുള്ള ആലോചനയെക്കുറിച്ചു സ്വാമി സഹജാനന്ദ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, അദ്ദേഹം പൂനാസന്ധിയെ ആക്ഷേപിച്ച മി. ശിവരാജ മുതലായവരെ വിമൎശിക്കുന്നു. മദ്രാസ് നിയമസഭയിൽ അധഃകൃതൎക്കു നീക്കിവച്ചിരുന്ന സ്ഥാനങ്ങളുടെ സംഖ്യ 18-ൽനിന്നു 30-ആയും എല്ലാപ്രാദേശികനിയമസഭകളിലുംകൂടി അവയുടെ സംഖ്യ 61-ൽനിന്നു 148-ആയും വൎദ്ധിച്ചതിനു കാരണം പൂനാസന്ധി മാത്രമാണെന്നു അദ്ദേഹം പറയുന്നു. അധഃകൃതർ പൂനാസന്ധിയെ അനുകൂലിച്ചു നിൽക്കുന്നു; ഗാന്ധിജി അവരുടെ യഥാൎത്ഥസ്നേഹിതനാണു്, എന്നു അദ്ദേഹം തുടരുന്നു.

## കേരളം.

കൊച്ചിനിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽവച്ചു മക്കത്തായതീയ്യബിൽ പാസ്സാക്കിയിരിക്കുന്നു.

* * *

നെയ്യാറ്റിൻകരയിൽ ജസ്റ്റിസ് മി. കെ. പി. ഗോപാലമേനവന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞയാഴ്ച ഒരു സംഗീതസഭ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

* * * *

മി. ഹബീബുമുഹമ്മദു എം. ഏ. ബി. എൽ. നെ തിരുവിതാംകൂർഗവൺമെന്റു ഒരു ഡിസ്ട്രിക്ടുജഡ്ജിയായി നിയമിച്ചിരിക്കുന്നു. ഇദ്ദേഹം തിരുവിതാംകൂറിലെ ആദ്യത്തെ മുസ്ലിംജഡ്ജിയാണു്

* * *

ചെങ്കോട്ടയിൽ ഭയങ്കരമായ കാളറാ ബാധിച്ചിരിക്കുന്നതായി ഔദ്യോഗികമായ റിപ്പോൎട്ടു കിട്ടിയിരിക്കുന്നു. നിവാരണശ്രമങ്ങൾ നടന്നുവരുന്നു. ചെങ്കോട്ടയിൽനിന്നും തൈര്, സസ്യങ്ങൾ തുടങ്ങിയവ മറ്റുസ്ഥലങ്ങളിലേക്കു കൊണ്ടുപോകരുതെന്നു നിരോധിച്ചിരിക്കുന്നു.

* * *

കൊച്ചി ഗവൺമെന്റിൽനിന്നും ചക്രവൎത്തി തിരുമനസ്സിലെ സിൽവർജൂബിലിസംബന്ധിച്ചു ഒരു ഫണ്ടു ഏൎപ്പെടുത്തിയിരിക്കുന്നു. കൊച്ചി ഗവൺമെന്റു ഈ ഫണ്ടിലേക്കു അയ്യായിരംഉറുപ്പിക സംഭാവനചെയ്യുകയും ചെയ്തിരിക്കുന്നു.

* * *

ഗുജറാത്ത് വിദ്യാപീഠത്തിലെ എക്സ് വൈസ് ചാൻസലറായ ആചാൎയ്യകലേൽക്കർ അവൎകളും അനുയായികളും മഹാത്മജിയുടെ നിൎദ്ദേശാനുസരണം ഹിന്ദിപ്രചരണത്തിനുവേണ്ടി തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചുവരുന്നു.

* * *

തിരുവനന്തപുരം ജൂബിലിടൗൺഹാളിൽ സമ്മേളിച്ച ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ ഒരു പൊതുയോഗത്തിൽവച്ചു മെയ് ആറാംതീയതി തിരുവിതാംകൂറിൽ ചക്രവൎത്തിതിരുമനസ്സിലെ സിൽവർജൂബിലി ആഡംബരപൂൎവ്വം ആഘോഷിക്കണമെന്നു തീരുമാനിച്ചിരിക്കുന്നു. ദിവാൻ സർ മുഹമ്മദുഹബീബുള്ളായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഈ കാൎയ്യാലോചനായോഗത്തിൽവച്ചു ഒരു പ്രവൎത്തകസമതി രൂപീകരിക്കുകയും ഉണ്ടായി.

* * * *

ഡൽഹിയിലെ വനിതകൾ തിരുവിതാംകൂർ ജൂനിയർമഹാറാണി തിരുമനസ്സിലെ ബഹുമാനാൎത്ഥം ഇക്കഴിഞ്ഞ ജനുവരി 26-ാംതീയതി ഇന്ത്യൻവനിതാസമ്മേളനത്തിന്റെ ആഭിമുഖ്യത്തിൽ തിരുമനസ്സിലേക്കു ഒരു വിരുന്നു നൽകിയിരിക്കുന്നു. ഈ സൽക്കാരസമ്മേളനത്തിൽ പ്രശസ്തരായ നിരവധി മഹതീമഹാന്മാർസംബന്ധിച്ചു. മിസ്സസ്സ് നായിഡു തിരുമനസ്സിലെ സേവനങ്ങളെ കീൎത്തിക്കുകയും, സൗഹാൎദ്ദപരമായ സ്വാഗതാശംസകൾക്കു തിരുമനസ്സുകൊണ്ടു ഡൽഹിയിലെ വനിതകളോടു നന്ദിപറയുകയും വനിതാസമ്മേളനത്തിനു സകലവിധ സഹായസഹകരണങ്ങളും നൽകാമെന്നു വാഗ്ദാനംചെയ്യുകയും ഉണ്ടായി.


* * *

തിരുവിതാംകൂറിലെ ഇന്നത്തെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിഗതികളെ അവലോകനംചെയ്തുകൊണ്ടു ഇക്കഴിഞ്ഞ പൊപ്പാഴ്ച അസംബ്ലിയുടെയും സ്റ്റേറ്റുകൗൺസിലിന്റെയും സംയുക്തസമ്മേളനത്തിൽ തിരുവിതാംകൂർ ദിവാൻ സർ മഹമ്മദ് ഹബീബുള്ള ഒരു പ്രസംഗം ചെയ്തതായി കാണുന്നു. ഉൽപ്പന്നങ്ങളുടെ വിലക്കുറവും വിളവുനാശവുംനിമിത്തം തിരുവിതാംകൂർജനത അനുഭവിക്കുന്ന ക്ലേശങ്ങൾക്കു ഇതുവരെ ചെയ്ത പരിഹാരങ്ങൾ ദിവാൻ പരാമൎശിക്കുകയും, കൃഷിയുടെ അഭിവൃദ്ധിമാത്രം മതിയാകയില്ലെന്നും, വ്യവസായോദ്ധാരണത്തിലും ഗവൺമെന്റു ഗാഢമായി ശ്രദ്ധപതിക്കുന്നതാണെന്നും അദ്ദേഹംപ്രസ്താവിച്ചിരിക്കുന്നു. വ്യയന്യൂനീകരണത്തിലും ഗവൺമെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ടെന്നും, പബ്ലിക്കുസർവീസ്സിലെ ഉദ്യോഗസ്ഥന്മാരുടെ ശംപളക്രമീകരണം ഈവരുന്ന കുംഭം 1-ാംതീയതിമുതൽ നടപ്പിൽവരുത്തുന്നതാണെന്നും ദിവാൻ പ്രസ്താവിച്ചിരിക്കുന്നു.

* * *

1935
12 താം കലണ്ടർ
ഇനാം!
PURE SILK.
$2\frac{1}{2}$ വീതി 5 മുഴം ഒന്നാന്തരം
ഗാറന്റിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4.
30-1 35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവൎക്കു
ഡസനു് Rs. 25.
പട്ടുജവുളിത്തരങ്ങളുടെ
ക്യാറ്റലാഗ് സൗജന്യം:
ടി. ആർ. ലൂംസ് കമ്പനി,
205 ഈസ്റ്റുവെളിസ്റ്റ്റീറ്റു മധുര.
T. R. LOOMS Coy.,
205 East Veli St. MADURA.

501
വാഷിങ്ങ്
സോപ്പ്
ഉപയോഗിച്ചു അലക്കുന്ന
വസ്ത്രങ്ങൾ
വളരെക്കാലം
കേടുകൂടാതെയിരിക്കും.




ദി ടാറ്റാ ഓയിൽമിൽസ്
കമ്പനി (Ltd.)
ടോംകോ സെയിൽസ് ഡിപ്പാൎട്ടുമെന്റ്
19 എ. വാണിയർസ്റ്റ്റീറ്റ്;
ജി. ടി. മദ്രാസ്.

(12–ാംപുറത്തിൻെറ തുടർച്ച)

വാഗ്ഭടൻെറ സ്വന്തം അഭിപ്രായമായ "ഗർഭിണി മരിച്ചാലും ഗർഭസ്ഥശിശു മരിക്കാതിരിക്കും" എന്നതുപോലെയുള്ള അഭിപ്രായത്തിൽ ജ്യോത്സ്യനും വൈദ്യനും യോജിക്കുന്നുമുണ്ട്. ഇങ്ങനെയുള്ള അടിസ്ഥാനം ആശ്രയിച്ചുകൊണ്ടു നോക്കുന്ന പക്ഷം ഇന്നത്തെ ജ്യൌതിഷത്തിനു നമ്മുടെ വൈദ്യശാസ്ത്രത്തോടൊപ്പം കാലപ്പഴക്കം ഉണ്ടെന്നുകാണാം. ഏതായാലും കാളിദാസരുടെകാലത്തിനുമുൻപുതന്നെ ഇന്നത്തെ രീതിയിലുള്ള ജ്യൌതിഷം നടപ്പിലിരുന്നിരുന്നു എന്നു അനുമാനിക്കുവാൻ രഘുവംശകാവ്യത്തിലെ "ഗ്രഹൈസ്തതഃപഞ്ചഭിരുച്ചസംശ്രയൈരസൂര്യ്യഗൈഃസൂചിതഭാഗ്യസമ്പദം" എന്ന പദ്യം ധാരാളം മതിയാവും. കാളിദാസരുടെ ജീവിതകാലത്തെപ്പററി ഇപ്പോഴും സർവ്വസമ്മതമായ ഒരു നിർണ്ണയം ഉണ്ടായിട്ടില്ല, എങ്കിലും മഹാകവി ക്രിസ്തുവത്സരാരംഭത്തിനുമുൻപുരണ്ടുംമൂന്നും ശതാബ്ദങ്ങൾക്കിടയ്ക്കു ജീവിച്ചിരുന്നതായി ഒരു അഭിജ്ഞമതമുണ്ട്. "From that above mentioned few facts it is abundantly clear that Kalidasa lived in the first century B. C. at the latest (the upword limit of his date being 300 B. C. according to some writers). ഈ മതം സ്വീകരിക്കുന്നപക്ഷം ഇന്നുകാണുന്ന രൂപത്തിലുള്ള സപ്തഗ്രഹങ്ങളെയും ആധാരമാക്കിയുള്ള ജ്യൌതിഷം ക്രിസ്തുവത്സരാരംഭത്തിനു മുൻപു രണ്ടുമൂന്നു ശതാബ്ദങ്ങൾക്കപ്പുറം ഇൻഡ്യയിൽ പ്രചരിച്ചിരുന്ന ഒന്നാണെന്നു ഊഹിക്കുന്നതു അസംഗതമായിരിക്കുകയില്ല.

സംസ്കൃതത്തിലെ "രാശി"നാമങ്ങളും ഹോരാപദവും ഗ്രീക്കുകാരുടെ സംജ്ഞാപദങ്ങൾതന്നെ ഇവിടെ സംസ്കൃതീകരിച്ചു സ്വീകരിച്ചിരിക്കുകയാണെന്നാണു മറെറാരു പൂർവ്വപക്ഷം കാണുന്നതു്. സംസ്കൃതത്തിലും ഗ്രീക്കുഭാഷയിലുംഉള്ള രാശിനാമങ്ങൾക്കു രൂപസാമ്യം ഉള്ളതാണു് ഈ വാദത്തിനു ഹേതുവെന്നതിൽ സംശയിപ്പാനിടയില്ല. എന്നാൽ ഈ സാദൃശ്യോപലബ്ധി ഭാരതീയക്കും ഗ്രീക്കുകാൎക്കും പൊതുവായിട്ടുള്ള ഒരൊററഭാഷയിൽനിന്നും ഈ രാശിനാമങ്ങൾ ധാതു സ്വീകരിക്കയാൽ വന്നുകൂടിയതാണെന്നു വിചാരിപ്പാനാണു് അധികം ന്യായം കാണുന്നതു് അല്ലാതെ ഒന്നു മറെറാന്നിനെ അനുകരിച്ചിരിക്കുന്നു എന്നു വിചാരിപ്പാനല്ല. ആൎയ്യന്മാരും ഗ്രീക്കുകാരും ഇൻഡോയൂറോപ്യൻ വംശാവലിയിൽപെട്ട ഒരു വർഗ്ഗക്കാരാണെന്നും അവൎക്കു ഒരു മാതൃഭാഷയായിരുന്നുവെന്നും പ്രബലമായ ഒരു പണ്ഡിതാഭിപ്രായം ഉണ്ടു്. സംസ്കൃതത്തിലും ഗ്രീക്കുഭാഷയിലും ജർമ്മൻഭാഷയിലുംഉള്ള ചന്ദ്രവാചിയായ ഒരു പദം ഏക ധാതുവിൽനിന്നു് ഉല്പന്നമായതാണെന്നു പാശ്ചാത്യന്മാർ കണ്ടുപിടിച്ചതിൽ ചന്ദ്രനെ കാലമാനമാക്കിയതിൽഉള്ള ശ്രേഷ്ഠത ജർമ്മൻകാൎക്കും ഗ്രീക്കുകാൎക്കുംഉള്ളതിനൊപ്പം ഭാരതീയരായ ആൎയ്യന്മാൎക്കും അവർ കല്പിച്ചിട്ടുണ്ടു്. നമ്മുടെ പണ്ഡിതന്മാരുടെ നിഷ്പക്ഷപാതിത്വം സ്തുത്യർഹംതന്നെ.

ഹോരാ എന്നപദം രണ്ടരനാഴികസമയത്തെക്കുറിക്കുന്നതാണെന്നു വരാഹമിഹിരൻ മറക്കുകയോ അറിയാതിരിക്കുകയോ ചെയ്യുന്നുണ്ടെന്നും അതിൻെറ വ്യുല്പത്തി ആചാൎയ്യൻ പറഞ്ഞിരിക്കുന്നതു പ്രകൃതിപ്രത്യയവിഭാഗമോ ആഗമമോ അടിസ്ഥാനമാക്കിയല്ലെന്നും മറെറാരുവാദമുഖവും ഇക്കൂട്ടത്തിൽ കാണുന്നുണ്ടു്. ഹോരാപദത്തിനു വ്യുല്പത്തി പറഞ്ഞിട്ടുണ്ടെന്നു പറയുന്നതു "ഹോരേത്യഹോരാത്രവികല്പമകേവാഞ്ഛന്തി" എന്ന പദ്യത്തെ ആധാരമാക്കിയാണു്. അതുപ്രകാരം ആചാൎയ്യൻ ഹോരാവ്യുല്പത്തി പറഞ്ഞിട്ടില്ല. "ഏകേ" "വാഞ്ഛന്തി" എന്നീ പദപ്രയോഗം നോക്കുന്നപക്ഷം ചില ആചാൎയ്യന്മാർ പറയുന്നതു് താൻ (വരാഹമിഹിരൻ) പരാഭിപ്രായബഹുമാനത്താൽ ഇവിടെ ഉദ്ധരിച്ചു എന്നേയുള്ളു എന്നു മനസ്സിലാക്കാം. ഇതുപോലെ സ്വീകാൎയ്യമല്ല എന്നു മുക്തകണ്ഠം പറഞ്ഞിട്ടുള്ളകേചിന്മതവും ആചാൎയ്യൻ പരാഭിപ്രായസഹിഷ്ണുതയോടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. "കേചിൽ കന്ദനവാംശകംക്ഷപിതിവദന്ത്യുക്തിപ്രസിദ്ധാനതേ" എന്നപദ്യഭാഗംനോക്കുക. എന്നാൽ "ഹോരാ"പദത്തെ ആചാൎയ്യൻ പരിഭാഷിച്ചിരിക്കുന്നതു നോക്കിയാൽ ഒരു ഹോരയ്ക്കു രണ്ടരനാഴികസമയമാണെന്നു അദ്ദേഹം വിവക്ഷിച്ചിട്ടുള്ളതായി ഗ്രഹിക്കാവുന്നതാണു്. "ഹോരേതിലഗ്നം ഭവനസ്യചാൎദ്ധം" എന്നാണു് ആചാൎയ്യൻെറ വിവരണം. "ഹോരാ"എന്നതു ലഗ്നത്തിൻെറ പൎയ്യായമാണു്. (ലഗ്നംഎന്നാൽ പൂൎവ്വക്ഷിതിജത്തിൽ ലഗിക്കുന്നതു്—പൂൎവ്വക്ഷിതിജെലഗതിതി, ലഗ്നം രാശ്യാദയഃ എന്നൎത്ഥം) അതു രാശ്യൎദ്ധത്തിനും പറഞ്ഞുവരുന്നു എന്നാണു് ഹോരാവിവരണം. എല്ലാരാശ്യൎദ്ധത്തിൻെറയുംപരിമാണം പതിനഞ്ചു 'ഭാഗ'വീതമാണെന്നു വിധിച്ചിട്ടുണ്ടു്. എല്ലാരാശികളുടെയും മൊത്തത്തിലുള്ള നാഴികക്കണക്കു ഒന്നാണെന്നും ഉപദേശതഃസിദ്ധിച്ചിട്ടുണ്ടു്. (ഒരുദിവസം 60 നാഴികയാണെന്നാണു ഗണിതക്രിയ—ആയുർദ്ദായംമുതലായക്രിയ—കളിൽ കണക്കാക്കാറുള്ളതു്.) ഒരുദിവസത്തിൽ പന്ത്രണ്ടു രാശികളും ഉദിച്ചസ്തമിക്കും എന്നുള്ളതു പ്രത്യേകിച്ചു പറയേണ്ടതായിട്ടുമില്ല. 12-രാശികൾക്കു 24-ഹോരയുമാണു്. അതിനാൽ ഒരുദിവസം ഇരുപത്തിനാലുഹോര(hours) ആണെന്നു് ആചാൎയ്യൻ വിവക്ഷിച്ചിട്ടുണ്ടെന്നു വ്യക്തമായല്ലോ. യഥാർത്ഥത്തിൽ "ഉപധാ" "ഷ്ഠി" "ടി"മുതലായ സാങ്കേതികപദങ്ങൾപോലെ "ഹോരാ"പദം ജ്യോതിശ്ശാസ്ത്രത്തിലെ ഒരു സാങ്കേതികപദമാകുന്നു. അതു് അവ്യുല്പന്നം (രൂഢി) ആണെന്നാണു ആചാൎയ്യഹൃദയം എന്നും ഇവിടെ പറഞ്ഞുകൊള്ളുന്നു.

വാരനാമങ്ങൾ കാലയവനന്മാർ (Chaldeans) കല്പിച്ചതാണെന്നുള്ള അഭിപ്രായവും ക്ഷോദക്ഷമമായിരിക്കുന്നില്ല. സൂൎയ്യോദയം ഏതു കാലഹോരയിലാണോ ആ കാലഹോരാധിപനായ ഗ്രഹത്തിൻെറ നാമമാണു് ആ ദിവസത്തിനു കല്പിച്ചിട്ടുള്ളതു്. ഞായറാഴ്ച, സൂൎയ്യൻെറ കാലഹോരയിൽ ഉദയം-ശനിയുടെ കാലഹോരയിൽഅസ്തമയം-ബുധൻെറ കാലഹോരയിൽ രാത്രി അവസാനിക്കുന്നു. ചന്ദ്രൻെറ കാലഹോരയിൽ അടുത്തദിവസം സൂൎയ്യോദയം. അതിനാൽ ഞായറാഴ്ചകഴിഞ്ഞു് അടുത്തദിവസത്തിനു തിങ്കളാഴ്ച (ചന്ദ്രവാരം) എന്നു പേരുസിദ്ധിച്ചു. ഇങ്ങിനെ ഏഴുദിവസവും ഏഴു വിഭിന്നഗ്രഹഹോരകളിൽ സൂൎയ്യോദയംവരുന്നതുപ്രമാണിച്ചു് ഏഴു വാരനാമം ആൎയ്യന്മാർ കല്പിച്ചു. സൂര്യോദയത്തെപ്രമാണമാക്കിയുള്ള ഈ ദിനനാമധേയം ഭാരതീയരായ ആൎയ്യന്മാരുടെ മനോധർമ്മം ആണെന്നു കാണിക്കുന്നതിനു പ്രത്യേകിച്ചു് ഒരു തെളിവു ഇനി തേടേണ്ട ആവശ്യമില്ലല്ലോ. മേൽപറഞ്ഞ സംഗതികളിൽനിന്നു "ഹോരാതന്ത്രം" ഭാരതീയരായ നമ്മുടെ പൂർവ്വികന്മാരുടെ സ്വന്തംപരിശ്രമഫലമാണെന്നും പാശ്ചാത്യരിൽനിന്നും അവർ പകൎത്തിയതല്ലെന്നും സിദ്ധിക്കുന്നുണ്ടല്ലോ. നമ്മുടെ ജ്യൌതിഷം ഉത്ഭവിച്ചിട്ടു കുറഞ്ഞപക്ഷം അയ്യായിരത്തിൽചില്വാനം വർഷങ്ങളായിട്ടുണ്ടു്. 'അയനചലനം' 'ഗ്രഹമദ്ധ്യമം' മുതലായവ ഗണിച്ചുവരുത്തുന്നതിനു് ഇഷ്ടദിവസത്തിലെ കലിദിനമാണു കണക്കാക്കാറുള്ളതു്. നാം ഗണിതക്രിയയിൽ സാധാരണആഴ്ചകണക്കാക്കുന്നതു ഞായറാഴ്ച മുതൽക്കല്ല വെള്ളിയാഴ്ചമുതൽക്കാണെന്നുള്ളതും സ്മൎത്തവ്യമാണു്.

നമ്മുടെ ഇന്നത്തെ അഭ്യസ്തവിദ്യന്മാർ ഭാരതീയവിജ്ഞാനസമ്പത്തെല്ലാം ജ്ഞാനസമ്പന്നരായ പാശ്ചാത്യരുടെ വകയാണെന്നുൽഘോഷിക്കുന്നതു് ഇന്നത്തെ ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിൻെറ ഒരു ഗുണമാണെന്നു ചരിത്രതത്വചിന്തകന്മാർ പറയുന്നതു് ഈ കാൎയ്യത്തിലും പരമാൎത്ഥമായിരിക്കുന്നു. ഈ കഴിഞ്ഞ നവംബർലക്കം "ഇൻഡ്യൻറിവ്യൂ"എന്ന മാസികയിൽ ഒരു ഉദ്ധരണി കാണുന്നതു നോക്കുക—

"Lord Macauly............,in drawing up his famous minutes on Indian education, based his entire scheme on the belief that all that Sanskrit, Arabic and Persian literature had to offer was not worth a single shelf of English Books. The result was that Indian education and books written for the use of Schools proceeded on the assumption not only that the Europeans were a superior race but that the Indians were inherently inferior, that if they had any art..................it must have come from Greece............"

(K. M. Panicker.)

"താജികം" എന്ന പേരിൽ ഗ്രീക്കുകാരുടെ ജ്യൌതിഷം ഇവിടെ സംസ്കൃതത്തിൽ തൎജ്ജമചെയ്തു സമ്പാദിച്ചിട്ടുണ്ടു്. ഭാരതീയരുടെ ജാതകശാസ്ത്രത്തിൻെറ ഒരു വകഭേദമായി താജികത്തെ വിദ്വാന്മാർ പരിഗണിച്ചിട്ടും ഉണ്ടു്. എന്നാൽ ബ്രാഹ്മണർ സത്യമായി ഈ മ്ലേച്ഛശാസ്ത്രത്തെ ആദരിച്ചിട്ടില്ല "താജികഭൂഷണ"ത്തിൽ ഗണേശൻ പറയുന്നതു നോക്കുക —


"ബ്രഹ്മാഭേദഷി തുരുഷ്കസംഭവമിദം
സത്താജികം വൎത്തതേ
ശാസ്ത്രം യദ്യപിസദ്ദ്വിജൈരപിതഥാ
പ്യധ്യേതുമർഹം ഭവേൽ
യസ്മാൽ തൽകഥിതം ശുഭാശുഭഫലം
സത്യംഹി കിം പങ്കജ
ശങ്കാപങ്കഭവാ തഥാ ഫണിഫണോൽ-
പന്നേ മണൌ ഭൂഷണേ."

(ഇവിടെ തുരുഷ്കശബ്ദം ഗ്രീക്കുകാരെ നിർദ്ദേശിക്കുന്നതാണു്; ഇതരന്മാരെയല്ല എന്നാണു് നിരൂപകമതം.) നമ്മുടെ പൂർവ്വികന്മാർ അന്യമതസ്ഥന്മാരുടെ ശാസ്ത്രത്തെ അംഗീകരിക്കുന്ന കാര്യത്തിൽ തീരെ സമ്മതമില്ലാത്തവരായിരുന്നു എന്നു കാണിക്കുന്നതിനും കൂടിയാണു് ഈ ഭാഗം ഉപന്യസ്തമായതു്.

"ന കംഭലഗ്നം ശുഭമാഹ സത്യഃ
ന ഭാഗഭേദാദ്യവനാ വദന്തി
കസ്യാംശഭേദോ ന തഥാസ്തിരാശേ-
രതിപ്രസംഗസ്തു ചിതി വിഷ്ണുഗുപ്തഃ

(വരാഹഹോര)

എന്നിങ്ങനെ ചിലടത്തു് യവനമതത്തെ ഓരോ ആചാര്യന്മാർ യുക്തിയുക്തമായി ഖണ്ഡിച്ചിട്ടുള്ളതും വരാഹൻ സ്മരിച്ചിട്ടുണ്ടു്. യവനന്മാരെ (ഗ്രീക്കുകാരെ) ഗുരുക്കന്മാരായി ഭാരതീയർ വരിച്ചിരുന്നു എന്നുവരികിൽ അവരുടെ മതത്തെ ഖണ്ഡിക്കുക ഉണ്ടാവുന്നതല്ല. തെററായിട്ടുള്ള അഭിപ്രായം വച്ചുകൊണ്ടിരിക്കുന്നവരെ ഉപദേഷ്ടാക്കളായി ആരെങ്കിലും സ്വീകരിക്കുന്നതാണോ. വരാഹമിഹിരാചാര്യൻ "സത്യ" മതത്തെയാണു സ്വീകരിക്കുന്നതു് 'സത്യോപദേശഃ പ്രവരഃ' എന്നു ആചാര്യൻ ആയുർദ്ദായപ്രകരണത്തിൽ അരുളിയിട്ടുമുണ്ടു്. ഈ പദ്യത്തിൽ പ്രസ്തുതനായ വിഷ്ണുഗുപ്തൻ അർത്ഥശാസ്ത്രകാരനായ കൌടില്യൻ (ചാണക്യൻ) അല്ലെന്നു് ഒരഭിപ്രായമുണ്ടു്. അതു് എങ്ങനെ ആയിരുന്നാലും ആ പ്രസിദ്ധ കൌടില്യന്റെ പ്രതിഭാസ്ഫുരണമുള്ള ഒരു ദേഹമായിരുന്നു ഈ വിഷ്ണുഗുപ്തൻ എന്നു ഈ പദ്യം അനുസന്ധാനം ചെയ്യുന്നവർക്കു ഇതര തെളിവൊന്നും കൂടാതെ ബോധ്യമാകുന്നതാണു്. സാരാവലിയിൽ കല്യാണവർമ്മനും ഫലിതജ്യോതിഷത്തിന്റെ ഒരു പ്രാമാണികനായിട്ട ഒരു ചാണക്യനെ സ്മരിക്കുന്നുണ്ടു്. ഈ വിഷ്ണുഗുപ്തനും ആ ചാണക്യനും കൌടില്യനെന്നു മറെറാരുപേരുകൂടിയുള്ള ആ സാമ്രാജ്യസ്ഥാപകൻതന്നെയായിരിക്കണം. ഈ പദ്യത്തിൽ മൂന്നു ജ്യോതിശ്ശാസ്ത്രകാരന്മാരെപ്പററി നിർദ്ദേശിച്ചിട്ടുള്ളതിൽ യവനന്മാരെയും വിഷ്ണുഗുപ്തനെയും അപേക്ഷിച്ചു സത്യാചാര്യൻ, പ്രാചീനതമൻ ആണെന്നുള്ളതും "ആഹ" "പ്രവദന്തി" എന്നി പ്രയോഗങ്ങളിൽനിന്നുതന്നെ തെളിയുന്നുണ്ടു്. ഇവരെല്ലാം ഒരു കാലത്തു വരാഹമിഹിരനോടൊപ്പം ജീവിച്ചിരുന്നവരാണെന്നു ഹിപ്പാൻ ബൃഹത്ജാതകത്തിൽ ഒരു മാർഗ്ഗവും കാണുന്നുമില്ല. വരാഹമിഹിരന്റെ ബൃഹജ്ജാതകരചനാകാലത്തു് വളരെമുമ്പു ഹോരാശാസ്ത്രം സംബന്ധിച്ചു്—വിശേഷിച്ചും ആയുർദ്ദായം—നാഭസയോഗം—നഷ്ടജാതകം മുതലായവയെസംബന്ധിച്ചു് വളരെ പക്ഷഭേദങ്ങൾ നാട്ടിൽ നടപ്പുണ്ടായിരുന്നു എന്നു പ്രസ്തുത ഗ്രന്ഥപ്രകാരം കാണുന്ന സ്ഥിതിക്കു ഇന്ത്യയിൽ ഹോരാതന്ത്രം പ്രചരിച്ചതു വരാഹന്റെ ജീവിതകാലത്തിനു എത്രയോ ശതാബ്ദങ്ങൾക്കുമുമ്പായിരുന്നിരിക്കണമെന്നു വിശിഷ്യാ പറയണമെന്നില്ലല്ലോ. ഭൂമിയിലുള്ള സകല ഔഷധങ്ങളുടെയും രസവീര്യവിപാകങ്ങളെ ദർശിച്ചറിഞ്ഞ ആ മഹർഷിചക്ഷുസ്സു് തന്നെയാണു ഗ്രഹങ്ങളുടെ സംയോഗാവലോകനാദിയും നാക്ഷത്രമണ്ഡലത്തിലുള്ള അവയുടെ സ്ഥിതിയും മററും ആധാരമാക്കിയിരിക്കുന്ന ഹോരാതന്ത്രത്തെയും ദർശിച്ചതു് എന്നുള്ളതിൽ യാതൊരുസന്ദേഹത്തിനും വഴികാണുന്നില്ല.




പണ്ഡിററു് ഡി. ഗോപാലാചാർലുവിന്റെ

ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകം സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകററേണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വർദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീർന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾ മുമ്പു ഇരുന്നതുപോലെ ന്യരശതമാനം ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീർക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 க. 4 ണ. ചെറുതു് 1 க. 12 ണ.

നിർമ്മാതാക്കൾ

ആയുർവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

# ഒരു വിവാഹമോചനം.

മുകുന്ദാലയം കെ. എൻ. ബാലകൃഷ്ണപിള്ള ബി. ഏ.

ലണ്ടനിൽ ഒരു റയിൽവെ പ്ലാറ്റഫാറത്തിൽ ആരെയോ കാത്തു ഒരു ചെറുപ്പക്കാരൻ നിൽക്കുകയായിരുന്നു. അവിടെയുണ്ടായിരുന്ന ജനക്കൂട്ടത്തിൽ ഒരു യുവതിയുടെമുഖം അയാൾക്കു സുപരിചിതമായി തോന്നി. എന്നാൽ എത്രതന്നെ ആലോചിച്ചിട്ടും അയാൾക്കു കൃത്യമായി അവളെ സംബന്ധിച്ചു ഒരോർമ്മപോലും തോന്നിയില്ല. ഒടുവിൽ ജിജ്ഞാസുവായ യുവാവ് അപമര്യാദയെ വകവയ്ക്കാതെ ആ യുവതിയോടു ഇങ്ങിനെ ചോദിച്ചു.

"എന്റെ മര്യാദകേടു ക്ഷമിക്കണം. ഭവതിയെ ഇതിനുമുൻപെവിടെയോവച്ചു കണ്ടതുപോലെ തോന്നുന്നു.

അവൾആശ്ചര്യഭരിതയായി, 'ദൈവമേ! ഇതാരു് ചാർലിയോ. നമ്മുടെ വിവാഹം വേർപെട്ടിട്ടു് ഇന്നു അഞ്ചുവർഷമാകുന്നു' എന്നു പ്രതിവചിച്ചു.

അയാൾ സംതൃപ്തനായി പറഞ്ഞു "ഞാൻ ഓർക്കുന്നു: അതിൽപിന്നീടു എനിക്കു ആറുവിവാഹമായി. ഭവതിക്കും അതിൽകുറവാകയില്ലെന്നു വിശ്വസിക്കുന്നു. വന്ദനം, പോകട്ടെ," എന്നുപറഞ്ഞു അവർ പിരിഞ്ഞു

വിവാഹമോചനങ്ങളും വിവാഹങ്ങളും, ഇതുപോലെ പാശ്ചാത്യരുടെ ഇടയിൽഉള്ള ഒരുത്തനു ജീവിതകാലത്തിൽ അനവധി വേണ്ടിവരുന്നതു് സാധാരണസംഭവങ്ങളാണു്. വിവാഹമോചനത്തെ, ഒരു കപ്പടഞ്ഞുപോകുന്നതിനെക്കാൾ പ്രാധാന്യമേറിയ ഒരു സംഭവമായി, അവരിൽഭൂരിപക്ഷവും ഗണിച്ചിട്ടില്ല എന്നാൽ പാശ്ചാത്യപൗരസ്ത്യലോകങ്ങൾഎല്ലാംതന്നെ ഈ അടുത്തകാലത്തു ഒരു വിവാഹമോചനത്തെപ്പറ്റി ബദ്ധശ്രദ്ധമായിരുന്നു അതു് സുപ്രസിദ്ധചലനചിത്രതാരങ്ങളായ "ഡഗ്ലസ്സി"ന്റെയും "മേരി"യുടേയും വിവാഹമോചനമായിരുന്നു. സിനിമാലോകത്തിലെ ചക്രവർത്തിയും ചക്രവർത്തിനിയുമായിരുന്നു അവർ.

1920-ൽ ഇവർ പരസ്പരം വിവാഹബന്ധത്തിലേർപ്പെട്ടു.

"വേണുംപടിയ്ക്കൊരുമപൂണ്ടനുരൂപരാമൊ-
രാണുംവധൂടിലകവുംനവയൗവനത്തിൽ
ചേണുററരാഗമൊടുചേർന്നമരുന്നകാഴ്ച
കാണുന്നകണ്ണിനതുതാൻകനകാഭിഷേകം"

എന്നൊരുകവി പാടിയിട്ടുള്ളതുപോലെസൗന്ദര്യം, ധനം, പ്രശസ്തി, നടനചാതുരി, എന്നീഗുണങ്ങളെല്ലാംതികഞ്ഞ മേരിയും, ഡഗ്ലസ്സും, ഹോളിവുഡ്ഡിലെ ആദർശദമ്പതികളായി പരിലസിച്ചപ്പോൾ ലോകം ആനന്ദനിമഗ്നമായി. ഈ ബന്ധം പതിമൂന്നു വർഷത്തെ നിലനില്പിനുശേഷം ശിഥിലീഭവിക്കാനായിരുന്നു വിധിയെന്നു് അന്നാരും ദീർഘദർശനം ചെയ്തിരുന്നില്ല. ഇത്രമാത്രം ഐക്യത്തിൽ കഴിഞ്ഞിരുന്ന ദമ്പതിമാരുടെ പരസ്പരവിയോഗം വിചാരസഹമേ അല്ലെന്നിരുന്നാലും അതു വാസ്തവമാണു്.

മേരി 'ഡഗ്ലസ്സി'നെ ഒരു ദേവനെപ്പോലെ ആരാധിച്ചിരുന്ന കാലമുണ്ടായിരുന്നു. അന്നു ഡഗ്ലസ്സ് തന്റെ പ്രേയസിയെ ഹൃദയംകവിഞ്ഞു് സ്നേഹിച്ചുമിരുന്നു. എന്നാൽ ഡഗ്ലസ്സ് ഒരു പുരുഷനാണു്. സ്ത്രീകൾക്കു് വിവാഹാനന്തരം ഭർത്താക്കന്മാരോടു് ചില കർത്തവ്യങ്ങളുണ്ടെന്നു അയാൾ ബലമായി വിശ്വസിച്ചിരുന്നു. തനിക്കു മേരിയോടുണ്ടായിരുന്ന കർത്തവ്യങ്ങളെ നിഷ്ഠയോടെ പാലിച്ചുവന്നിരുന്ന ഡഗ്ലസ്സിനു മേൽപറഞ്ഞവിധത്തിൽ വിശ്വസിക്കുവാൻ തികച്ചും അവകാശമുണ്ടു. ഡഗ്ലസ്സിനു രണ്ടുമൂന്നു കാര്യങ്ങൾ വളരെ നിർബന്ധമായിരുന്നു. മേരി തന്നോടൊന്നിച്ചല്ലാതെ മററാരുമായി "ഫിലിം" കൊടുക്കരുതെന്നായിരുന്നു ഒന്നാമത്തെ നിർബന്ധം. ഏതു ഗൃഹസദസ്സിൽവച്ചും, ഭക്ഷണസമയത്തും നൃത്തവേളയിലും മേരിയുടെ പങ്കാളിയായിരിക്കുന്നതിനുള്ള സൗഭാഗ്യം മറെറാരുത്തനും അദ്ദേഹം വിട്ടുകൊടുക്കയില്ല ഡഗ്ലസ്സിനു് കൃത്യംപത്തുമണിക്കുറങ്ങണം. എത്ര പ്രശസ്തഅതിഥിയായാലും ആ സമയത്തിനുമുൻപു, അയാളെ യാത്രയാക്കാൻ മേരി, തൻമൂലം നിർബന്ധിതയായിത്തീരും. ഡഗ്ലസ്സിനു, തന്നോടുള്ള സ്നേഹാധിക്യംമൂലം എപ്പോഴും തന്നോടൊത്തു സഹവസിക്കാനുള്ള അഭിവാഞ്ഛയാണു് അദ്ദേഹത്തിന്റെ ഈ നിർബന്ധത്തിനു ഹേതുവെന്നു മേരി വിചാരിച്ചു് തന്റെ സൗന്ദര്യത്തിലും വശീകരണശക്തിയിലും സ്വയം സംതൃപ്തയായി കുറെനാൾ കഴിച്ചു. ഇന്നു് ഡഗ്ലസ്സിനു 51-വയസ്സുണ്ടു്; മേരിക്കു് 41-വയസ്സും. ഡഗ്ലസ്സിന്റെ യൗവനം മിക്കവാറും അസ്തമിച്ചിരിക്കുന്നു മേരിക്കാണെങ്കിൽ ഇല്ലതാനും. തന്റെ ആരാധകന്മാരായ ഹോളിവുഡ്ഡിലെ യുവനടന്മാരുമായി സഹവസിക്കുവാനുള്ള സ്വാതന്ത്ര്യം മിസ്സസ്സ് ഡഗ്ലസ്സിനു ലഭിക്കുകയില്ലെന്നു 15-വർഷത്തെ അനുഭവംമൂലം മേരിക്കു മനസ്സിലായി തന്റെ ആനന്ദാനുഭൂതികൾക്കു് വാർദ്ധക്യത്തിലേക്കു പ്രവേശിക്കാൻസന്നദ്ധനായിനിൽക്കുന്ന ഡഗ്ലസ്സുമായുള്ള വിവാഹബന്ധം ഒരു വലിയ പ്രതിബന്ധമാണെന്നവൾക്കറിയാമായിരുന്നു.

ഇവരുടെ അനുരാഗം (?) 1918-ലാണു് തുടങ്ങിയതു്. അന്നു് മേരി, മിസ്സസ്സ് ഓവൻ ആയിരുന്നു. ഡഗ്ലസ്സിനും ഒരു മിസ്സസ്സ് ഡഗ്ലസ്സുണ്ടായിരുന്നു. പുതിയ ആകർഷണത്തിനു വിധേയരായി പഴയബന്ധം ഇരുവരുംശിഥിലീകരിച്ചു ഇന്നു ഡഗ്ലസ്സിനു നൂതനപ്രേമസമ്പാദ്യത്തിനുള്ള പ്രായം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടായിരിക്കാം ഡഗ്ലസ്സിന്റെ പുതിയ അനുരാഗഭാജനത്തെപ്പററി പത്രക്കാർ മൗനമവലംബിക്കുന്നതു്. മേരിക്കു് കാഴ്ചവയ്ക്കാനായി പല യുവഹൃദയങ്ങളും രംഗത്തെത്തിക്കഴിഞ്ഞിരിക്കുന്നു.

ഇവരിരുവരുംതമ്മിൽ അസ്വരസം തുടങ്ങിയിട്ടു് സുമാർ ഏഴുവർഷം കഴിഞ്ഞു. 1927-ലാണു് മേരി Best Girl എന്നകഥയഭിനിച്ചതു്. "ബസ്സിറോജേഴ്സ്" ഈ ചലനചിത്രത്തിൽ മേരിയുടെ സഹനടനായിരുന്നു. ഡഗ്ലസ്സിനു ഇതുമുതൽ സംശയം തുടങ്ങി. മേരിയെ ചലനചിത്രത്തിൽനിന്നും പിൻതിരക്കാൻ ഡഗ്ലസ്സ് ആകുന്നതും ശ്രമിച്ചു. പക്ഷെ ഫലം വിപരീതമായിരുന്നു. അതിനുശേഷം ഈ ദമ്പതികൾ ഒരുമിച്ചു് യൂറോപ്പുപര്യടനംനടത്തി. ഡഗ്ലസ്സിന്റെ പ്രതീക്ഷയും വിപരീതമായി, അന്നു ഹോളിവുഡ്ഡിലെ യുവനടന്മാരിൽ കേന്ദ്രീഭവിച്ചിരുന്ന മേരിയുടെ മനസ്സിനു് തെല്ലും മാററംവന്നില്ല യൂറോപ്പുപര്യടനത്തിനുശേഷം മേരി Coquette എന്ന ചലനചിത്രത്തിലും ഡഗ്ലസ്സ് Man in the Iron Mask എന്ന ചിത്രത്തിലും പ്രശസ്തമായി വിജയംനേടി.

മേരിയുടെ ജീവിതമാർഗ്ഗം ഡഗ്ലസ്സിന്റേതിൽനിന്നും വിഭിന്നമായിരിക്കുമെന്നു അനന്തരസംഭവങ്ങൾ തുടരെ കാണിച്ചുകൊണ്ടിരുന്നു. ഡഗ്ലസ്സ് ഒരു മദ്യപനല്ലായിരുന്നു. മേരിയാകട്ടെ മദ്യപാനാസക്തി അധികമായി പ്രദർശിപ്പിച്ചുവെന്നുമാത്രമല്ല ഹോളിവുഡ്ഡിലെ നടന്മാരൊന്നിച്ചു് നിശാസദസ്സുകളിൽ ഭാഗഭാക്കായി തുടങ്ങുകയും ചെയ്തു. വയസ്സുകാലത്തു പുതിയൊരിണയെ തേടിപ്പോകുന്നതിലുള്ള വൈഷമ്യം നേരാംവണ്ണം ഗ്രഹിച്ചായിരിക്കാം, ഡഗ്ലസ്സ് അപ്പോഴും മേരിയുമായി പിണങ്ങിയില്ല 1931-ൽ ഡഗ്ലസ്സ് യൂറോപ്പിലേക്കു തിരിച്ചു. മേരിക്കു അദ്ദേഹത്തെ അനുഗമിക്കാൻ മനസ്സില്ലെന്നു അവർ ധിക്കാരപൂർവം പറഞ്ഞു. പിന്നിട്ട് വിവാഹമോചനഹർജിക്കു അധികംതാമസമുണ്ടായിരുന്നില്ല. ഭാര്യാഭർത്താക്കന്മാർ ഈ അവസരത്തിൽ അത്‌ലാന്തികസമുദ്രത്തിന്റെ ഇരുകരയിലുമിരുന്നുകൊണ്ടു തെരുതെരെ കേബിൾ അന്യോന്യം അയച്ചുകൊണ്ടിരുന്നു. ഒടുവിൽ ഡഗ്ലസ്സ് ആണു് കേബിൾചെയ്തതു്. വിവാഹമോചനഹർജികൊടുക്കുന്നതു തൽക്കാലം നിർത്തിവയ്ക്കാനുള്ള ഒരപേക്ഷയായിരുന്നു അതു്. മേരിക്കു്, ഡഗ്ലസ്സ് തന്റെ കഴുത്തിൽതൂക്കിയിട്ട ഒരു കരിങ്കല്ലാണെന്നു ഈ സമയം തോന്നിത്തുടങ്ങിയിരുന്നു. ഡഗ്ലസ്സ് അവസാനം ചെയ്ത സന്ധിശ്രമങ്ങൾ നിഷ്ഫലമായെന്നു പറയേണ്ടതില്ലല്ലോ.

യൗവനം ശാശ്വതമല്ലെന്നു സ്വയം ഗ്രഹിച്ചു്, തന്റെ ഈ സുഖലോലുപതയെപ്പററി മേരിക്കു പശ്ചാത്താപത്തിനിടവരുന്നെങ്കിൽ അതു് അവരുടെ ഒരു നിർഭാഗ്യമായി നാമെണ്ണേണ്ട ആവശ്യമില്ല. ഒരു കാലത്തു ഭാര്യാഭർത്താക്കന്മാരായിരുന്ന ഇവരെ ദൈവം അനുഗ്രഹിക്കട്ടെ.

# ധൂമകേതുക്കൾ

പി. മാധവൻപിള്ള, കൊല്ലം.

ഏകാഗ്രമായ ചിന്തയുടേയും അനവരതമായ പരിശ്രമത്തിൻേറയും ഫലമായി ജ്യോതിശ്ശാസ്ത്രസംബന്ധമായ പല അറിവുകളും നമുക്കു കിട്ടിയിട്ടുണ്ടു്. എങ്കിലും ഗ്രഹങ്ങളുടെ അന്യോന്യബന്ധങ്ങളേയും ആകാശത്തിൽ കാണുന്ന അനന്തകോടി നക്ഷത്രങ്ങളേയും വിശ്വങ്ങളുടെ അതിഗ്രൂഢമായ ഘടനാവിശേഷങ്ങളേയും പററിയുള്ള വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനുള്ള ആഗ്രഹം ഇനിയും കൂടിക്കൂടിത്തന്നെ വരുന്നു.

ഇന്നുവരെയും കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതിലേക്കു് ഏററവും മഹത്തായ വിശ്വം സൂര്യൻേറതാണെന്നാണു് ശാസ്ത്രീയമതം. ഇതുപോലെ ഇനിയും പല വിശ്വങ്ങളുണ്ടെന്നു ലക്ഷ്യങ്ങളുണ്ടെങ്കിലും സൌരയൂഥവിശ്വത്തെപ്പോലെ വിശിഷ്ടമായ മറെറാന്നു ഇല്ലത്രേ. അനേകം നക്ഷത്രങ്ങളടങ്ങിയ ഒരു നക്ഷത്രപഞ്ജരത്തിനു് ഒരു വിശ്വമെന്നും ഹാർവേഡ്നിരീക്ഷണശാലയിലെ ഡാക്ടർ ഹാർലോ ഷാപ്ലി എന്ന ശാസ്ത്രജ്ഞൻ നാമകരണം ചെയ്തിട്ടുണ്ടു്. കാരണം നമ്മുടെ ദൃഷ്ടിക്കു ചെറുതായി തോന്നുന്നെങ്കിലും നക്ഷത്രങ്ങളെല്ലാംതന്നെ സൌരയൂഥത്തിലുള്ള ഗ്രഹങ്ങളെപ്പോലെയോ അതിലും കൂടുതലായോ മഹത്തരവും ഉത്തമവും ആയിരിക്കുമെന്നു് അദ്ദേഹം പറയുന്നു.

എത്രയും മഹത്തായ സൂര്യൻെറ വിശ്വത്തിലാണു് ഭൂമിയും ഉൾപ്പെട്ടിട്ടുള്ളതു്. ഭൂമികൂടാതെ മററു ഏഴുഗ്രഹങ്ങൾകൂടി അതിലുൾപ്പെടുന്നു. ഇവയൊക്കെ ക്ഷീരപഥമെന്നു അറിയപ്പെടുന്ന വിശ്വത്തിൽ പെട്ടതാണു്. ഇങ്ങനെ ക്ഷീരപഥത്തിൽപെട്ട ഗ്രഹങ്ങളെ ഡാക്ടർ സ്ലിഫർ, സൂര്യനെ കേന്ദ്രമാക്കിക്കൊണ്ടും അവയുടെ പരസ്പരബന്ധത്തെ പുരസ്കരിച്ചും രണ്ടായി ഭാഗിച്ചിട്ടുണ്ടു്. വലിപ്പത്തിലും സാന്ദ്രതയിലും കാലാവസ്ഥയിലും സൂര്യനിൽനിന്നു കിട്ടുന്ന ഓജസ്സിലും ഏതാണ്ടു ഭൂമിയോടു സാമ്യമുള്ള ചൊവ്വാ, ശുക്രൻ, ബുധൻ, എന്നീ ഗ്രഹങ്ങളെന്നും ഭൂമിയുമായി വളരെ വളരെ വ്യത്യാസമുള്ള വ്യാഴം, ശനി യുറേനസ്, നെപ്റ്റ്യൂൺ ഇവയെ അഭൗമങ്ങളെന്നും അദ്ദേഹം രണ്ടായി തരംതിരിക്കുന്നു. ഭൗമഗ്രഹങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വ്യത്യസ്തങ്ങളായ അനുഭവങ്ങളോടുകൂടിയ അന്തരീക്ഷമാണു് അഭൗമഗ്രഹങ്ങൾക്കുള്ളതു. ആ സംഘത്തിൽ മുൻപറഞ്ഞ നാലുഗ്രഹങ്ങൾ കൂടാതെ നൂററിഅൻപതിൽപരം ഗ്രഹങ്ങൾകൂടി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഈ കൂട്ടത്തിൽ ഉൾപ്പെട്ടതത്രേ ധൂമകേതുക്കളും.

ധൂമകേതുക്കൾക്കു വാൽനക്ഷത്രങ്ങളെന്നും നമ്മുടെ നാട്ടിൽ പേരുപറഞ്ഞുവരുന്നുണ്ടു്. ക്ഷണികമെങ്കിലും അത്യന്തം ദീപ്തിമത്തുക്കളായ ഇവയുടെ തേജഃപ്രസരം സൂര്യനോളംതന്നെ ഉജ്ജ്വലമായിരിക്കും. ആകൃതിയിൽ ഇവയിൽ ചിലതു് സൗരയൂഥത്തിലുള്ള മിക്ക ഗ്രഹങ്ങളെക്കാളും വലുതാണു്. ഒരു ധൂമകേതുവിൻെറ തല, ഭൂമിയുടെ മുപ്പത്തൊന്നു മടങ്ങു വലുതായിരുന്നു എന്നു കാണുന്നു. 1456-ൽ പ്രത്യക്ഷപ്പെട്ട ഒന്നിനാകട്ടെ ഭൂമിയേക്കാൾ നൂററിഅൻപതിരട്ടി വലിപ്പമുണ്ടായിരുന്നുപോലും. ഒരു ധൂമകേതുവിൻെറ വാൽ അഥവാ തലയിൽനിന്നു പിറകോട്ടുള്ള നീളം, സൂര്യനിൽനിന്നു ഭൂമിയിലേക്കുള്ള ദൂരമായ 91430000 മൈലായിരുന്നു. അതിഭീമമായ ഈ പ്രകാശബ്രഹ്മാണ്ഡങ്ങളിൽ ചിലതിനു് ഒന്നിൽ കൂടുതൽ വാലുണ്ടത്രേ. 1744-ൽ ദൃശ്യമായ ഒന്നിനു് ആറു വാലുകൾ ഉണ്ടായിരുന്നു.

അണ്ഡവൃത്താകാരമായ ഒരു ഭ്രമണപഥത്തിൽകൂടിയാണു് ധൂമകേതുക്കൾ പാഞ്ഞുപോകുന്നതു്. സൂര്യനു് അഭിമുഖമായി അവകൾ അതിവേഗം മുമ്പോട്ടു പോകുന്നു. ഈ അവസരത്തിൽ ചിലതു സൂര്യനെ പ്രദക്ഷിണം വയ്ക്കുകയും ചിലതു സൂര്യനോടു ഏററവും അടുത്തിട്ടു തിരിഞ്ഞുപോകുകയും ചെയ്യുന്നുണ്ടു്.

ഹാലി എഡ്മൻഡ് എന്ന ഇംഗ്ലീഷുകാരൻ 1835-ൽ ഒരു പുതിയ ധൂമകേതുവിനെ കണ്ടുപിടിക്കുകയുണ്ടായി. അദ്ദേഹം ജ്യോതിശ്ശാസ്ത്രസംബന്ധമായ തൻെറ നിരീക്ഷണങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ള 'പ്രിൻസിപ്പിയാ' എന്ന ഗ്രന്ഥത്തിൽ ആ ധൂമകേതുവിനെക്കുറിച്ചു പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടുണ്ടു്. എഴുപത്താറു കൊല്ലത്തിൽ ഒരിക്കൽ താൻ കണ്ടുപിടിച്ച ധൂമകേതു ഉദിച്ചു സൂര്യനോടു് ഏററവും സമീപിക്കും എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

ഡോനതിഗമ്പതിസ്റ്റാ എന്ന ഇററാലിയൻ ഖഗോളശാസ്ത്രജ്ഞൻ 1858 ാമാണ്ടിൽ ഒരു ധൂമകേതുവിൻെറ ഉദയത്തെ ലോകത്തിൽ പ്രത്യക്ഷപ്പെടുത്തി. രണ്ടായിരം കൊല്ലങ്ങളിലൊരിക്കൽ മാത്രം ദൃശ്യമാകുന്ന ആ അഗ്നിഗോളത്തിനു് 'ഡോനതിയുടെ ധ്രുവനക്ഷത്രം' എന്നാണു പേരു പറയുന്നതു്.

'എൻകസിൻെറ വാൽനക്ഷത്രത്തിൻെറ' ഭ്രമണം ഏകദേശം നാലുകൊല്ലമാണു്. 'ബർലിൻ ജ്യോതിർന്നിരീക്ഷണശാലയുടെ ഡയറക്ടരായിരുന്ന എൻക്സ ജോഹൻഫ്രാൻസ ആയിരുന്നു ആ ധൂമകേതുവിനെ കണ്ടുപിടിച്ചതു്. ഇതുകൂടാതെ 1680, 1744, 1811, 1843, 1861 1874, 1881 ഈ വർഷങ്ങളിലൊക്കെ ധൂമകേതുക്കൾ ഉദയംചെയ്തതായി രേഖാമൂലമായതെളിവുകൾ ഉണ്ടു്.

ധൂമകേതുക്കളുടെ ഗതിവേഗം എന്താണെന്നും അവയുടെ ഘടന ഏതുവിധമാണെന്നും ശാസ്ത്രജ്ഞന്മാർപോലും ഇന്നുവരെ തീർച്ചപറഞ്ഞിട്ടില്ല. അസാമാന്യമായ ദീപ്തിപ്രവാഹം ആ അഭൗമഗ്രഹങ്ങളിൽനിന്നുണ്ടാകുന്നുണ്ടു്. അണ്ഡാകാരമായ ഒരു ഭ്രമണചക്രത്തിൽകൂടിയാണു അവ പാഞ്ഞുപോകുന്നതു്. ഈ ദ്രുതഗതിയിൽ അവയിൽ ചില മാററങ്ങളൊക്കെ ദൃശ്യമാകുന്നുണ്ടത്രേ. ചിലപ്പോൾ ചില വാൽനക്ഷത്രങ്ങൾ പൊട്ടിത്തെറിച്ചു കഷണങ്ങളായി തീരുകയും അതു തണുത്തു വീണ്ടും അതിൻെറ ഉത്ഭവത്തിനു കാരണമായുള്ളതിൻെറ പിറകെ യാത്രചെയ്യുകയും ചെയ്യുന്നു. ഈവിധമുണ്ടായ വിള്ളലുകളിലൊന്നിൽകൂടി ഒരുകാലത്തു നമ്മുടെ ഭൂമി യാതൊരു പ്രതിബന്ധവുംകൂടാതെ കടന്നുപോയതായി ശാസ്ത്രജ്ഞന്മാർ പറയുന്നു.


വാൽനക്ഷത്രങ്ങളുടെ ഉദയം സൗരയൂഥത്തിനു പൊതുവെ പലവിധത്തിലുള്ള പരിവർത്തനങ്ങൾക്കു കാരണമായിത്തീരുന്നു. ധൂമകേതുക്കൾ ഉണ്ടാകുന്നതു് അശുഭസൂചകമാണെന്നു സാമാന്യമായി എല്ലാവർക്കും ബോധമുണ്ടു്. രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധം, ലോകത്തിൽ പൊതുവേ നേരിടുന്ന ക്ഷാമം, ഇവയൊക്കെ ധൂമകേതുവിൻെറ ഉദയത്തിനോടു് സംബന്ധിപ്പിച്ചു് ആളുകൾ സങ്കല്പിക്കുന്നു. ഭൂകമ്പങ്ങളും മററും ഉണ്ടാകുന്നതു ക്ഷീരപഥവിശ്വത്തിൽകൂടിയുള്ള വാൽനക്ഷത്രങ്ങളുടെ ദ്രുതഗതിമൂലം ഉണ്ടാകുന്ന വിപ്ലവത്താലാണെന്നാണു് വിശ്വസിക്കപ്പെടുന്നതു്.

എന്നാൽ സൌരയൂഥത്തിൽ ഉൾപ്പെട്ടതാമോ എന്നു് ഇനിയും സംശയംതീർന്നിട്ടില്ലാത്ത ചില ധൂമകേതുക്കളുണ്ടു് അവ ഒരുപ്രാവശ്യംമാത്രം ലോകത്തു പ്രത്യക്ഷീഭവിച്ചു് 'ഇങ്ങിനിവരാതവണ്ണം' മറഞ്ഞുകളയുന്നു. സൗരയൂഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയെ അപേക്ഷിച്ചു ഇവയുടെ ഭ്രമണപഥം അനുവൃത്താകാരം (Parabolic) ആയിരിക്കുന്നു. ഇംഗ്ലീഷിൽ ഇവയ്ക്കു പാരബാലിക്ക് കാമററ്സ് (Parabolic Comets) എന്നാണു പറയുന്നതു്.

ധൂമകേതുക്കളെ പററിയുള്ള വിവരങ്ങൾ അറിയുന്നതിനു ശാസ്ത്രജ്ഞന്മാർ ഇപ്പോഴും ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. പ്രപഞ്ചത്തിൻെറ സത്യസ്ഥിതിയെക്കുറിച്ചുള്ള അന്വേഷണത്തിൽ ഹൃദയപൂർവ്വം ഉത്സാഹിക്കുന്നതുകൊണ്ടു ഇനിയും ഇതിനെപ്പററി കൂടുതൽ വിവരങ്ങൾ കിട്ടുമെന്നു നമുക്കു ആശിക്കാം.

---


## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള
ഒരു യഥാർത്ഥ സാധനം.
സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.
വളകൾ ജോടി ഒന്നിനു രൂപാ 3.
കാററ്ലാഗ് ഇനാം.
ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്സ്, 187 ചൈനബസ്സാർറോഡ്,
ജി. ടി. മദ്രാസ്.

ശാസ്ത്രപംക്തി.

# സ്പർശേന്ദ്രിയം.

(കെ. ജനാർദ്ദനൻപിള്ള ഇരണിയൽ)

മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ അഞ്ചായിട്ടുള്ള വിഭാഗത്തിനടിസ്ഥാനമായ പ്രാചീനമനുഷ്യന്റെ സൂക്ഷ്മനിരീക്ഷണശക്തിയും വിവേചനപാടവവും വിസ്മയകരംതന്നെയാണ്. മനുഷ്യഹൃദയം വസ്തുസ്വരൂപം ഗ്രഹിയ്ക്കുന്നതു ഇന്ദ്രിയങ്ങൾമൂലമാണല്ലോ. ഈ ഇന്ദ്രിയങ്ങൾക്കു പ്രാപഞ്ചികവസ്തുക്കളുടെ ഓരോ ഗുണത്തെയും (Property) എപ്രകാരം മാനവമാനസത്തിനു ഗോചരമാക്കിക്കൊടുക്കാൻ ശക്തിയുണ്ടോ, അതനുസരിച്ചാണ് അവയെ ഓരോന്നായിട്ടു തരംതിരിച്ചിരിക്കുന്നതു. ഒരിന്ദ്രിയത്തിന്റെ ഗുണപരിധിയ്ക്കുള്ളിൽ മറ്റൊന്നിനു സ്ഥാനമുണ്ടോയെന്നുള്ള സംശയലേശത്തിനുപോലും അവസരം നൽകാത്തവിധത്തിലാണ് അതു് നിവൽത്തിച്ചിട്ടുള്ളതു്. ഒരു വൃത്തത്തിന്റെ ആകൃതിയെ പഞ്ചസാരയുടെ രുചിയോടോ പാടലവർണ്ണത്തോടോ ഉപമിക്കുന്നതു് എത്രകണ്ടു സുപ്രജ്ഞമായിരിക്കും? എല്ലാ ഇന്ദ്രിയങ്ങൾക്കും തമ്മിലുള്ള ബന്ധമെന്തെന്നാരായുന്നതു് അത്ര സുകരമല്ല. പക്ഷെ ഗന്ധേന്ദ്രിയത്തിനും രസേന്ദ്രിയത്തിനും തമ്മിലുള്ള ബന്ധംപോലെ മററുരണ്ടിന്ദ്രിയങ്ങൾ തമ്മിൽ തുല്യബന്ധസാമീപ്യമുണ്ടെന്നു തോന്നുന്നില്ല. ആരെങ്കിലും ഏലത്തിന്റേയോ ജാതിയ്ക്കായുടേയോ രുചി അതിന്റെ മണം പോലാണെന്നു പറഞ്ഞാൽ അതിൽ അവാസ്തവമോ അസാംഗത്യമോ ഇല്ലല്ലോ. എന്നാൽ പോത്തിന്റെ ശബ്ദം അതിന്റെ വർണ്ണം പോലാണെന്നു ഒരാൾ പറയുകയാണെങ്കിലോ? എന്നാൽ ഈ ഇന്ദ്രിയങ്ങൾ തമ്മിൽ ഗൂഢമോഹനമായ ഒരു ബന്ധം മറഞ്ഞു കിടപ്പുണ്ട്. അതിന്റെ സൂക്ഷ്മസ്വഭാവം വെളിപ്പെടുത്തുന്നതിനു വേറൊരവസരം വിനിയോഗിച്ചുകൊള്ളാം.

ഇന്ദ്രിയങ്ങളുടെ അഞ്ചായിട്ടുള്ള വിഭാഗം പോലെ കാലകല്ലോലാഘാതത്താൽ ക്ഷതമേൽക്കാത്ത മററു ശാസ്ത്രനിർവ്വചനങ്ങളോ പ്രതിപാദനങ്ങളോ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഈ പ്രത്യേകതയ്ക്കും ഒരു വിരാമം ഭവിച്ചതു് 18-ാം ശതകത്തിലാണെന്നു തോന്നുന്നു. അന്നാണു കാന്തബോധവും (Magnetic Sense) ആലക്തികബോധവും (Electric Sense) എന്ന രണ്ടിന്ദ്രിയങ്ങൾകൂടി ഇല്ലേ എന്നുള്ള സംശയങ്ങളുംകരിച്ചതും ശാസ്ത്രകാരന്മാർ തദ്വിഷയകമായി അവരുടെ പരീക്ഷണങ്ങൾ തുടങ്ങിയതും. എന്നാൽ ഈ ഇന്ദ്രിയങ്ങളുടെ ഭാവാഭാവങ്ങളുടെ സൂക്ഷ്മസ്വരൂപം നിണ്ണയിച്ചു അതുതന്നെ തെളിയിച്ചിട്ടില്ല. എന്നാൽ താമസ്റീഡ്സ് (Thomas Reids) അവതരിപ്പിച്ച സ്പർശേന്ദ്രിയത്തെക്കുറിച്ചുള്ള അഭിപ്രായത്തെ താമ്സൺ (Thomson) മുടങ്ങിയ ശാസ്ത്രപടുക്കൾ ഗ്രാഹ്യമാംവണ്ണം തെളിയിച്ചിട്ടുണ്ട്.

മററിന്ദ്രിയങ്ങളുണ്ടെന്നുള്ള സംശയാസ്പദമായ വാദങ്ങളെ വിസ്മരിച്ചാൽ ഇന്നു നാം കണക്കാക്കുന്നതു ദർശേന്ദ്രിയം അല്ലെങ്കിൽ ദൃഷ്ടേന്ദ്രിയം, ഗന്ധേന്ദ്രിയം ശ്രവണേന്ദ്രിയം, രസേന്ദ്രിയം, സ്പർശേന്ദ്രിയം, എന്നീ പഞ്ചേന്ദ്രിയങ്ങളേയാണ്. എന്നാൽ ഈ സ്പർശേന്ദ്രിയംമൂലം രണ്ടിന്ദ്രിയബോധങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണു റീഡ്സിന്റേയും താമ്സന്റേയും വാദസാരം.

സ്പർശേന്ദ്രിയം ത്വക്കാണ്. എന്നാൽ അധികവും സ്പർശബോധത്തിനുതകുന്നതു കയ്യാണ്. ഏതെങ്കിലും ഒരു സാധനം തൊട്ടുനോക്കുക ഇവിടെ രണ്ടുതരം വികാരങ്ങൾ അങ്കുരിക്കുന്നു. ഒന്നു സ്പർശിച്ച പദാർത്ഥത്തിന്റെ ഖരമൃദുസ്വഭാവത്തേയും (roughness or smoothness) മറെറാന്നു ഇതിൽനിന്നും വ്യത്യസ്തമായ വേറൊരു വികാരത്തേയുമാണു ജനിപ്പിക്കുന്നതു്. ചുട്ടുതിളച്ച വെള്ളം തൊട്ടുനോക്കുമ്പോൾ നമുക്കുണ്ടാകുന്ന വികാരവും, സ്നിഗ്ദ്ധകോമളമായ ഒരു മൃദുലസുമദളത്തേയോ ഒരു കരണ്ടു കല്ലുകഷണത്തേയോ തൊട്ടുനോക്കുമ്പോളുണ്ടാകുന്ന വികാരവും സ്പഷ്ടമേ ഭിന്നമാണ്. എന്നാൽ ഹിമജലസ്പർശംമൂലമുണ്ടാകുന്ന ബോധത്തിനും ചുട്ടുതിളയ്ക്കുന്ന വെള്ളം സ്പർശിക്കുമ്പോൾ ജനിക്കുന്ന വികാരത്തിനുംതമ്മിലുള്ള ബന്ധമെന്താണ്? ഇവ രണ്ടും ഭിന്നബോധങ്ങളല്ല; അവയുടെ പരിമാണ(degree)ത്തിലുള്ള വ്യത്യാസംമൂലമുണ്ടാകുന്ന വികാരഭേദങ്ങളാകുന്നു. അവ രണ്ടിലുമുള്ള സ്ഥായിയായ വികാരം ഒന്നുതന്നെയാണ്. എന്നാൽ ഹിമജലത്തേയും ഒരു കണ്ണാടിയുടെ മാർദ്ദവമുഖത്തേയും സ്പർശിയ്ക്കുമ്പോഴുണ്ടാകുന്ന വികാരബോധങ്ങൾക്കു തമ്മിൽ ഐക്യമില്ല. അവ രണ്ടും തീരെ ഭിന്നമായ രണ്ടുതരം വികാര വിശേഷങ്ങളത്രെ. അതുകൊണ്ടു സ്പർശേന്ദ്രിയത്തെ രണ്ടായിട്ടു വിഭജിയ്ക്കേണ്ടി വരുന്നു. ഒന്നു ഉഷ്ണാവബോധവും (Sense of heat) മറെറാന്നു് ഒരു വസ്തുവിന്റെ മൃദുത്വബോധവും (Sense of roughness or smoothness). ഒരു വസ്തുവിന്റെ ഖരത്വം (roughness) മൂലം നമുക്കുണ്ടാകുന്ന ബോധം a sense of force ആണെന്നു താമ്സൺ ഉദീരണം ചെയ്തിട്ടുണ്ട്. ഒരു അന്ധൻ സഞ്ചാരമാർഗ്ഗം അറിയുന്നതു് രണ്ടു കൈകളും വിടുർത്തി മാർഗ്ഗവിഘ്നകങ്ങളായ എന്തെങ്കിലും വസ്തുവിന്റെ സ്പർശമേല്ക്കുന്നുണ്ടോ എന്നറിഞ്ഞിട്ടാണ്. എന്തെങ്കിലും വലിപ്പമേറിയ ഒരു വസ്തുവിന്റെ സ്പർശമേല്ക്കുമ്പോൾ കൈകൾക്കു ആയാസമുണ്ടാകുന്നു. അതുകൊണ്ടു ഇത്തരം സ്പർശബോധത്തെ പ്രാണിപ്രകൃതിശാസ്ത്രജ്ഞന്മാർ (Physiologist) മാംസപേശിസംബന്ധമായ (Muscular Sense) ഇന്ദ്രിയമാണെന്നു അഭിപ്രായപ്പെടുന്നു. എന്നാൽ അവർ എന്തെങ്കിലും മൃദുമസൃണമായ വസ്തുവിന്റെ സ്പർശംമൂലമുണ്ടാകുന്ന വികാരത്തെ ഇതിലുൾപ്പെടുത്തുന്നില്ല. ഈ രണ്ടുവിധം ബോധങ്ങളും (senses) നമ്മുടെ കൈകളിലേൽക്കുന്ന ശക്തികളുടെ (forces) വലിപ്പഭേദം മൂലവും അവയുടെ പ്രയോഗസ്ഥലഭേദത്താലും (difference of places of action of the forces) ഉണ്ടാകുന്നവയാണ്. മിനുസമായ ഒരു കണ്ണാടി തൊട്ടുനോക്കുമ്പോൾ ഈ force ഒരേ രീതിയിൽ, കൈയിലെല്ലാംസ്ഥലത്തുമൊന്നുപോലെ പ്രയോഗിക്കപ്പെടുന്നു. (The forces are uniformly distributed) എത്രത്തോളം സ്ഥലത്തിലാണ് ആ വസ്തു നമ്മുടെ കൈയിൽ സ്പർശിച്ചിരിയ്ക്കുന്നതു് ആ സ്ഥലഭാഗം മുഴവനും അണുവിടപോലും കൂടാതെ ആ ബലം (force) പ്രയോഗിയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ കരണ്ട കല്ലുകഷണത്തേയോ, മിനുസമല്ലാത്ത പലകയേയോ സ്പർശിയ്ക്കുമ്പോൾ, ഈ ബലം നമ്മെ ഇങ്ങനെയല്ല ബാധിക്കുന്നതു്. ഇതു നമ്മുടെ കൈയിലുള്ള തൊലിയുടെ ഏതാനും ചെറിയ ഭാഗങ്ങളിൽ മാത്രമേ പ്രയോഗിയ്ക്കപ്പെടുന്നുള്ളു. ഈ ഭാഗങ്ങൾക്കിടക്ക് സ്പർശമേല്ക്കാത്ത ചെറിയ ചെറിയ സ്ഥലങ്ങൾ അസംഖ്യമുണ്ടായിരിക്കും. ഇങ്ങനെ ഈ ബലത്തിന്റെ വലിപ്പഭേദത്തിലോ പ്രയോഗസ്ഥലദൈർഘ്യത്തിലോ ആണു ഒരു വസ്തുവിന്റെ ഖരമൃദുസ്വഭാവം സ്ഥിതിചെയ്യുന്നതു്. ഈ വ്യത്യാസംമൂലമാണ് ഒരു സാധനം മൃദുവെന്നും ഖരമെന്നും മററും നാം പറയുന്നതു്. തന്മൂലം ഈ വികാരബോധമുണ്ടാകുന്നതു്, സ്ഥലപരിമാണത്തോടുകൂടിയ ഒരുതരം ശക്തിപ്രയോഗത്താലാണെന്നു സിദ്ധിക്കുന്നു. അതുകൊണ്ടാണ് താമസ് റീഡ്സ്, താമ്സൺ തുടങ്ങിയുള്ള ശാസ്ത്രജ്ഞന്മാർ സ്പർശേന്ദ്രിയത്തെ വിഭജിച്ചു ഉഷ്ണേന്ദ്രിയമായും, ബലബോധം അല്ലെങ്കിൽ ശക്തിബോധ (Sense of force) മായും കണക്കാക്കി, ഇന്ദ്രിയങ്ങളുടെ സംഖ്യ ആറായിട്ടു നിണ്ണയിക്കുന്നതു്.

---

ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
## ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാർക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ട്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

# പട്ടിയുടെ പൂർവകഥ.

കാപ്പിൽ കെ. നീലകണ്ഠൻ.

പട്ടി, ദേവലോകത്തെ ഒരു മൃഗമാണ്. രാത്രികാലങ്ങളിൽ ഭൂലോകത്തുവന്നു പുഷ്പങ്ങളിൽനിന്നും തേൻകുടിച്ച് ഏഴരനാഴിക വെളുക്കാനുള്ളപ്പോൾ തിരിച്ചുപോവുകയാണു ദേവന്മാരുടെ പതിവ്.

ഒരുദിവസം ദേവന്മാരോടൊന്നിച്ചു ഒരു പട്ടിഭൂലോകത്തുവന്നു. വിശേഷങ്ങൾ കാണുവാനായി ഓടിനടന്നതിനാലുള്ള ക്ഷീണംകൊണ്ടു ദേവന്മാർ തിരിച്ചുപോയപ്പോൾ പട്ടി ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ സൂര്യൻ ഉദിച്ചുയർന്നു.

ലോകത്തിൽ ഏററവും വലിയവനോടൊരുമിച്ചു താമസിക്കണമെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു ഒരു ആനയുടെ അടുക്കൽചെന്നു പട്ടിചോദിച്ചു. "ലോകത്തിൽ ഏററവും വലിയവൻ നിങ്ങളാണോ?"

ആന—"അതെ; ലോകത്തിൽ, ഏററവും വലിയവൻ ഞാൻതന്നെ. നിങ്ങൾ എന്തിനായിട്ടുവന്നു?"

പട്ടി—"എനിക്കു, നിങ്ങളോടൊന്നിച്ചു താമസിച്ചാൽ കൊള്ളാമെന്നുണ്ടു്."

ആന—"എന്നോടൊന്നിച്ചു താമസിക്കുന്നതു എനിക്കു സന്തോഷംതന്നെ"

രാത്രിആയപ്പോൾ പട്ടി ജാത്യാഉള്ളശബ്ദം പുറപ്പെടുവിക്കുന്നതുകേട്ടു ആനപറഞ്ഞു. "എന്നെ ഉപദ്രവിക്കാൻ സിംഹം എന്ന ഒരു ജീവി ഇതിനടുത്തുണ്ടു്. ഈ ശബ്ദംകേട്ടാൽ അവൻ ഇവിടെഎത്തും."

പട്ടി—"അപ്പോൾ നിങ്ങളെക്കാൾ വലിയവൻ സിംഹമാണല്ലൊ! ഞാൻ ആ സിംഹത്തിൻെറ അടുക്കൽ പോകട്ടെ" എന്നു പറഞ്ഞുകൊണ്ടു പട്ടി സിംഹത്തെ ചെന്നുകണ്ടു.

പട്ടി—"ലോകത്തിൽ ഏററവും വലിയവൻ നിങ്ങളാണെന്നു വിശ്വസിക്കുന്നു?"

സിംഹം—"ഏററവുംവലിയവൻ ഞാൻതന്നെ; നിങ്ങൾക്കെന്തുവേണം?"

പട്ടി—"നിങ്ങളോടൊരുമിച്ചു താമസിക്കാൻ ആഗ്രഹമുണ്ടു്."

സിംഹം—"എന്നാൽ അങ്ങനെ ആകട്ടെ"

പട്ടിയുടെ കുരച്ചിൽകേട്ടു സിംഹംപറഞ്ഞു "എന്നെ വെടിവയ്ക്കാൻ മനുഷ്യൻ എന്ന ഒരു ജീവി സഞ്ചരിക്കുന്നുണ്ടു്. ഈ ശബ്ദംകേട്ടാൽ അവൻ ഇങ്ങോട്ടുവരും."

പട്ടി—"നിങ്ങളെക്കാൾ വലിയവനാണു മനുഷ്യൻ! ഞാൻ മനുഷ്യനെ കാണാൻ പോകുന്നു" എന്നുപറഞ്ഞു് വിളവുസൂക്ഷിച്ചുകൊണ്ടിരുന്ന ഒരാളെ പട്ടിപോയികണ്ടു.

പട്ടി—"ലോകത്തിൽ ഏററവും വലിയവൻ നിങ്ങളാണെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളോടുകൂടി താമസിക്കാൻ അനുവദിക്കുമോ."

മനുഷ്യൻ - ലോകത്തിൽ ഏററവും വലിയവൻ ഞാൻതന്നെ. എന്നോടൊരുമിച്ചു താമസിക്കുന്നതുകൊണ്ടു വിരോധം ഒന്നും ഇല്ല."

പട്ടി, മനുഷ്യനോടുകൂടി താമസമായി. മനുഷ്യൻെറ ആഹാരത്തിൽ ചുരുങ്ങിയ ഒരുഭാഗം പട്ടിക്കു ലഭിച്ചുവന്നു. ഒരുദിവസം രാത്രി പന്നികൾ വിളവുനശിപ്പിക്കാൻ വന്നപ്പോൾ പട്ടി ഉച്ചത്തിൽ കുരച്ചതുകേട്ടു് അവ പേടിച്ചു ഓടിപ്പോയി. മനുഷ്യനു് പട്ടിയുടെനേരെ കൂടുതൽ പ്രീതിതോന്നുകയാൽ അന്നുമുതൽ പട്ടിക്കു തൃപ്തിയായിട്ടു് ആഹാരം കിട്ടിത്തുടങ്ങി.

ഒരുദിവസം, ദേവലോകത്തു്, ചിത്രഗുപ്തൻ കാലനെയും കൂട്ടുകാരെയും വിളിച്ചു്, മേൽപറഞ്ഞ മനുഷ്യൻെറ മരണം സമീപിച്ചിരിക്കുന്നുവെന്നുപറഞ്ഞു അവനെ പിടിച്ചുകൊണ്ടുവരാൻ ആജ്ഞാപിച്ചു. ആ ആജ്ഞ ഭൂലോകത്തുകിടന്ന പട്ടിക്കു കേൾക്കാമായിരുന്നു.

പട്ടി, മനുഷ്യനോടു പറഞ്ഞു "അങ്ങയുടെ മരണം അടുത്തിരിക്കുന്നു. ദേവലോകത്തു ചിത്രഗുപ്തൻ മരിക്കാനുള്ളവരുടെ കണക്കു വായിക്കുന്നതു ഞാൻ കേട്ടുകൊണ്ടു കിടക്കുകയായിരുന്നു".

മനുഷ്യൻ "അയ്യോ! രക്ഷപ്പെടാൻ വല്ല മാർഗ്ഗവും ഉണ്ടോ"?

പട്ടി "പരിഭ്രമിക്കാനൊന്നും ഇല്ല, ഞാൻ ഒരു മാർഗ്ഗം കാണുന്നുണ്ടു്. മുററത്തു് ഒരു വലിയ പന്തൽകെട്ടി വിവിധജാതിയിലുള്ള പുഷ്പങ്ങളെക്കൊണ്ടു് അലങ്കരിക്കണം. കാലനും കൂട്ടുകാരും എത്തുന്നതിനുമുൻപായി അവിടുന്നു ചാമ്പൽക്കൂട്ടിൽപോയിരിക്കണം. അവിടെ അവർ വരികയില്ല."

പട്ടിയുടെ ഉപദേശപ്രകാരം പന്തൽകെട്ടി അലങ്കരിച്ചശേഷം മനുഷ്യൻ ചാമ്പൽക്കൂട്ടിൽ പോയി ഇരുന്നു.

കാലനുംകൂട്ടുകാരുംവന്നു പുഷ്പങ്ങൾകണ്ടു് അവയിൽനിന്നും തേൻകുടിക്കാൻതുടങ്ങിയതിനാൽ മനുഷ്യൻെറകാര്യം ഓർമ്മിച്ചില്ല. തേൻ കുടിച്ചുതീർന്നപ്പോൾ മനുഷ്യനെ കൊണ്ടുപോകേണ്ട സമയം കഴിഞ്ഞുപോയി. ചിത്രഗുപ്തൻെറ അടുക്കൽ തിരിച്ചുചെന്നു തങ്ങൾക്കുപററിയ പ്രമാദം അവർ അറിയിച്ചു.

കാരണം അറിവാനായി എല്ലാവരുംകൂടി ബ്രഹ്മാവിൻെറ അടുക്കൽപോയി. ദേവലോകത്തുള്ള എല്ലാപട്ടികളെയും വരുത്താൻ ബ്രഹ്മാവുകല്പിച്ചു പട്ടികൾ വന്നപ്പോൾ ഒരു പട്ടി കുറവുള്ളതായിക്കണ്ടു്, അതു് ഭൂലോകത്തായിരിക്കണമെന്നും ആ പട്ടിയാണു് കാലനെയും കൂട്ടുകാരെയും വഴിതെററിച്ചതെന്നും ബ്രഹ്മാവു് മനസ്സിലാക്കി.

ബ്രഹ്മാവുതന്നെ ഭൂലോകത്തുവന്നു പട്ടിയെ കണ്ടുപിടിച്ചു. പട്ടി അദ്ദേഹത്തിൻെറ കാല്ക്കൽവീണു് നമസ്കരിച്ചു. അതിൻെറ നാക്കു വലിച്ചുനീട്ടി മേലാൽ സംസാരിക്കാൻ ശേഷിയുണ്ടാകാതെപോകട്ടെ എന്നു ശപിച്ചുകൊണ്ടു് ബ്രഹ്മാവു് തിരിച്ചുപോയി. ആ പട്ടിയുടെ സന്താനങ്ങളാണു ഇന്നു ലോകത്തുകാണുന്ന സകലപട്ടികളും. ഇതാണു പട്ടിയുടെ പൂർവകഥ.

---

# കൃതഘ്നത.

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

( കേക. )

"എവിടെത്തിരഞ്ഞാലും സ്വാർത്ഥമേ കാണാനുള്ളൂ"
കവിചൊല്ലിനാൻ: "ഇത്രനന്ദികെട്ടതോ ലോകം?"
പൊന്നിനാലഭിഷേകം ചെയ്യുന്ന പുലരിയെ-
പ്പിന്നിലായ്ത്തള്ളി രവി തീപ്പൊരി ചൊരിയുന്നു;
ശാന്തനായടിതൊഴുതൊതുങ്ങിനില്ക്കും ലോക-
ബന്ധുവെത്താഴ്ത്തീടുന്നു തൻതിരക്കൈയാൽ സിന്ധു;
താരകമാല്യംതീർക്കാൻ തങ്കമേകവേ സന്ധ്യ
തൻമുഖത്തുടൻ കരിതേയ്ക്കുന്നു നിശീഥിനി;
താരുകൾ തങ്ങൾക്കെഴും തൂമണം നൽകീടവേ
മാരുതനവയെല്ലാമടിച്ചു കൊഴിക്കുന്നു;
തൻമാറിൽത്താലോലിക്കും വാനിൻെറ നേരെ നോക്കി-
ക്കാർമുകിലലറുന്നു, കാക്കിത്തുപ്പീടുന്നു!
"എവിടെത്തിരഞ്ഞാലും കാണുന്നു കൃതഘ്നത"
കവിചോദിച്ചു: "ഇത്ര നന്ദികെട്ടതോ ലോകം?"

---

# പാശ്ചാത്യപരിഷ്കൃതവിളക്കുകളും "ചിത്രലൈററ്"കളും.

**ആറന്മുള എസ്സ്. രാഘവൻപിള്ള.**

ഉൽഗമനം, വാതകീകരണം, മുതലായ ഗുണദോഷവിശേഷങ്ങളാൽ ലോകത്തിന്റെ സർവാധിപത്യം വഹിച്ചു് വിഹരിക്കുന്ന മണ്ണെണ്ണയാൽ നടത്തപ്പെടുന്ന വിളക്കുകൾ, ഒന്നുമില്ലാതെ ഏതോചില സൂത്രവിശേഷങ്ങളാൽ എവിടെയൊക്കെയൊ എരിഞ്ഞു പ്രകാശത്തെത്തരുന്ന വൈദ്യുത (electric) ദീപങ്ങൾമുതലായ പരിഷ്കൃതപ്രകാശവിശേഷങ്ങൾ മിന്നിത്തിളങ്ങുന്ന ഈ ലോകത്തിൽ വെളിച്ചെണ്ണ, എള്ളെണ്ണ തുടങ്ങിയ കൊഴുപ്പൻതൈലങ്ങൾ ഉപയോഗിച്ചു വിളക്കുകൾ ദീപിപ്പിച്ചു പഴയകാലത്തേക്കു—പ്രകൃതിയിലേക്കു "റിവേഴ്സ്" ചെയ്യണമെന്നു പറയുന്നതു് കേവലം സാഹസം അഥവാ തീരെ വിനോദംഎന്നൊക്കെ തോന്നിയേക്കാം. ബഹുലങ്ങളായ പ്രവൃത്തികൾമൂലം നേരെ ശ്വാസംവിടുവാൻപോലും നിമിഷങ്ങളില്ലാതെ വിഷമിക്കുന്ന ആധുനികലോകത്തിൽ അല്പസമയവും ചില പലബദ്ധപ്പാടുകളും ഉണ്ടാകുന്ന നാട്ടെണ്ണകൾകൊണ്ടു വിളക്കെരിക്കുവാൻ ആർ ധൈര്യപ്പെടും? തൊട്ടുപെരുമാറിയാൽ കയ്യും ശരീരവും വസ്ത്രങ്ങളും 'മെഴുക്കു'പുരളുന്ന നാട്ടെണ്ണകൾ അപരിഷ്കൃതവും, എന്തൊക്കെയോ ചില 'നല്ലതുകൾ' ഇല്ലാത്തവയുമാണെന്നാണ് ഒരു സാധാരണ ധാരണ. മണ്ണെണ്ണ പെട്രോൾ മുതലായ പരിഷ്കൃതവരവുസാധനങ്ങൾ ശരീരത്തിലൊ വസ്ത്രങ്ങളിലൊ പുരണ്ടാൽ ആ നിമിഷംതന്നെ അതു് അദൃശ്യമായിതീരുന്നതും അതിന്റെ 'കമിച്ച' നാററം വല്ലാത്തതെങ്കിലും, പരിചയത്താലും, പരിഷ്കാരഭ്രമത്താലും ഹൃദ്യതരം എന്നു വന്നുകൂടിയിരിക്കുന്ന ഒരുതരം നല്ലവാസന(?)യായി കരുതപ്പെട്ടുപോരുന്നു. മണ്ണെണ്ണപ്പുകയുടെ കാര്യമെങ്കിൽ ആരോഗ്യഹാനികരമെന്നു ചില [illegible]ധുക്കൾ—ലോകഗതി[illegible]വും [illegible]മില്ലാത്ത അപരിഷ്കൃതർ—പറയുമായിരിക്കാം. ഇന്നു ആരോഗ്യസംബന്ധമായ കാര്യങ്ങളെപ്പററി ചിന്തിക്കുവാൻ സമയം പാഴിൽക്കളയുന്നതു് [illegible] വ്യാ[illegible]ച്ചും പോരുന്ന [illegible]മല്ല, ആരോഗ്യം ജന്മസിദ്ധമാണെന്നും [illegible] പരസിദ്ധമല്ലെന്നും [illegible] ആണു് [illegible] മുന്നോട്ടു [illegible] ലോകത്തിന്റെ പരിഷ്കൃതി [illegible] ജീവിക്കുകയല്ലാതെ [illegible] തിരിഞ്ഞു [illegible] കാര്യകാര്യ വിവേചനം ചെയ്യുവാൻ ധൈര്യപ്പെ[illegible] ചുരുങ്ങും. ലോകത്തിന്റെ പരിഷ്കൃതവും സമ്പ്രദായകവും, ശ്രമവിഹീനവും ആയ [illegible] മാത്രം സ്വാഗതംചെയ്തു [illegible] ജീവിതചര്യകളെ പുതുക്കിയിട്ടുള്ള അഭിനവലോകം, ആ

രോഗ്യമെന്നോ, പരിശുദ്ധമെന്നോ, സാമ്പത്തികമെന്നൊക്കെ പറയുന്നതു വെറും വനരോദനമായിമാത്രമെ ശ്രവിക്കയുള്ളു.

ആകൃതിമാററങ്ങളെയും, സൌകര്യങ്ങളെയും, നവീനആദർശങ്ങളെയും, പാശ്ചാത്യഭൗതികരീതികളെയും, ആധാരമാക്കി ജീവിതം നയിക്കുന്ന നാം, നമ്മുടെ ആരോഗ്യത്തെപ്പററി ചിന്തിക്കുന്നില്ലെന്നിരുന്നാലും, അക്കാര്യം നമ്മുടെ സ്മൃതിപഥത്തിൽ പ്രവേശിക്കുവാൻ നാം അനുവദിക്കുന്നില്ലെങ്കിലും, അറിഞ്ഞാലും അതേപ്പററി വകവയ്ക്കുവാൻ ഭാവമില്ലെന്നിരുന്നാലും പരമാർത്ഥത്തിൽ മണ്ണെണ്ണദീപങ്ങൾ നമ്മുടെ ആരോഗ്യനാശത്തിൽ സാരമായി പങ്കെടുക്കുന്നുണ്ടു്. സദാനിമിഷവും ചുരുളുചുരുളായി അന്തരീക്ഷത്തിൽ ലയിക്കുന്ന മണ്ണെണ്ണപ്പുക—ആ ഭയങ്കരവിഷവാതകം—മൂലം നമ്മുടെ അന്തരീക്ഷം വിഷസങ്കലിതമായി ഭവിക്കുന്നു. ആ വായുവാണു പ്രാണിലോകം ഉച്ഛ്വസിക്കുന്നതു്. ശ്വാസസഞ്ചികളുടെ അറകൾ മണ്ണെണ്ണപ്പുകയുടെ സ്ഥിരവാസസ്ഥാനങ്ങളായി പരിണമിച്ചിരിക്കുന്നു. സുപ്രസിദ്ധവ്യവസായകേന്ദ്രമായ മ്യൂണിച്ചുനഗരിയിലെ ചില ആരോഗ്യസമ്പാദനശ്രമോൽസുകർ ചില രോഗികളെ എക്സ്റേശോധനകഴിച്ചതിൽ അവരുടെ ശ്വാസകോശത്തിലെ ചെറിയചെറിയ അറകളുടെ ചുവരുകൾഎല്ലാം മണ്ണെണ്ണപ്പുകയാൽ ടാറടിച്ചിരിക്കുന്നതായി കണ്ടുപിടിച്ചു. ക്ഷയം, കാസം, ഹൃദ്രോഗം, നാഡീവൈകല്യം, കാഴ്ചക്കുറവു് മുതലായ ഭയങ്കരവ്യാധികൾ ഇൻ[illegible]യിൽ വർദ്ധിച്ചുവരുന്ന പ്രധാനകാരണങ്ങളിൽഒന്നു്, മണ്ണെണ്ണപ്പുക അന്തരീക്ഷവായുവിൽ പരത്തുന്ന വിഷശക്തിയാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. നിരന്തരം കിളർന്നു പരന്നുകൊണ്ടിരിക്കുന്ന പൊടിയിൽ മണ്ണെണ്ണപ്പുകചെന്നു് വായുവിൽകലർന്നു ജീവികൾ ഉച്ഛ്വാസവിനിമയം ചെയ്യുമ്പോൾ ശ്വാസസഞ്ചികൾ നിരുപയോഗമായി ഭവിച്ചു് രോഗകാരണമായിത്തീരുന്നതു്". അകാലമരണങ്ങളും ആരോഗ്യഹീനതയുംനിറഞ്ഞ ഒരു ലോകമാണു ഇന്നു നമ്മെ ചുററിവരിക്കുന്നതു്. [illegible]ഷമയമായ ഇംഗാലവാതകത്തിന്റെ വർദ്ധനമൂലം ലോകം നാശഗർത്തത്തിലേക്കു നിപതിക്കുന്നു എന്നു വിദഗ്ദ്ധ[illegible]കം സങ്കടപ്പെടുന്നു.

[illegible]കൊള്ളിയാൻമിന്നലിനെ [illegible] പിടിച്ചു[illegible]ച്ചു കത്തിക്കുന്ന വിളക്കുകൾ വൈദ്യുതദീപങ്ങൾ ഇതാ ലോകത്തെ ബാധിച്ചു [illegible] ഹരിക്കുന്നു. സകലവിധത്തിലും [illegible] പരിപൂർണ്ണമായ "എലക്ട്രിക്കലൈററുകൾ" [illegible] മണ്ണെണ്ണയേയും [illegible]ച്ചാക്കു മന്നു [illegible] "മഹാസൗകര്യം" എന്നൊരു ഗുണമാണല്ലൊ എലക്ട്രിക്കലൈററിനുള്ളതു്. തന്ത്രിയെ വലത്തിവിടത്തക്കവിധത്തിലാണു് ഇന്നത്തെ പരിഷ്കാരത്തിന്റെ ഗതിവിശേഷം. സകലതും നമുക്കു ബദ്ധപ്പാടുകൂടാതെ നടത്തുന്നതിനാണു് നാമിന്നു ഇഷ്ടപ്പെടുന്നതു്. അങ്ങിനെ ചിലകാലംകൂടി മുന്നോട്ടുപോകുമ്പോൾ പ്രവൃത്തിയന്ത്രങ്ങൾ ശിഥിലിക്കയും മനുഷ്യർ സ്വസ്ഥന്മാരൊ മടിയന്മാരൊ ആയിത്തീരുകയും ചെയ്യും. കിടക്കുന്ന കിടപ്പിൽ അഥവാ ഇരിക്കുന്ന ഇരിപ്പിൽ പോരാ, നില്ക്കുന്നനില്പിൽ വിളക്കുകത്തിക്കുവാൻ ശ്രമലേശമേശാതെ—നാം അഭ്യസിച്ചും അതിൽ ആനന്ദിച്ചും തുടങ്ങിയിരിക്കുന്നു ഒരു ബട്ടൻ അമർത്തിയാൽ വിളക്കുകത്തുന്ന ഒരു സുഖമാണു് എലക്ട്രിക്ക ലൈററുകൾ നമുക്കു തരുന്നതു്. ജീവതാവശ്യങ്ങൾക്കു നിർവാഹമില്ലാതെ ബദ്ധപ്പെടുന്ന ഭാരതീയർ, ഈവക അനാവശ്യ ആഡംബരങ്ങൾക്കുവേണ്ടി നശിപ്പിക്കുന്ന പണത്തെപ്പററി ചിന്തിക്കുന്നില്ല. ചില വർഷങ്ങൾകൂടി കഴിഞ്ഞാൽ ബട്ടൻ അമർത്താൻതന്നെ സമയവും ക്ഷമയും നമുക്കു നശിച്ചു എന്നുവരാം. ജീവിതാവശ്യങ്ങളെ വർദ്ധിപ്പിച്ചപ്പോൾ സമയം പോരാതെ വന്നുകൂടി ക്ഷമയും അസ്തമിക്കുന്നു ഇനി മനസ്സുകൊണ്ടു വിചാരിച്ചാൽ കത്തുന്ന വിളക്കുകളായിരിക്കും നമുക്കു ആവശ്യം. മനസ്സുകൊണ്ടു വിചാരിക്കുന്നതുതന്നെ ഘനത്തിനും അന്തസ്സിനും പോരാതെവരുന്ന ഒരു കാലവും സന്നിഹിതമായേക്കാം

തൊട്ടാൽ ചാകുന്ന "കാലന്റെ കൊലയറ"യായ എലക്ട്രിക്കലൈററുകൾ നമ്മുടെ സാഹചര്യത്തിൽ [illegible] അത്ഭുതം തന്നെ. മണ്ണെണ്ണവിളക്കുകളേക്കാൾ അനേകായിരംമടങ്ങു ദോഷമേറിയതാണു് വൈദ്യുതദീപങ്ങളും തൽസംബന്ധമായ പ്രവർത്തനങ്ങളും എലക്ട്രിക്കലൈററുകൾ ദോഷഹീനമെന്നു പാമരദൃഷ്ടി[illegible] തോന്നിയേക്കാം. വൈദ്യുതദീപ[illegible]തിനു [illegible]പുകയോ കരിയോ, ചൂടോ, ഇല്ലെന്നു [illegible] തോന്നുമായിരിക്കാം. പക്ഷെ അതിന്റെ — [illegible]പ്പോൾ കൊള്ളിയുടെ ദോഷഭയങ്കരങ്ങളത്രെ. സൗകര്യം എന്നൊരുഗുണം കഴിച്ചാൽ പിന്നീടുള്ളതെല്ലാം വിപത്തുകളാണു വൈദ്യുതദീപദർശനം ജീവികളുടെ [illegible]വശക്തി, ഓജഃശക്തി, [illegible] മുതലായ ശക്തിവിശേഷങ്ങളെ അ[illegible]നിന്നും വലിച്ചെടുത്തു നശിപ്പിച്ചു[illegible] സകലശക്തികളെയും ആ[illegible]ഷിച്ചു [illegible]പ്പിക്കാൻ എലക്ട്രിക്ക് [illegible]—സ്വാഭാവികത [illegible] എലക്ട്രിസിററിയുടെ [illegible] നശിപ്പിക്ക എന്നൊ[illegible]കടപരപൂർണ്ണമായ വൈദ്യു[illegible]ന്നു ലോകത്തെ ബന്ധിച്ചിരി[illegible] ഉണ്ടാകുന്ന അപ[illegible]ണക്കില്ല. അത്രയുമല്ല [illegible]പും അതുമൂലം നാം വഹ[illegible] അമേരിക്കയിലെ ഒരു പ്ര[illegible]നിർമ്മാണശാലയിലെ [illegible]ഹീനരായി വേ[illegible]ഭവിക്കുന്നതിനാൽ രണ്ടും മൂന്നും വഷ[illegible]മ്പോൾ അവർ പുതിയ [illegible]ലക്കാരെ [illegible]യിക്കേണ്ടതായി വരുന്നു.

സാമ്പത്തികമായി ഇന്നത്തെ മണ്ണെണ്ണയും, എലക്ട്രിക്ക സൂത്രങ്ങളും ഒട്ടുവളരെ നാശംചെയ്യുന്നുണ്ട്. പ്രതിനിമിഷം നമ്മുടെ ഭാരതത്തിൽനിന്നും ലക്ഷക്കണക്കിന ധനം നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. തിരുവിതാംകൂറിൽനിന്നും, പ്രതിദിനം ഇരുപത്തയ്യായിരത്തിൽപരം ഉറുപ്പിക വിദേശിയക്കു ലഭിച്ചുകൊണ്ടിരിക്കുന്നു.

വ്യവസായപരമായി നോക്കുന്നപക്ഷം നമ്മുടെ നഷ്ടം അപരിഹാര്യമായിത്തീർന്നിരിക്കുന്നു. നാട്ടെണ്ണവ്യവസായത്തിന്നു ഉണ്ടായിട്ടുള്ള അധഃപതനത്തിന്റെ പ്രധാനകാരണം മണ്ണെണ്ണയുടെ ഇന്നാട്ടാധിപത്യമാണ്. ഭാരതീയർ നാട്ടെണ്ണകൊണ്ടുമാത്രം വിളക്കെരിക്കുന്നപക്ഷം നമുക്കു നഷ്ടിഭവിച്ച ഒരു വലിയ വ്യവസായം നമുക്കു തിരിച്ചുലഭിക്കും. നാട്ടെണ്ണ വ്യവസായത്തിന്നു പുഷ്ടിവരുന്നപക്ഷം ആ ഒരു സംഗതികൊണ്ടുമാത്രം അനേകലക്ഷം പേർക്കു ജീവിതസൗകര്യം ലഭിക്കുവാൻ ഇടയാവുകയും ചെയ്യും. ഇന്നാകട്ടെ, മണ്ണെണ്ണയുടെ അപ്രതിഹതമായ പ്രവാഹം, നാട്ടെണ്ണവ്യവസായത്തിന്റെ ഉച്ചിയിൽ ഉദകക്രിയചെയ്തു.

നമ്മുടെ പണമായ കൊപ്രായിക്കു വില കുറഞ്ഞുവരുന്നതുമൂലം നാം ക്ഷീണിച്ചുവശായി നമ്മുടെ ആവശ്യത്തിന്നു നമ്മുടെ നാട്ടെണ്ണകൾ ഉപയോഗിച്ചിരുന്നെങ്കിൽ നാളികേരത്തിന്നു ഇത്ര അധഃപതനംഭവിക്കയില്ലായിരുന്നു.

ഇങ്ങനെ നമ്മുടെ രാജ്യം അനേകായിരം വിധങ്ങളിൽ പരാശ്രയജീവിതം നയിക്കുമ്പോൾ "നമ്മെ നമുക്കു നന്നാക്കാമൊ"എന്ന് ആർചിന്തിച്ചാലും അതു് അഭിനന്ദനീയംതന്നെയായിരിക്കാനെ തരമുള്ളു.

ദേശബോധോദ്ദീപകങ്ങളായ ഓരോ സംരംഭങ്ങൾ ഉദയംചെയ്കയും അപ്പഴപ്പോൾ നശിക്കയുംചെയ്തുവരുന്നു. ഒരു നല്ല കാര്യത്തെപ്പററി വിമർശിക്കുമ്പോൾ നമ്മുടെ ആളുകൾ സംഭാഷണയുക്തിയെസമ്മതിക്കുന്നതല്ലാതെ അതുകളെ പ്രയോഗത്തിൽവരുത്തുന്ന വിഷയത്തിൽ ധർമ്മഭീരുക്കളും അലസന്മാരും ക്ഷമാഹീനന്മാരുമായി ഭവിച്ചുപോകുന്നു തുടരുന്ന നല്ല കാര്യം "ആ അതുകൊള്ളാം" എന്നു സമ്മതിച്ചു ആ കാര്യമങ്ങു വിസ്മരിക്കമാത്രമാണു നാം ചെയ്യുന്നതു്. അതു നമ്മുടെ ശീലമാണ്. അതെപ്പററി ചിന്തിക്കയോ പഠിക്കയോ പ്രവൎത്തിക്കയോ ചെയ്യുന്നതിന്നു നാം ശക്തരാകുന്നില്ല. അതു നമ്മുടെ കുററവുമല്ല. ചിരകാല പരിചിതമായ ഒരു 'ശീല'മായിത്തീൎന്നുപോയി. പൊതുജനക്ഷേമത്തെ വളൎത്താവുന്ന കാര്യങ്ങൾക്കു പൊതുജനസഹായം അത്യന്താപേക്ഷിതമത്രേ.


മഹൽകാര്യങ്ങൾക്കു നിരന്തരമായ സ്ഥിരപ്രയത്നം. ഈശ്വരവിശ്വാസം, ത്യാഗംമുതലായ ഗുണവിശേഷങ്ങളുള്ള വ്യക്തികൾക്കു മാത്രമെ സാധിക്കയുള്ളു. നമുക്കു പരിശുദ്ധദീപദർശനംതരുവാൻ തയ്യാറായ ശ്രീമാൻ കടകൽ നാരായണപിള്ള (ആറന്മുള)അവർകൾ ഇതിനകം നമുക്കേവൎക്കും പരിചിതനായിരിക്കും. യഥാൎത്ഥത്തിൽ അദ്ദേഹത്തിന്റെ നാമം ഭാരതിയർക്കു എന്നും മനനംസ്മരിക്കുവാൻ അൎഹമായിഭവിച്ചിരിക്കുന്നു.

ഒരൊന്നാന്തരം ആത്മീയചിന്തകനും, പരിശ്രമിയും, ത്യാഗിയും, വിദ്യാസമ്പന്നനും, ഗതിവിശേഷനിരീക്ഷകനും ആയ അദ്ദേഹം ഒരു വലിയ ആത്മവിശ്വാസിയാണ്. ഗഹനങ്ങളും, ഉദ്ദീപകങ്ങളുമായ വിഷയങ്ങളെപ്പററിയുള്ള മിസ്റ്റർ പിള്ളയുടെ വൈചിത്ര്യചിന്താസരണി ഈ എഴുത്തുകാരനെ പലപ്പോഴും അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇന്നത്തെ പരിശ്രമഫലങ്ങൾ വിസ്തൃതമായ ഒരു നിരീക്ഷണത്തിന്റെ പ്രാരംഭംമാത്രമെ ആകുന്നുള്ളുവെന്നും ഈ ശ്രമം തുടരുന്നപക്ഷം അത്ഭുതകരങ്ങളായ പല നൂതനസംഗതികളെ നമുക്കു ദർശിക്കുവാൻ കഴിയുമെന്നും മററുമുള്ള വിവരങ്ങൾ അദ്ദേഹവുമായി അടുത്തുപെരുമാറുന്ന ഈ എഴുത്തുകാരന്നു ബോദ്ധ്യമാണ്. അദ്ദേഹത്തിന്റെ "കിച്ചൽലൈററ്," ടേബിൾലാംപ്, ഹരിക്കയിൻലാൻടേൻസ്, ടാർച്ചുലൈററ് (ദീപയഷ്ടി) മുതലായ നാട്ടെണ്ണവിളക്കുകൾക്കു തിരിയുടെ ചിലവൊ, തിരിനീട്ടേണ്ട ആവശ്യമൊ ഇല്ലാത്തതും, ഹൃദ്യവും, സുന്ദരവുമായ പ്രകാശം ഉണ്ടാക്കുന്നതും ആണ്. ഇതിനെല്ലാം അദ്ദേഹത്തെ സഹായിച്ചതു് അദ്ദേഹത്തിന്റെ ആത്മവിശ്വാസം ഒന്നുമാത്രമാണ്. ഈ കണ്ടുപിടുത്തം യൂറോപ്പിലായിരുന്നുവെങ്കിൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയേക്കാൾ മെച്ചമായിരുന്നു. നമ്മുടെ നാട്ടുകാർ എല്ലാത്തെയും ഒന്നുപോലെ വീക്ഷിക്കുന്നവരും ഒരേരീതിയിൽ ആലോചിക്കുന്നവരുംആണ്.

വെളിച്ചെണ്ണവിളക്കിന്റെ മാഹാത്മ്യം ഭാരതിയർക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ല. മനസ്സിനെ മോഹിപ്പിക്കുന്നതിന്നു നാട്ടെണ്ണദീപങ്ങൾക്കുള്ള ശക്തി ഭാരതീയർക്കെ അറിഞ്ഞുകൂടു. അതിന്നുതക്ക സുഗമവഴികൾ കണ്ടുപിടിച്ച നാരായണപിള്ള അവർകൾ എക്കാലവും ആരാധ്യൻതന്നെ. അദ്ദേഹത്തിന്റെ ഈ മഹാസംരംഭത്തിൽ ത്രിവിധകരണങ്ങളാലും അദ്ദേഹത്തെ സഹായിക്കേണ്ടതു ഭാരതിയരുടെ കടമയാണ്. അദ്ദേഹത്തിന്റെ ചിത്രലൈററുകൾ ഭാരതീയഭവനങ്ങളിൽ നിത്യാരാധനയിൽ ഉൾപ്പെടട്ടെ; ആ വിളക്കുകളുടെ മനോഹരദീപം ഭാരതിയരുടെ ഹൃദയവേദിയിൽ എന്നുമെന്നും പ്രകാശിക്കട്ടെ.

ഗവണ്മെൻറുകളുടേയും ജനാവലിയുടേയും വേണ്ടപ്പെട്ട സഹായസഹകരണങ്ങൾ അദ്ദേഹത്തിന്നു ലഭിക്കുവാനും അദ്ദേഹത്തിന്റെ പരവേക്ഷണസാമൎത്ഥ്യം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കുവാനും പ്രാൎത്ഥിച്ചുകൊണ്ടു ഈ ലേഖനം ഉപസംഹരിക്കട്ടെ.

---


ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷിൻസുകളും ചുരുങ്ങിയ നിരക്കിൽ ക്ലിപ്തസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർഉഡ്ഡ്, റോയൽ, ഒലിവർ, കൊറോണ, ഡോവർലോക്ക്, എംപയർ എൽ. ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമേഴ്ഷൽ കമ്പനി,
ഉഡ്ഡ്സ്‌റോഡ്,
മദ്രാസ്.



# അ മ ര സാ രം

അഥവാ

പര്യായനാനാർത്ഥബോധിനി.

പ്രസാധകൻ,

പണ്ഡിതർ ടി. കരുണാകരപ്പണിക്കർ.

അമരകോശം ആകെ നിഷ്പ്രയാസം പഠിക്കുന്നതിനും പദാർത്ഥം, നാനാർത്ഥം, പര്യായം മുതലായവ വളരെ വേഗത്തിൽ ഗ്രഹിക്കുന്നതിനും ഈ ഒരു ഗ്രന്ഥം കൈവശമുണ്ടായാൽ മതി. നിങ്ങളുടെ മനസ്സിലുള്ള ഏതൊരാശയത്തേയും വെളിപ്പെടുത്തുന്നതിന്നു പര്യാപ്തമായ പദം കിട്ടണമെങ്കിൽ അമരസാരം നോക്കുക. വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ, വൈദ്യന്മാർ, ലേഖകന്മാർ തുടങ്ങിയവർക്കു എപ്പോഴും ആവശ്യമായി വരുന്ന ഒരു ഗ്രന്ഥമാണ് ഇതു്.

വില ഉറുപ്പിക ഒന്നേകാൽ മാത്രം. (വി. പി. ചാൎജ്ജുപുറമേ.)

ററി. പി. ഇയ്യാക്കു്, ബുക്ക്സെല്ലർ,

P. O. കുന്നംകുളം (കൊച്ചി) എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

N. B പി. എസ്സ്. പണിക്കർ, ബുക്ക്സെല്ലർ, അത്രക്കററി എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാലും ഈ പുസ്തകം കിട്ടുന്നതാണ്.

# പാചകകല.

എസ്സ്. എ. പിള്ള, ചടയമംഗലം.

## രണ്ടാംഭാഗം (തുടൎച്ച)

അടുത്തതായി പ്രസ്താവിക്കുന്നതു തേങ്ങാ ചേരാത്ത കറികളെയാകുന്നു.

(1) മുളകുകക്ഷ്യം — ഇതു വളരെ രുചിയുള്ളതും പത്ഥ്യവുമാകുന്നു. ഇതിൽ, മുളകുകക്ഷ്യം, വറുത്തിട്ട മുളകുകക്ഷ്യം എന്നു രണ്ടു വകയുണ്ടു്. വറുത്തിട്ട മുളകുകക്ഷ്യത്തേക്കാൾ പത്ഥ്യക്കറിയായിരിക്കുന്നതു വെറും മുളകുകക്ഷ്യമാകുന്നു. ഇതിന്റെ നിർമ്മാണത്തിനു വലിയ പ്രയാസമൊന്നുമില്ലെങ്കിലും, വേവിന്റേയും, പാകരീതിയുടേയും ക്രമീകരണത്തിലാണു് ദൃഷ്ടിപതിയേണ്ടതു്. നല്ലമുളകു്, ജീരകം, ഉപ്പു്, അതിന്റെ വേവു് ഇവയിൽനിന്നുമാണു്, രുചിവരുത്തേണ്ടതു് എന്നു പറയാം. അനേകം സസ്യാദികൾ ഇതിനു കഷണമായിഉപയോഗിക്കാമെന്നുവരികിലും, ചേനയും, നേന്ത്രക്കായും പ്രധാനകഷണങ്ങളായി അതിരുചികരങ്ങളായിരിക്കുമെന്നു പ്രത്യേകം അറിയേണ്ടതാകുന്നു. ഇവയിൽ ഓരോന്നും തനിച്ചും കൂട്ടിച്ചേർത്തും കഷണമാക്കിക്കൊള്ളാം.

കൂട്ടമുളകുകക്ഷ്യം. നേന്ത്രക്കായുടേയും ചേനയുടേയും തൊലികളഞ്ഞു് കായ് നടുവേകീറി അര അംഗുലം ഘനത്തിലും, ചേന മുക്കാൽ ഇഞ്ചു് ചതുരത്തിൽ ഘനമായും നുറുക്കിക്കൊള്ളണം. ഇവ ശരിയായി ശുദ്ധിചെയ്തു ശുദ്ധജലത്തിൽ അല്പം മഞ്ഞപ്പൊടിയും ഉപ്പും പാകത്തിനു് നല്ലമുളകുപൊടിയും കഷണവുമിട്ടു് അടച്ചു വേവിക്കണം. ഇതിന്റെ വേവിലാണു ശരിയായ സ്വാദു് അന്തർഭവിച്ചിരിക്കുന്നതു്. തിളച്ചുതുടങ്ങുമ്പോൾ അല്പം ജീരകം നേർമ്മയായി അരച്ചു കലക്കി വീണ്ടും തിളപ്പിക്കണം. അപ്പോൾ അതിൽനിന്നും പതയുണ്ടാകും. ഈ പത തവികൊണ്ടു കോരിക്കളയണം. ഇതു നല്ലമുളകിന്റെ "ചുട്ടഗന്ധം" പോകുന്നതിനും ഒരു മാർഗ്ഗമാകുന്നു. ശരിയായി തിളച്ചാൽ വെള്ളം ഏകദേശം വെള്ളനിറമായി, കൊഴുത്തു്, കഷണവുമായി യോജിച്ചു്, ചുട്ടമണം നിശ്ശേഷം നശിച്ചു്, പാകമായിരിക്കും. ഉടൻതന്നെ അല്പം പച്ചക്കറിവേപ്പില ഇട്ടു്, വെളിച്ചെണ്ണയും ഒഴിച്ചു് അടച്ചു സൂക്ഷിച്ചുകൊള്ളണം. ഏററവും പത്ഥ്യമായ ഈ കറി അത്താഴം ഊണിനു് വളരെ സ്വാദുണ്ടാക്കുന്നതാണു്. ജലദോഷം പിടിപെട്ടു് വലയുന്നവർ ഈ വിധത്തിൽ പാകമാക്കി എടുത്തിട്ടുള്ള മുളകുകക്ഷ്യം രണ്ടുതുടംവീതം രണ്ടോ മൂന്നോ നേരം കുടിച്ചേച്ചാൽ ജലദോഷം പമ്പകടക്കുന്നതാണു്. തമിഴൎക്കു് ഈ മുളകുകക്ഷ്യം ഒരു പ്രധാന ഒഴിച്ചുകൂട്ടുവാനും പാനസാധനവുമാകുന്നു.

വറുത്തിട്ട മുളകുകക്ഷ്യം — പാകരീതി എല്ലാം മേൽപ്രസ്താവിച്ചതുപോലെതന്നെ ഒടുവിൽ വെളിച്ചെണ്ണ ഒഴിക്കുന്നതിനുപകരം അല്പം ചുരണ്ടിയ തേങ്ങായും ഉഴുന്നുപരിപ്പും കടുകും, കരിവേപ്പിലയും ചേർത്തു വെളിച്ചെണ്ണയിൽ കടുകവറുത്തു് ചേർത്തുകൊള്ളണം. ഈജാതി മുളകുകക്ഷ്യത്തിൽ ആവശ്യമുണ്ടെങ്കിൽ അല്പം പുളികൂടി കലക്കി പിഴിഞ്ഞു് അരിച്ചു ചേർക്കാവുന്നതാണു്. പുളിചേർക്കുന്നപക്ഷം തിളച്ചു് വേവു് പകുതി ആകുമ്പോൾ ആയിരിക്കണം. അല്ലെങ്കിൽ കഷണം ശരിയായി വെന്തുകിട്ടുകയില്ല. എല്ലാത്തരം മുളകുകക്ഷ്യങ്ങൾക്കും മഞ്ഞളും ജീരകവും, നല്ലമുളകും, പൊടിക്കുന്നതിനുപകരം അരച്ചുകലക്കുകയുംചെയ്യാവുന്നതാണു്. ഇതുമൂലം രുചിക്കു വ്യത്യാസമൊന്നുംവരികയുമില്ല.

അടുക്കളമുളകുകക്ഷ്യം മലയാളബ്രാഹ്മണാലയങ്ങളിലാണു ഇതിന്റെ പ്രചാരംകാണുന്നതു്. ഇതിനു രുചിയും വളരെ കൂടുതൽതന്നെ. ഇതിന്റെ കഷണത്തിനു് പറയത്തക്ക വ്യവസ്ഥയൊന്നുമില്ലെങ്കിലും മുരിങ്ങയ്ക്കാ, വാഴയ്ക്കാ, ചുണ്ടയ്ക്കാ, കാച്ചിൽ, ചേന, വഴുതനങ്ങാ, ഇവ എല്ലാം ഒന്നിച്ചു ചേർത്തോ, ഏതാനുംഎണ്ണം കൂട്ടിച്ചേർത്തോ പാകപ്പെടുത്തുന്നതു നന്നായിരിക്കും. പാകം മുൻപറഞ്ഞ മുളകുകക്ഷ്യത്തിന്റേതുപോലെതന്നെ. വെളിച്ചെണ്ണയും കറിവേപ്പിലയും പച്ചയായി ചേർക്കുകയല്ലാതെ വറുത്തിട്ടുകൂടാ എന്നുമാത്രം ഒരു വ്യത്യാസമാണിതിന്റെ പാകരീതിയിൽ ഉള്ളതു്.

അടുക്കള മുളകുകക്ഷ്യം (നമ്പർ 2) നല്ലതുപോലെ വിളഞ്ഞുപഴക്കാൻ ആരംഭിച്ചിട്ടുള്ള നേന്ത്രക്കാ ഏത്തൻ) എണ്ണം ഒന്നു്, ശരിയായി വിളഞ്ഞുപാകമായ മുരിങ്ങക്കാഎണ്ണം 2; ചക്കച്ചുള എണ്ണം പതിനഞ്ചു്; പഴക്കാറായ പുളിയുള്ള നാട്ടുമാങ്ങാ ഒന്നു്; ഇവയാണിതിന്റെ പ്രധാന കഷണങ്ങൾ. ഈ തോതു മനസ്സിൽ വച്ചുകൊണ്ടു് ഇതേക്രമത്തിലും പരിമാണത്തിലും സാധനങ്ങൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തുകൊള്ളാവുന്നതാണു്. ഇതിൽ നേന്ത്രക്കാ തൊലിയോടുകൂടി രണ്ടായികീറി അര അംഗുലം ഘനത്തിൽ അല്പം ചരിച്ചും, മുരിങ്ങക്കാ ഒരംഗുലം നീളത്തിലും നുറുക്കുക. ചക്കക്കുരു രണ്ടുതൊലിയും (പുറമെയുള്ള കനത്തതൊലിയും അകത്തു കുരുവിനോടു ചേർന്നിരിക്കുന്ന ചെന്തൊലിയും) കളഞ്ഞു് നടുവെ രണ്ടായും, മാങ്ങാ അണ്ടിപോക്കി എട്ടോ പത്തോ ആയും നുറുക്കിക്കൊൾക. ഇവ സാമാന്യശുദ്ധിചെയ്തു അല്പം മഞ്ഞളും ഒന്നോ രണ്ടോ മുളകുവററലും, ശേഷം നല്ലമുളകും അല്പം ജീരകവുംകൂടി അരച്ചു ശുദ്ധജലത്തിൽ കലക്കി പാകത്തിനു ഉപ്പുംചേർത്തു കഷണംഇട്ടു തിളച്ചു കുറുകുമ്പോൾ വാങ്ങി വെളിച്ചെണ്ണയും കരിവേപ്പിലയും പച്ചയായി ചേർത്തു ഇളക്കിക്കൊള്ളേണ്ടതാകുന്നു.

മുളകുകക്ഷ്യങ്ങളുടെ പാകത്തിൽ കഷണങ്ങളും മററും വേകുവാനുള്ളതിൽ അല്പം കൂടുതലായി വെള്ളം ആദ്യംതന്നെ ചേർത്തെങ്കിലേ പാകത്തിനു വററി കൊഴുക്കുമ്പോൾ കഷണങ്ങളുടെ വേവു് ക്രമമാവുകയും സ്വാദു് ഉണ്ടാവുകയും ചെയ്യുകയുള്ളു. ഇവ ചൂടോടുകൂടി ഉപയോഗിക്കേണ്ടവയാകയാൽ പാകമാക്കിക്കഴിഞ്ഞാൽ ഉപയോഗസമയംവരെ അടുപ്പിൽതന്നെ അല്പം കനൽതീയിൽ അടച്ചു സൂക്ഷിച്ചുകൊള്ളുന്നതു ഉചിതമായിരിക്കും.

ഓലൻ — ഇതു ശുദ്ധമലയാളപാചകരീതിയിൽ ഉൾപ്പെടുന്നതും "കാളനെ" അനുകരിക്കുന്നതുമായ ഒരു നല്ല കറിയാകുന്നു.

ഇളയ കുമ്പളങ്ങായും വഴുതനങ്ങായും പെരുംപയറും ആണു ശരിയായ ഒരു ഓലന്റെ കഷണയോഗങ്ങൾ. വേണമെങ്കിൽ ഇതോടുകൂടി ഇളയ മത്തങ്ങായുംകൂടി ചേർക്കാവുന്നതാണു് ഇതു (മത്തങ്ങാചേർക്കുന്നതു) ഓലന്റെ ശരിയായ യോഗ്യതയെ നശിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമായിട്ടാണു നല്ല പാചകന്മാർ അഭിപ്രായപ്പെടുന്നതു് മത്തങ്ങാ വേകുമ്പോൾ ഉടഞ്ഞുചേർന്നുപോകുന്നു. അതു പൊതുവേ രുചിക്കുറവിനുതന്നെയാണു കാരണമാകുന്നതു. മത്തങ്ങാ, കുമ്പളങ്ങാ, ഇവയുടെ തൊലയും കുടലുംപോക്കി (ചേർക്കുന്നപക്ഷംമാത്രം) ഒരു വിരൽക്കിടവീതി, രണ്ടിഞ്ചുനീളം രണ്ടു നെല്ലിട ഘനമെന്നുള്ള തോതിലും, വഴുതനങ്ങാ ഞെട്ടോടുകൂടി നാലായികീറി രണ്ടിഞ്ചുനീളത്തിലും, പിഞ്ചു പച്ചമുളകു നടുവേകീറിയും കഷണമാക്കി സാമാന്യശുദ്ധിചെയ്തുകൊള്ളണം

കുറെ നല്ല പെരുമ്പയറു് ഓലൻ പാകം ചെയ്യുന്നതിനു് ആവശ്യമുള്ള വെള്ളത്തിൽ ഇട്ടു് അടുപ്പിൽവച്ചു വെന്തുതുടങ്ങുമ്പോൾ ശുദ്ധിചെയ്തു വച്ചിട്ടുള്ള കഷണങ്ങൾ അതിൽതട്ടിപാകത്തിനു ഉപ്പുംചേർത്തു അടച്ചു വേവിക്കണം. നല്ലതുപോലെ തിളച്ചു വേകുമ്പോൾ കഷണങ്ങൾ കലങ്ങിപ്പോകാതെ സാവധാനത്തിൽ ഇളക്കിക്കൊള്ളേണ്ടതു അത്യാവശ്യമാണു് നല്ലതുപോലെ വെന്തു കഷണവും വെള്ളവുമായി യോജിക്കുമ്പോൾ അല്പം തേങ്ങാപ്പാൽ ഒഴിച്ചു ഇളക്കി പച്ചവെളിച്ചെണ്ണയും പച്ചക്കറിവേപ്പിലയും ഇട്ടടച്ചു് തീയ് കെടുത്തിക്കളയണം. പിന്നീടു് കനൽതീമതിയാകും. ഇതിന്റെ ചൂടു് ആറി ഉപയോഗിക്കുന്നതു നന്നല്ല. അടുപ്പിൽനിന്നുതന്നെ കോരി വിളമ്പി ഉപയോഗിക്കുന്നതു് ഉത്തമമാകുന്നു. കാളനും മോരുംകൂട്ടി ഊണുകഴിക്കുമ്പോഴാണു് ഓലന്റെ അത്യാവശ്യം നേരിടുന്നതു്. ഇതു നിർദ്ദോഷവും രുചികരവുമായ ഒരു കൂട്ടുവാൻ ആകുന്നു. ഇളയ മത്തങ്ങാമാത്രം മുക്കാൽപാകു് വേവിച്ചു് ഓലൻ ഉണ്ടാക്കാറുണ്ടു്.

ഓലൻ 2. പടവലങ്ങാ വട്ടത്തിൽ നുറുക്കി പച്ചമുളകുംചേർത്തു തേങ്ങാപ്പാലുംവീഴ്ത്തി നിഷ്പ്രയാസമായി ശീഘ്രതയിൽ ഉണ്ടാക്കാറുള്ള ഓലൻ സാധാരണയുള്ള നിത്യഭക്ഷണത്തിനു് പ്രത്യേകം രുചിപ്രദമാകുന്നു. എന്നാൽ ഇതു വളരെ കുറഞ്ഞമാത്രയിൽ (രണ്ടു മൂന്നുപേരുടെ ഉപയോഗത്തിനുമാത്രം) ചെയ്തുകൊള്ളേണ്ടതാകുന്നു.

പുളിങ്കറി 1. വെന്താൽ കൊഴുപ്പുവരുന്ന സാധനങ്ങൾ ഇതിനു കഷണമാക്കാവുന്ന

താണു്. കാച്ചിൽ, നേന്ത്രക്കാ, വഴുതനങ്ങാ, ചേമ്പു്, പഴുത്തമത്തങ്ങാ, ചേന, കത്തിരിക്കാ, ഇവ ഇതിലേക്കു പ്രധാനങ്ങളാണു്. പച്ചമുളകും ഇഷ്ടാനുസരണം കഷണമാക്കിവരുന്നുണ്ടു്. ഇവയെല്ലാംകൂടി മിശ്രമാക്കിയോ, മുമ്മൂന്നോ ഈരണ്ടോ ഇനങ്ങളായോ, ഓരോ ഇനം തനച്ചോ മുളകുകഷ്യത്തിനെന്നപോലെ നുറുക്കി ശുദ്ധിചെയ്തു് വററൽമുളകു്, മഞ്ഞൾ, വററൽമുളകിൻെറ പകുതി അളവിനു് കുരുമുളകു് (നല്ലമുളകു്) ഇവ പൊടിച്ചോ അരച്ചോ ചേൎത്തു വെള്ളത്തിൽ കഷണം ഇട്ടു തിളയ്ക്കുമ്പോൾ പാകത്തിനു് ഉപ്പും പുളിയും ചേൎത്തു വെന്തുകൊഴുത്താൽ വാങ്ങി കടുകും മുളകും കറിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തു ചൂടോടുകൂടിഉപയോഗിക്കേണ്ടതാകുന്നു പുളിങ്കറി പഴഞ്ചോറിനു് ഒരു പ്രധാനകറിയാണെന്നു് അഭിപ്രായമുണ്ടു്.

പുളിങ്കറി 2. മേൽക്കാണിച്ചിരിക്കുന്ന കഷണങ്ങൾ ഇതിനു യോഗ്യംതന്നെ അവ ഉപ്പും മഞ്ഞളും ചേൎത്തു ശുദ്ധജലത്തിൽ തിളപ്പിച്ചു് പുളിയും പിഴിഞ്ഞരിച്ചുചേൎത്തു് അല്പംകൂടി വററിക്കണം കല്ലുപോക്കിയെടുത്തിട്ടുള്ള അല്പം അരിയും (പുഴുക്കലരി) നല്ലമുളകും, മുളകുവററലും, ഉലുവായും, മല്ലിയും, എണ്ണപിരട്ടാതെ പ്രത്യേകം പ്രത്യേകം വറുത്തു് ഒന്നിച്ചുചേൎത്തു നല്ലതുപോലെ പൊടിച്ചു ആ പൊടി കൊഴുപ്പിൻേറയും എരിവിൻേറയും ആവശ്യംപോലെ പുളിങ്കറിയിൽ ഇട്ടു് കടുകും, കറിവേപ്പിലയും കൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് അല്പം കായംകലക്കി അതോടു യോജിപ്പിച്ചു പച്ചക്കൊത്തമല്ലിയും ഇട്ടു് ഉപയോഗിക്കാം. വളരെ നന്നായിരിക്കും.

പുളിങ്കറി 3. "എമ്പ്രാൻ പുളിങ്കറി" എന്നുകൂടി അഭിധാനം ലഭിച്ചിട്ടുള്ള ഇതിൻെറയും കഷണങ്ങൾ മുൻപറഞ്ഞവതന്നെ. കഷണങ്ങൾ, മഞ്ഞളും, പാകത്തിനു ഉപ്പും ചേൎത്തു തിളയ്ക്കുമ്പോൾ പുളി ക്രമത്തിനു് പിഴിഞ്ഞുചേൎത്തു വീണ്ടും തിളപ്പിക്കുക.-

തേങ്ങാചുരണ്ടി അതിൽ പകുതി തേങ്ങയും വററൽമുളകും മല്ലിയും പ്രത്യേകം വറുത്തും, ശേഷം പകുതി തേങ്ങായും ജീരകവും കറിവേപ്പിലയും പച്ചയായും എടുത്തു് അധികം നേൎമ്മയാകാതെ അരച്ചുകലക്കി ഒഴിച്ചു് ഒന്നുകൂടി തിളപ്പിച്ചു്, കടുകും, മുളകും പച്ചക്കറിവേപ്പിലയും വെളിച്ചെണ്ണയിൽ ഇട്ടു് കടുകുവറുത്തു പുളിങ്കറി അതിൽ വീഴ്ത്തി ഇളക്കിക്കൊള്ളണം. ഇതിൽ ആവശ്യമെന്നു തോന്നുന്നുവെങ്കിൽ അല്പം ശൎക്കരകൂടി ചേൎത്തു പാകപ്പെടുത്തിക്കൊള്ളാവുന്നതാണു്.

എല്ലാ പുളിങ്കറികൾക്കും കഷണം നല്ലതുപോലെ വെന്തുടഞ്ഞു ജലത്തിൽ അല്പമായി യോജിച്ചെങ്കിൽമാത്രമേ ശരിയായ സ്വാദു് ഉണ്ടാവുകയുള്ളൂ

പുളിവെള്ളം — നല്ല പഴംപുളി ശുദ്ധജലത്തിൽ കലക്കി അരിച്ചു പാകത്തിനു ഉപ്പും പൊടിച്ചിട്ടുള്ള അല്പം നല്ലമുളകും ചേൎത്തു അടുപ്പിൽവച്ചു വളരെനേരം തിളപ്പിക്കണം പുളിയുടേയും നല്ലമുളകിൻേറയും പച്ചസ്വാദു് തീരെ നശിക്കണം. പിന്നീടു ഇതിൽ മുരുക്കുംവററലും, പാണ്ടിച്ചുണ്ടയ്ക്കാവററലും വെളിച്ചെണ്ണയിൽ വറുത്തിട്ടു വീണ്ടും തിളപ്പിക്കണം. അനന്തരം കടുകും, കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു ചേൎത്തു ഇളക്കിക്കൊള്ളുകയും വേണം.

ഉപ്പും പുളിയുംമാത്രം കലക്കിതിളപ്പിച്ചു് (ശരിയായി തിളച്ചുവേണം) വററൽമുളകും കടുകും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ കൂട്ടി കടുകുവറുത്തും ഉപയോഗിക്കാവുന്നതാണു് ഇതു അധികമായി ഉപയോഗിക്കുന്നതു് (അപഥ്യം) നന്നല്ല. ദ്രാവിഡദേശത്തു ഇതിനു് "മാടൽകുഴമ്പു്" എന്നു വിളിച്ചുവരുന്നതു എന്തുകൊണ്ടാണെന്നു അറിയുന്നില്ല.

പുളിങ്കറി 5. പുളിവെള്ളത്തിനു പറഞ്ഞതുപോലെ പുളിയും ഉപ്പും കലക്കി നല്ലതുപോലെ തിളച്ചു വെന്തുകഴിഞ്ഞാൽ ചുവന്നുള്ളി അരിഞ്ഞു കടുകും, നല്ലമുളകും കറിവേപ്പിലയും ചേൎത്തു വെളിച്ചെണ്ണയിൽ കടുകുവറുത്താൽ ഒരു നല്ല പുളിങ്കറിയായി. ഇതു രുചിപ്രദവും ദഹനകരവുമത്രേ. (തുടരും)

---


## അഭിജ്ഞാനശാകുന്തളം.

സ വ്യാ ഖ്യാ ന ം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

## CHAIRMAN:- K. C. PANDALA B. Sc. (LOND.)

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

or to the

**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS**

**C. KRISHNA MENON M.A.**
**MANAGER ALLEPPEY.**

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ എറണാകുളം

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ | | | |
| വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിന്ന് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ | | | |
| കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവ്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരസ്ലിണി മുഴുകാലിക്കോബയന്റ് | 1 | 0 | 0 |
| സാധാരണബയന്റ്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്ക്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ | | | |
| സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം | | | |
| സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---


ശ്രീരാമവിലാസം പ്രസ്സിനോട് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ— കൊല്ലം

THE MALAYALA RAJYAM

4th FEBRU. 1935. CHITRAVARIKA. Vol. VII No 22

# ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

## ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

### അനവധി സർട്ടിഫിക്കേറ്റുകൾ ലഭിച്ച ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിസ്രുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിനു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണ് മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളുമൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിൻെറ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിൻെറ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്മയാലുള്ള വൈഷമ്യവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തൻെറ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു

വില രൂപാ 2.

(അഞ്ചൽകൂലി പുറമെ.)

## പിത്തകുലാന്തകൻ.

### പിത്തരോഗികൾക്ക് ഒരു വലിയ അനുഗ്രഹം.



അതിദാഹം, ശരീരത്തിൻെറ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിൻെറ മഞ്ഞളിപ്പ്, മലക്കം, ഹൃദയത്തിൻെറ അസ്വാസ്ഥ്യം, ശരീരത്തിൻെറ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളർച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു

വില രൂപാ 2.

## മഹാതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി. പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശ് (തപാലിൽ ച ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.